32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 29, 2024 | Vol. XXXII No. 13 | Periodicals Postage Paid

4 സ്വന്തം നിലയ്ക്ക് പണം കണ്ടെത്തണം

6 സാമ്പത്തികമായി തകർക്കാൻ നീക്കം: കോൺഗ്രസ്

7 ബോണ്ടിംഗ് ഫാമിലീസ് ഉദ്ഘാടനം ചെയ്തു

9 പാട്ടുത്സവം കിക്കോഫിന് ഗംഭീര തുടക്കം

10 കോട്ടയത്ത് ഇടത്തും വലത്തും കേരളാ കോൺഗ്രസ്

## ഈസ്റ്റർ ആശംസകൾ



മരണത്തെ ജയിച്ച് ലോകത്തിനു പ്രത്യാശയും സമാധാനവും നൽകിയ യേശുവിന്റെ പുനരുത്ഥാനസ്മരണ ലോകമെങ്ങും ആഘോഷിക്കുന്ന ഈ വേളയിൽ കേരളാ എക്സ്പ്രസ്സിന്റെ എല്ലാ മാന്യവായനക്കാർക്കും പ്രത്യാശയുടെ ഈസ്റ്റർ ആശംസിക്കുന്നു.

# രാഷ്ട്രപതിക്കെതിരെ കേരളവും കർണാടകയും സുപ്രീംകോടതിയിൽ

ന്യൂഡൽഹി: കേരളാ ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ച ഏഴു ബില്ലുകളിൽ നാലെണ്ണത്തിൽ തീരുമാനം വൈകിക്കുന്ന നടപടിക്കെതിരെ കേരളം സുപ്രീംകോടതിയെ സമീപിച്ചു. രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് ഗവർണർ ബിൽ അയച്ചതിനെയും ഭരണഘടനയുടെ 32-ാം അനുച്ഛേദപ്രകാരം സമർപ്പിച്ച റിട്ട് ഹർജിയിൽ കേരളം ചോദ്യം ചെയ്തു. സംസ്ഥാന-കേന്ദ്ര വിഷയമല്ലാത്തതിനാൽ ഈ ബില്ലുകളിൽ രാഷ്ട്രപതിയുടെ പരിശോധന ആവശ്യമില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാന സർവകലാശാല, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി ബന്ധപ്പെട്ട ബില്ലുകളാണിവ.

നിയമസഭ ബില്ലുകൾ പാസാക്കിയതിനുശേഷം തീരുമാനമെടുക്കാതെ ഗവർണർ മാസങ്ങളോളം പിടിച്ചുവെച്ചു. ഏഴു മാസം മുതൽ 24 മാസം വരെ ബില്ലുകൾ തടഞ്ഞു. നേരത്തെ ഗവർണറുടെ നടപടി ചോദ്യം ചെയ്തു കേരളം സുപ്രീംകോടതിയെ സമീപിച്ചിരുന്നു. വിഷയത്തിൽ സുപ്രീംകോടതി നോട്ടീസ് അയച്ചതോടെ ഗവർണർ ഈ ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി അയച്ചു.

ഫെബ്രുവരി 29-ന് ഏഴു ബില്ലുകളിൽ മൂന്നെണ്ണത്തിന് രാഷ്ട്രപതി അംഗീകാരം നൽകി. എന്നാൽ യൂണിവേഴ്സിറ്റി നിയമഭേദഗതി ബിൽ (മൂന്നെണ്ണം), കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭേദഗതി ബിൽ എന്നിവയാണ് തടഞ്ഞുവെച്ചത്.

രാഷ്ട്രപതിയുടെ സെക്രട്ടറിയെ കക്ഷിചേർത്തുകൊണ്ടാണ് സംസ്ഥാന ചീഫ് സെക്രട്ടറിയും ടി.പി. രാമകൃഷ്ണൻ എംഎൽഎയും സുപ്രീംകോടതിയെ സമീപിച്ചത്. രാഷ്ട്രപതിയെ ഉപദേശിക്കുന്ന കേന്ദ്രസർക്കാർ നടപടി തെറ്റാണെന്നും ഭരണഘടനയുടെ 14, 200, 201 അനുച്ഛേദങ്ങളുടെ ലംഘനമാണെന്നും ഹർജിയിൽ പറയുന്നു. കേരളത്തിനുവേണ്ടി സ്റ്റാൻഡിംഗ് കോൺസൽ സി.കെ. ശശിയാണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. അതിനിടെ, കേരളത്തിനു പിന്നാലെ കർണാടകയും കേന്ദ്രസർക്കാരിനെതിരെ സുപ്രീംകോടതിയെ സമീപിച്ചു. (ശേഷം 24-ാം പേജിൽ)

### ഡൽഹി മദ്യനയ കേസ്:

# ഇഡി കസ്റ്റഡിയിലും ഭരണം നിയന്ത്രിച്ച് കെജ്‌രിവാൾ

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി കൺവീനറുമായ അരവിന്ദ് കെജ്‌രിവാളിനെ മാർച്ച് 21-ന് രാത്രി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) അറസ്റ്റ് ചെയ്തു. ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന ഇഡി സമൻസിന്റെ പശ്ചാത്തലത്തിൽ, അറസ്റ്റ് ഉൾപ്പെടെയുള്ള കടുത്ത നടപടികളിൽ നിന്ന് സംരക്ഷണം തേടി കെജ്‌രിവാൾ നല്കിയ ഹർജി ഡൽഹി ഹൈക്കോടതി നിരാകരിച്ച് മണിക്കൂറുകൾക്കുള്ളിലായിരുന്നു അറസ്റ്റ്. ഡൽഹി റൗസ് അവന്യൂവിലെ പ്രത്യേക കോടതി മാർച്ച് 28 വരെ അദ്ദേഹത്തെ ഇഡി കസ്റ്റഡിയിൽ വിട്ടു. നേരത്തെ കെജ്‌രിവാളിന്റെ അറസ്റ്റിനെ തുടർന്ന് ഡൽഹിയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നു.

ഡൽഹിയിൽ കെജ്‌രിവാളിന്റെ വസതിയിലെത്തി പ്രാഥമിക ചോദ്യം ചെയ്യലിനു ശേഷമാണ് പ്രതിപക്ഷ സഖ്യമായ ഇന്ത്യ മുന്നണിയിലെ പ്രമുഖനെ രാത്രി ഒൻപതോടെ അറസ്റ്റ് ചെയ്തത്. 12 അംഗ ഇഡി സംഘമാണ് സെർച്ച് വാറന്റുമായെത്തിയത്. ഇതിനു മുന്നോടിയായി വസതിക്കു മുന്നിൽ ദ്രുതകർമ്മ സേനയെ ഉൾപ്പെടെ വിന്യസിച്ച് കനത്ത സുരക്ഷ ഏർപ്പെടുത്തിയിരുന്നു. വിവരമറിഞ്ഞ് നൂറുകണക്കിന് ആം ആദ്മി പ്രവർത്തകർ വസതിക്കു മുന്നിൽ തടിച്ചുകൂടി. അറസ്റ്റ് വാർത്ത പുറത്തുവന്നതോടെ പ്രവർത്തകർ റോഡ് ഉപരോധിച്ചു. ഇവരെ അറസ്റ്റ് ചെയ്തു നീക്കിയെങ്കിലും കൂടുതൽ പ്രവർത്തകരെത്തിയതോടെ സ്ഥിതി സംഘർഷഭരിതമായി. പുതിയ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡൽഹിയിലെ ബിജെപി ആസ്ഥാനത്തിനും ഇഡിയുടെ ഓഫീസിനും സുരക്ഷ വർദ്ധിപ്പിച്ചു.



സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അറസ്റ്റിലാകുന്ന ആദ്യമുഖ്യമന്ത്രിയാണ് കെജ്‌രിവാൾ. മോദി സർക്കാരിന്റെ ഭീഷണികളെ ഭയക്കുന്നില്ലെന്നും കെജ്‌രിവാൾ ജയിൽവാസം അനുഷ്ഠിച്ച് ഡൽഹിഭരണം നിയന്ത്രിക്കുമെന്നും ആം ആദ്മി പാർട്ടി പ്രഖ്യാപിച്ചു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കസ്റ്റഡിയിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാൾ ജയിലിൽനിന്ന് ആദ്യ ഉത്തരവ് ഇറക്കി. ഇന്ത്യാതലസ്ഥാനത്തെ കുടിവെള്ളവിതരണം സംബന്ധിച്ച് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി അതിഷിക്ക് കുറിപ്പായി നൽകിയാണ് ഉത്തരവിറക്കിയത്. ഇഡി കസ്റ്റഡിയിലിരിക്കെ മുഖ്യമന്ത്രിയുടെ ആദ്യ ഉത്തരവ് വായിച്ചപ്പോൾ കരച്ചിൽ വന്നതായി മന്ത്രി അതിഷി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

"കേജ്‌രിവാളിന്റെ ഉത്തരവ് കിട്ടിയപ്പോൾ കരച്ചിൽ വന്നു. ലോക്കപ്പിൽ ഇരുന്നും ആ വ്യക്തി ഡൽഹി നിവാസികളെക്കുറിച്ചാണ് ചിന്തിക്കുന്നത്.

(ശേഷം 24-ാം പേജിൽ)

# വയനാട്ടിൽ രാഹുലിനെ നേരിടാൻ സുരേന്ദ്രൻ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള അഞ്ചാംഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ച് ബിജെപി. 111 പേരടങ്ങുന്ന സ്ഥാനാർത്ഥി പട്ടികയാണ് പ്രഖ്യാപിച്ചത്. വയനാട്ടിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ മത്സരിക്കും.



കെ. സുരേന്ദ്രൻ



രാഹുൽ ഗാന്ധി

ആലത്തൂരിൽ ഡോ. ടി.എൻ. സരസു, എറണാകുളത്ത് ഡോ. കെ.എസ്. രാധാകൃഷ്ണൻ, കൊല്ലത്ത് ജി. കൃഷ്ണകുമാർ എന്നിവരാണ് സ്ഥാനാർത്ഥികൾ.

ഇതോടെ, കേരളത്തിലെ എൻഡിഎ സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായി. രാഹുൽ ഗാന്ധിയുടെ മണ്ഡലത്തിൽ ശക്തമായ മത്സരം വേണമെന്ന കേന്ദ്ര തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന അധ്യക്ഷനെ തന്നെ വയനാട്ടിൽ മത്സരിപ്പിക്കുന്നത്. ഇത്തവണ മത്സരിക്കാനില്ല എന്ന നിലപാടിലായിരുന്നു സുരേന്ദ്രൻ.

അതേസമയം, ബോളിവുഡ് താരം കങ്കണാ റണൗട്ട്, രാമായണം പരമ്പരയിൽ ശ്രീരാമനെ അവതരിപ്പിച്ച അരുൺ ഗോവിൽ എന്നിവരും പട്ടികയിൽ ഇടംനേടി. കങ്കണ ഹിമാചലിലെ മാണ്ഡിയിൽനിന്നും ഗോവിൽ യുപിയിലെ മീററ്റിൽനിന്നുമായിരിക്കും ജനവിധി തേടുക. ബിജെപി നേതൃത്വത്തിന്റെ കണ്ണിൽ കരടായ വരുൺ ഗാന്ധിയെ തഴഞ്ഞെങ്കിലും അമ്മ മനേകയ്ക്ക് സിറ്റിങ് സീറ്റായ സുൽത്താൻപുർ സീറ്റ് അനുവദിച്ചു. വരുണിന്റെ സിറ്റിങ് സീറ്റ് (ശേഷം 24-ാം പേജിൽ)

Visit Our Website: www.keralaexpress.com


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


Michael Crifase
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters
Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Michael Crifase and Steven Crifase
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511,
Fax: (312) 855- 0537
A+ Rating
Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence
2018

### തെരഞ്ഞെടുപ്പ് ബോണ്ട്:

# അന്വേഷണം വേണം കോൺഗ്രസ്

ന്യൂഡൽഹി: തെരഞ്ഞെടുപ്പു ബോണ്ട് വിഷയത്തിൽ സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം വേണമെന്ന് കോൺഗ്രസ്. ബാങ്കിങ് സംവിധാനത്തിലൂടെ മുൻകൂറായും അല്ലാതെയും റെയ്ഡിനു പിന്നാലെയും ഷെൽ കമ്പനികൾ വഴിയും എന്ന ക്രമത്തിൽ കോഴ ഉറപ്പുവരുത്തുന്നതാണ് ദുരൂഹമായ തെരഞ്ഞെടുപ്പുബോണ്ട് പദ്ധതിയെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയറാം രമേഷ് പത്രസമ്മേളനത്തിൽ പറഞ്ഞു.

കള്ളപ്പണം തിരിച്ചുപിടിക്കുമെന്ന് ഉറപ്പുനൽകിയ പ്രധാനമന്ത്രി നരേന്ദ്ര മോദി പകരം അഴിമതിക്ക് നിയമപരിരക്ഷ ഉറപ്പാക്കുകയാണ് ചെയ്തത്. എന്നിട്ട് അത് മനഃപൂർവം മറച്ചുപിടിക്കാനും ശ്രമിക്കുന്നു. 15 സെക്കൻഡുകൊണ്ട് രാഷ്ട്രീയപ്പാർട്ടികൾക്ക് സംഭാവന നൽകിയവരെ കണ്ടെത്തുന്നതിനുള്ള പ്രത്യേക കോഡ് ജയറാം രമേഷ് പുറത്തുവിട്ടു. ഡേറ്റ കണ്ടെത്തി നൽകാൻ മാസങ്ങളെടുക്കുമെന്ന എസ്ബിഐ വാദം പരിഹാസ്യമാണെന്ന് അദ്ദേഹം ആരോപിച്ചു.

കേന്ദ്രത്തിലും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലുമായി 179 സുപ്രധാന പദ്ധതിക്കരാറുകളാണ് ഇലക്ടറൽ ബോണ്ടുകൾ നൽകിയ 38 കോർപ്പറേറ്റ് ഗ്രൂപ്പുകൾ സ്വന്തമാക്കിയത്. പുതിയ കോഡ് വഴിയാണ് ഈ കണ്ടെത്തൽ നടത്തിയത്. ബിജെപിക്ക് 2004 കോടി രൂപ ഇലക്ടറൽ ബോണ്ടിനത്തിൽ സംഭാവന നൽകിയതിലൂടെ 3.8 ലക്ഷം കോടി രൂപ വിലമതിക്കുന്ന പദ്ധതികളും കരാറുകളുമാണ് ഈ കമ്പനികൾ സ്വന്തമാക്കിയത്.

ഇന്ത്യമുന്നണി അധികാരത്തിലെത്തിയാൽ ഇലക്ടറൽ ബോണ്ട് പ്രത്യേക അന്വേഷണസംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കും. പി.എം. കെയർ ഫണ്ടിനെക്കുറിച്ചും അന്വേഷണം നടത്തും. അദാനി വിഷയത്തിൽ അന്വേഷണത്തിന് സംയുക്ത പാർലമെന്ററി സമിതിയെ നിയോഗിക്കും.

ഇഡി, സിബിഐ, ആദായനികുതി വകുപ്പ് എന്നിവയുടേതായി 56 റെയ്ഡുകളെ നേരിടേണ്ടി വന്ന 41 കോർപറേറ്റ് ഗ്രൂപ്പുകൾ റെയ്ഡിനുശേഷംമാത്രം 1853 കോടി രൂപ ബിജെപിക്ക് നൽകി. മൊത്തം 2592 കോടി രൂപയാണ് ഈ കമ്പനികൾ നൽകിയതെന്നും ജയറാം രമേഷ് ചൂണ്ടിക്കാട്ടി.

## കോൺഗ്രസിന് പണമില്ല; സ്ഥാനാർത്ഥികൾ സ്വന്തം നിലയ്ക്ക് പണം കണ്ടെത്തണം

കോട്ടയം: സാമ്പത്തിക ബുദ്ധിമുട്ട് കാരണം ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണം വെട്ടിച്ചുരുക്കാൻ കോൺഗ്രസ് തീരുമാനം. ആദായനികുതി വകുപ്പ് പാർട്ടിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച സാഹചര്യത്തിൽ ദേശീയ നേതാക്കളുടെ അടക്കം യാത്ര ചെലവ് പ്രതിസന്ധിയിലായിരിക്കുകയാണ്. ഇത് കണക്കിലെടുത്ത് സംസ്ഥാനങ്ങളിൽ ദേശീയനേതാക്കളുടെ പ്രചാരണം ചുരുക്കും. പിസിസികളും സ്ഥാനാർത്ഥികളും സ്വന്തം നിലയ്ക്ക് പണം കണ്ടെത്തണമെന്നാണ് ദേശീയ നേതൃത്വത്തിന്റെ നിർദേശം.

കേരളത്തിൽ പാർട്ടി വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും പ്രചാരണത്തിൽ അടക്കം ഇത് ബാധിച്ചിട്ടുണ്ടെന്നും കെപിസിസി വൈസ് പ്രസിഡണ്ട് വി.ടി. ബൽറാം പറഞ്ഞു. ഇതുവരെയും എഐസിസി പണം നൽകിയിട്ടില്ല. സ്ഥാനാർത്ഥികൾക്ക് കെപിസിസിയും പണം നൽകിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാവും പിസിസി അധ്യക്ഷനും നയിച്ച സമരാഗ്നിയിൽ നിന്നും പിരിച്ചെടുത്ത പണം കൊണ്ട് കാര്യങ്ങൾ ഒരുവിധം ഒപ്പിക്കാനാകുമെന്നാണ് നേതാക്കൾ കരുതുന്നത്. ഭൂരിപക്ഷം സീറ്റുകളിലും സിറ്റിങ് എംപിമാർ തന്നെ മത്സരിക്കുന്നതിനാൽ പണം കണ്ടെത്താനുള്ള സ്രോതസ് അവർക്കുണ്ടാകുമെന്നും കെപിസിസി കരുതുന്നു. കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പാർട്ടികൾക്കെതിരെയുള്ള തെരഞ്ഞെടുപ്പ് പ്രചാരണം പണമില്ലെങ്കിലും കനക്കുമെന്നും നേതാക്കൾ പറയുന്നു. അതേസമയം, ഉത്തരേന്ത്യയിലും പാർട്ടി ഭരണത്തിൽ ഇല്ലാത്ത മറ്റു സംസ്ഥാനങ്ങളിലും സാമ്പത്തിക പ്രതിസന്ധി രൂക്ഷമായാൽ കാര്യങ്ങൾ തകിടം മറിയുമെന്നാണ് നേതാക്കൾ പറയുന്നത്. സാമ്പത്തിക ബുദ്ധിമുട്ട് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന തരത്തിൽ പ്രചാരണം നടത്താനാണ് പാർട്ടി തീരുമാനം.

## പി.സി. ജോർജിന്റെ പേരിൽ വനിതാകമ്മീഷൻ കേസെടുത്തു



മലപ്പുറം: പി.സി. ജോർജിന്റെ വിവാദ പരാമർശത്തിനെതിരെ സംസ്ഥാന വനിതാകമ്മീഷൻ കേസെടുത്തു. ഈയിടെ കോഴിക്കോട്ട് നടന്ന ബിജെപി തെരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ ജോർജ് നടത്തിയ വിവാദ പ്രസ്താവനയ്ക്കെതിരെ എംഎസ്എഫ് സംസ്ഥാന സെക്രട്ടറി റുമൈസ റഫീഖ് നൽകിയ പരാതി പ്രകാരമാണ് കേസെടുത്തത്. പി.സി. ജോർജ് മാഹി എന്ന പ്രദേശത്തെയാകെ അപമാനിക്കുകയും അവിടത്തെ സ്ത്രീകളെ അവഹേളിക്കുകയും നാട്ടിൽ കലാപമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നാണ് പരാതി.

## നാല് വർഷ ബിരുദം; അഞ്ച് സർവകലാശാലയിൽ ജൂലൈ മുതൽ

തിരുവനന്തപുരം: കേരളത്തിലെ സർവകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടറിന്റെ അടിസ്ഥാനത്തിൽ ജൂലൈ ഒന്നിനു നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്കു തുടക്കമാകും. കേരള, എംജി, കാലടി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലാണ് ആദ്യമായി ഏകീകൃത അക്കാദമിക് കലണ്ടർ നടപ്പാക്കുന്നത്. ജൂണിൽ പ്രവേശനത്തിനു വിജ്ഞാപനം ഇറങ്ങും. ക്ലാസുകൾ തുടങ്ങുന്നത്, പരീക്ഷ, ഫലപ്രഖ്യാപനം അവധി തുടങ്ങിയവയ്ക്കെല്ലാം ഇതിലൂടെ ഏകരൂപമാകും.

അക്കാദമിക് കലണ്ടർ രൂപീകരിക്കാൻ കേരള സർവകലാശാല രജിസ്ട്രാർ കൺവീനറും മറ്റു സർവകലാശാലകളിലെ രജിസ്ട്രാർമാർ അംഗങ്ങളുമായി സമിതി രൂപീകരിച്ചു. ഏപ്രിൽ 15-നു മുൻപു സമിതി റിപ്പോർട്ട് നൽകും.

നാല് വർഷ ബിരുദ പ്രോഗ്രാം സംബന്ധിച്ചു തീരുമാനമെടുക്കാൻ ഈയിടെ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ സാന്നിധ്യത്തിൽ സർവകലാശാലാ പ്രതിനിധികളുടെ യോഗം ചേർന്നിരുന്നു. എംജി, കാലിക്കറ്റ് സർവകലാശാലകൾ നാല് വർഷ പ്രോഗ്രാമുകളുടെ സിലബസ് തയാറാക്കിയിട്ടുണ്ട്. കേരള, കണ്ണൂർ സർവകലാശാലകൾ അവസാന ഘട്ടത്തിലാണ്. കോളജ് തലത്തിലും സർവകലാശാല തലത്തിലും പ്രോസ്പെക്ടസ് ഉണ്ടാകും. വിദ്യാർത്ഥികൾക്ക് ഒരു സർവകലാശാലയിൽനിന്നു മറ്റൊന്നിലേക്കു മാറുന്നതിനുള്ള നടപടികൾ ഏകീകൃത കലണ്ടർ വരുന്നതോടെ എളുപ്പത്തിലാകും.

## സിദ്ധാർത്ഥൻ കേസ്: നടപടി റദ്ദാക്കിയ സംഭവത്തിൽ ഇടപെട്ട് ഗവർണർ

തിരുവനന്തപുരം: ജെ.എസ്. സിദ്ധാർത്ഥനെതിരായ ക്രൂര റാഗിങ്ങിലും ആൾക്കൂട്ട വിചാരണയിലും പൂക്കോട് വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് കോളജ് അധികൃതർ വിദ്യാർത്ഥികൾക്കെതിരെയെടുത്ത നടപടി റദ്ദാക്കിയ സംഭവത്തിൽ ഇടപെട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. നിയമോപദേശം പോലും തേടാതെ വിദ്യാർത്ഥികളുടെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ വൈസ് ചാൻസലർ റദ്ദാക്കിയ സംഭവത്തിലാണ് ഗവർണർ വിശദീകരണം തേടിയത്. വിശദീകരണം തൃപ്തികരമല്ലെങ്കിൽ വിസിയുടെ നടപടി റദ്ദാക്കുമെന്നാണ് സൂചന.

സർവകലാശാലയുടെ ലോ ഓഫീസറിൽനിന്നു നിയമോപദേശം തേടിയ ശേഷമേ ആന്റി റാഗിങ് കമ്മിറ്റിയുടെ നടപടി റദ്ദാക്കാനാകൂ എന്നിരിക്കെയാണ് സർവകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരിലൊരാളുടെ സ്വന്തക്കാരായ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനായി വിസി ധൃതിപിടിച്ചുള്ള തീരുമാനം നടപ്പാക്കിയതെന്ന് വിമർശനം ഉയർന്നിരുന്നു. സിദ്ധാർത്ഥനെതിരായ ആൾക്കൂട്ട വിചാരണയിൽ നേരിട്ടു പങ്കാളികളാകുകയോ കുറ്റകൃത്യം അധികൃതരിൽനിന്നു മറച്ചുവെക്കുകയോ ചെയ്ത വിദ്യാർത്ഥികൾക്ക് എതിരെയാണ് ആന്റി റാഗിങ് സ്ക്വാഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആന്റി റാഗിങ് കമ്മിറ്റി നടപടിയെടുത്തത്. 31 പേരെ കോളജിൽനിന്നു പുറത്താക്കുകയും ഹോസ്റ്റലിൽ ഉണ്ടായിരുന്ന 90 പേരെ ഏഴ് ദിവസത്തേക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തു.

എന്നാൽ, സസ്പെൻഷൻ നടപടി നേരിട്ടവർ നല്കിയ അപ്പീലിൽ സീനിയർ ബാച്ചിലെ രണ്ട് പേരുൾപ്പെടെ 33 വിദ്യാർത്ഥികളെയാണ് വിസി തിരിച്ചെടുത്തത്. ബഹുഭൂരിപക്ഷം പേർക്കും സംഭവത്തിൽ നേരിട്ടു പങ്കില്ലെങ്കിലും കുറച്ചുപേർക്കു മാത്രമായി ശിക്ഷ ഇളവു ചെയ്തതിൽ രാഷ്ട്രീയ സ്വാധീനവും സ്വജന പക്ഷപാതവും ഉണ്ടായെന്നാണ് ആരോപണം. വിസിക്കു കിട്ടിയ അപ്പീൽ ലോ ഓഫീസർക്കു നല്കാതെ സർവകലാശാല ലീഗൽ സെല്ലിൽ തന്നെ തീർപ്പാക്കുകയായിരുന്നു. ആന്റി റാഗിങ് കമ്മിറ്റി അന്തിമ റിപ്പോർട്ട് നല്കുന്നതിനു മുമ്പേ സർവകലാശാല നല്കിയ ശിക്ഷാ ഇളവ്, നിലവിൽ റിമാൻഡിലുള്ള പ്രതികൾക്കു സഹായകരമാകാൻ ഇടയുണ്ടെന്ന് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയിരുന്നു.

## സൂര്യനെ വലംവെച്ച് ജയന്ത് മൂർത്തി



ബെംഗളൂരു: സൗരയൂഥത്തിലെ ഒരു ഛിന്നഗ്രഹത്തിനു കൂടി ഇനി ഇന്ത്യൻ ശാസ്ത്രജ്ഞന്റെ പേര്. '2005 ഇഎക്സ് 296' എന്ന ഛിന്നഗ്രഹം ആസ്ട്രോഫിസിസ്റ്റ് പ്രഫ. ജയന്ത് മൂർത്തിയുടെ പേരിൽ അറിയപ്പെടും. നാസ ന്യൂ ഹൊറൈസൺ സയൻസ് ടീമിന്റെ ഭാഗമായി സൂര്യന്റെ അൾട്രാവയലറ്റ് വികിരണങ്ങളെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ പഠനങ്ങൾ മാനിച്ചാണ് ഇന്റർനാഷണൽ ആസ്ട്രോണമിക്കൽ യൂണിയന്റെ (ഐഎയു) ബഹുമതി. ചൊവ്വയ്ക്കും വ്യാഴത്തിനുമിടയിലുള്ള ഈ ഛിന്നഗ്രഹം 3.3 വർഷം കൊണ്ടാണ് സൂര്യനെ ഒരു തവണ വലയം വെക്കുന്നത്. ബെംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഓണററി പ്രഫസറാണ് ജയന്ത് മൂർത്തി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 13
March 29, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

സത്യസന്ധനായ ഒരു വ്യക്തി ദൈവത്തിന്റെ ഏറ്റവും ഉത്തമമായ സൃഷ്ടിയാണ്.

**അലക്സാണ്ടർ പോപ്പ്**

ആത്മവിശ്വാസമാണ് വിജയത്തിന്റെ മുഖ്യരഹസ്യം.

**എമേഴ്സൺ**

St. Jude Knanaya Catholic Church South Florida

# Marian Pilgrimage to Europe

**14 DAYS**

PARIS, LOURDES, AVILA, FATIMA, LISBON, ROME, VATICAN, ASSISI, PADUA, VENICE, MILAN, LUCERNE, ENGELBERG, MEDJUGORJE

TOUR DATES: 28 SEP – 11 OCT 2024

Spiritual Guidance
**FR. SAJI PINARKAYIL**
1117NW 6th avenue Fort Lauderdale Florida 33311

**New York:** 1700 Central Park, Suite E Yonkers, New York 10710
**Florida:** 9710 Strling Road, Suite 109 Cooper City, FL-33024

**CALL: +1 (914) 720-2051 , +1 (224) 659-6586**



FAITH HOLIDAYS
America's Finest Tour Operator

നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?

*Do you still believe in bodily resurrection?*




ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00



**DR. SUNNY PHILIP**
Pastor, author,
conference speaker

Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com

MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health.
There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by
Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**
Senior Medicare Specialist
Investment Advisor Representative, MBA

**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,*
*All consultations are complimentary!*

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago


# നൃത്തമാടുന്നത് നിറമല്ല

'വിവേചനങ്ങളിൽ പതറാതെ ആത്മാർപ്പണവും അശ്രാന്തപരിശ്രമവും കൊണ്ട് ഉയർന്നുവന്ന ഒരു കലാകാരനെ മനസ്സുതുറന്ന് അംഗീകരിക്കുക' ഇതാണ് ഏതൊരു കലയെയും പ്രതിനിധാനം ചെയ്യുന്ന കലാകാരനോ കലാകാരിക്കോ വേണ്ട സദ്ഗുണം. മോഹിനിയാട്ടം എന്ന നൃത്തരൂപത്തെ 'ജെൻഡർ' ചങ്ങലക്കെട്ടുകളിൽനിന്നു മോചിപ്പിച്ച നർത്തകനെന്ന നിലയിലാണ് ആർഎൽവി രാമകൃഷ്ണൻ വിലയിരുത്തപ്പെടേണ്ടത്. ഇപ്പോൾ അതിനു വിരുദ്ധമായി, അദ്ദേഹം പ്രതിനിധാനം ചെയ്ത കലയുടെ പേരിൽ പൊതുഇടത്തിൽ അധിക്ഷേപത്തിനു വിധേയനായിരിക്കുന്നു. കലാകാരൻ എന്നതു പോകട്ടെ, സാധാരണക്കാരനായ ഒരു മനുഷ്യനായാൽപോലും ഒരാളെ അധിക്ഷേപിക്കാൻ നിറം, ശരീരം എന്നിവ ഉപയോഗിക്കുന്നതു ഹീനമായ പ്രവൃത്തിയല്ലാതെ മറ്റെന്താണ്? നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ സൗന്ദര്യത്തിനും വൈവിധ്യത്തിനും നേർക്കുള്ള കടന്നുകയറ്റം കൂടിയാണിത്. കലാകാരന്റെ നിറമോ ലിംഗമോ കണക്കിലെടുക്കാതെ, കലയിലൂടെ ആത്മാവിഷ്കാരത്തിനു സാധ്യമായ ഒരന്തരീക്ഷമാണ് നിലനിൽക്കേണ്ടത്. വിവേചനചിന്തകളെ ഇല്ലാതാക്കി നവോത്ഥാനപാതയിൽ മുന്നേറിയെന്ന് അവകാശപ്പെടുമ്പോഴും ചിലരെങ്കിലും ഇപ്പോഴും പഴയ നൂറ്റാണ്ടുകളിൽ തന്നെയെന്നതും ദുഃഖിപ്പിക്കുന്നു.

മികച്ച നർത്തകനായ ആർഎൽവി രാമകൃഷ്ണനോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നത്, മനുഷ്യത്വത്തോടുള്ള കൂറിന്റെ ഭാഗമായിട്ടാണ്. മോഹിനിയാട്ടം കലാകാരിയായ കലാമണ്ഡലം സത്യഭാമയിൽനിന്നു നിറത്തിന്റെയും ശരീരാക്ഷേപത്തിന്റെയും പേരിൽ അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന അപമാനം കേരളത്തിനാകെ അപമാനമായിരിക്കുന്നു. രാമകൃഷ്ണനു കാക്കയുടെ നിറമാണെന്നും കണ്ടാൽ പെറ്റ തള്ളപോലും സഹിക്കില്ലെന്നും അടക്കമുള്ള മനുഷ്യവിരുദ്ധ പരാമർശങ്ങളെ, സത്യഭാമ എത്രവലിയ കലാകാരിയാണെങ്കിലും വെച്ചുപൊറുപ്പിക്കാൻ പരിഷ്കൃതസമൂഹത്തിനു ബാധ്യതയില്ല. ഉള്ളിലൊളിപ്പിച്ചിട്ടും ദഹിക്കാതെ കിടന്ന വർണവ്യവസ്ഥയുടെ പുളിച്ചുതികട്ടലാകാം സത്യഭാമയിൽനിന്നുയർന്നത്; ആ ദുർഗന്ധത്തെ ആസ്വദിക്കാതിരുന്നാൽ മാത്രം പോരാ, ചികിത്സയും ഉറപ്പാക്കണം.

നിറത്തിന്റെപേരിൽ ഒരു മനുഷ്യനെ, ഒരു സഹകലാകാരനെ നിന്ദിക്കുക. അത് വിവാദമായപ്പോൾ, പറഞ്ഞതിൽ ഒരു തെറ്റുമില്ലെന്നും അതിൽ ഉറച്ചുനിൽക്കുന്നുവെന്ന ധിക്കാരനിലപാടെടുക്കുകയും കൂടുതൽ അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തുകയും ചെയ്തു. അവരുടെ വാക്കുകൾ ഒരു കലാകാരിക്ക് ചേർന്നതേയല്ല. തൊലിയുടെ നിറമല്ല മനുഷ്യന്റെ ഗുണവിശേഷങ്ങളുടെ സൂചകമെന്ന് ഇനിയെന്നാണ് ഇവർ മനസ്സിലാക്കുക? ഇരുണ്ട നിറത്തോടുള്ള ഈ അവജ്ഞയുടെ വേരുകൾ നീളുന്നത് ജാത്യഭിമാനത്തിലേക്കാണെന്ന് കാണാനും ഒട്ടും പ്രയാസമില്ല. ഈ ഗർവം വ്യർഥവും അന്തസ്സാരശൂന്യവുമാണെന്ന് ആരാണ് സത്യഭാമയോടൊന്ന് പറയുക?

കല പവിത്രമാണ് എന്നാണ് നാമൊക്കെ മനസ്സിലാക്കിവെച്ചിട്ടുള്ളത്. അത് കേവലമായ കാഴ്ചവസ്തുവോ അല്ലെങ്കിൽ അരങ്ങിലെ പ്രകടനമോ അല്ല. ധ്യാനഭരിതമായൊരു സപര്യയിലൂടെ, സാധനയിലൂടെ പിറവികൊള്ളുന്നതാണത്. ആ സപര്യ, സാധന കലാകാരനെ/കലാകാരിയെ വിമലീകരിക്കുന്ന ഒരു പ്രക്രിയകൂടിയാവാറുണ്ട്. നീണ്ട വർഷങ്ങളിലൂടെ മോഹിനിയാട്ടമെന്ന കലയ്ക്കുവേണ്ടി ധ്യാനലീനയായിട്ടും സത്യഭാമ ഒരു വ്യക്തിയെന്നനിലയിൽ, മനുഷ്യനെന്ന നിലയിൽ നവീകരിക്കപ്പെടുകയോ വിമലീകരിക്കപ്പെടുകയോ ചെയ്തില്ല എന്നു നാം വേദനയോടെ അറിയുന്നു.

എല്ലാതരത്തിലുമുള്ള വിവേചനങ്ങളെയും അലിയിച്ചില്ലാതാക്കുന്ന അതിഭൗതികലോകമാണ് കലയുടേത്. മതവും ജാതിയും നിറവും വംശവും ദേശഭേദങ്ങളുമെല്ലാം കലയുടെ ശ്രേഷ്ഠതയ്ക്കുമുന്നിൽ അപ്രസക്തമാകുന്നു. കേളുചരൺ മഹാപാത്രയും വെമ്പട്ടി ചിന്നസത്യവും കലാമണ്ഡലം ഗോപിയും ഇതിഹാസനർത്തകരായത് തൊലിവെളുപ്പുകൊണ്ടല്ല. മോഹിനിയാട്ടത്തിനായി സ്വയം സമർപ്പിച്ച കലാകാരനാണ് ആർഎൽവി രാമകൃഷ്ണൻ. ആ സമർപ്പണബുദ്ധിയും സർഗസിദ്ധിയുമാണ് കലാകാരപ്പട്ടത്തിനുള്ള അദ്ദേഹത്തിന്റെ യോഗ്യത.

നവോത്ഥാനത്തിന്റെയും പുരോഗമനരാഷ്ട്രീയത്തിന്റെയും പ്രക്ഷാളനത്തിനുശേഷവും മലയാളിയുടെ മസ്തിഷ്കം സങ്കുചിതമായി തുടരുന്നുവെന്നതിന്റെ മറ്റൊരു ഓർമ്മപ്പെടുത്തൽകൂടിയായി സത്യഭാമയുടെ അസത്യപ്രയോഗങ്ങൾ. കലാലോകത്തെന്നല്ല, ഒരു മേഖലയിലും നിറത്തിന്റെയോ മറ്റേതെങ്കിലും സങ്കുചിത പരിഗണനയുടെയോപേരിൽ ഒരാൾക്കും അവസരം നിഷേധിക്കുന്നതിനെ അംഗീകരിക്കാനാകില്ല. തുല്യതയെന്ന ആശയത്തിനാണ് ലോകം ഇന്നു മറ്റെന്തിലുമധികം പരിഗണന നൽകുന്നത്. ലോകം ഈവിധം മുന്നോട്ടുനടക്കുമ്പോൾ പക്ഷേ, നാം മലയാളികൾ പിന്നോട്ടുനടക്കുന്നുവോ എന്ന അത്ര പുതിയതല്ലാത്ത ആശങ്കയ്ക്ക് വ്യക്തതയുള്ള മറുപടി നൽകിയിരിക്കുന്നു സത്യഭാമ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സത്യഭാമ, പ്രബുദ്ധരെന്നു നടിക്കുന്ന മലയാളിയുടെ ആ പിന്നോട്ടുനടപ്പിന്റെ പ്രതീകമാണ്.

# സാമ്പത്തികമായി തകർക്കാൻ നീക്കം: കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പായി കോൺഗ്രസിനെ സാമ്പത്തികമായി വരിഞ്ഞുമുറുക്കാനും തളർത്താനും തകർക്കാനും പ്രധാനമന്ത്രി മോദിയുടെ ആസൂത്രിത ശ്രമമെന്നു കോൺഗ്രസ് നേതൃത്വം. ഇലക്ടറൽ ബോണ്ടുകളിലൂടെയടക്കം ശതകോടികൾ ബിജെപി സ്വരുക്കൂട്ടിയ ശേഷമാണു ഇന്ത്യയിലെ 20 ശതമാനം പേർ (11 കോടി ആളുകൾ) വോട്ട് ചെയ്യുന്ന ഏറ്റവും പ്രധാന പ്രതിപക്ഷ പാർട്ടിക്ക് രണ്ടു രൂപപോലും ചെലവഴിക്കാനില്ലാതെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും മുൻ പ്രസിഡണ്ടുമാരായ സോണിയ ഗാന്ധിയും രാഹുൽഗാന്ധിയും സംയുക്ത പത്രസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മാത്രമല്ല ഈ പ്രശ്നമെന്നും ജനാധിപത്യത്തെത്തന്നെ ബാധിക്കുന്നതാണെന്നും സോണിയ പറഞ്ഞു. അത്യന്തം ഗൗരവമുള്ളതാണു പ്രശ്നം.

കോൺഗ്രസിനെ സാമ്പത്തികമായി തളർത്താൻ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചിട്ടയായ ശ്രമം നടക്കുന്നു. പൊതുജനങ്ങളിൽനിന്നു പിരിച്ചെടുത്ത ഫണ്ട് മരവിപ്പിക്കുകയും കോൺഗ്രസിന്റെ അക്കൗണ്ടുകളിൽനിന്നു ബലമായി പണം തട്ടിയെടുക്കുകയും ചെയ്യുകയാണെന്ന് യുപിഎ അധ്യക്ഷ പറഞ്ഞു. കോൺഗ്രസ് നേരിടുന്ന അസാധാരണ പ്രതിസന്ധി കണക്കിലെടുത്താണ് എഐസിസി അധ്യക്ഷനോടും രാഹുലിനോടുമൊപ്പം സമീപകാലത്തൊന്നും പത്രസമ്മേളനം നടത്താത്ത സോണിയാ ഗാന്ധിയും പത്രസമ്മേളനത്തിനെത്തിയത്.

പൊതുതെരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടികൾക്ക് തുല്യനീതിയും തുല്യാവസരവും (ലെവൽ പ്ലേയിംഗ് ഫീൽഡ്) ഉറപ്പാക്കേണ്ട തെരഞ്ഞെടുപ്പ് കമ്മീഷൻ മുഖ്യ പ്രതിപക്ഷ പാർട്ടിയെ സാമ്പത്തികമായി തളർത്തുന്ന നടപടികൾക്കെതിരെ മൗനം പാലിക്കുകയാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു.

സുപ്രീംകോടതി റദ്ദാക്കിയ ഇലക്ടറൽ ബോണ്ട് പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താവ് ഭരണകക്ഷിയായ ബിജെപിയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ ഖാർഗെ ചൂണ്ടിക്കാട്ടി.

ഫണ്ടിന്റെ അഭാവത്തിൽ ലെവൽ പ്ലേയിംഗ് ഫീൽഡില്ല. ദൂരവ്യാപകമായ ആഘാതമുള്ള ഭരണകക്ഷിയുടെ അപകടകരമായ കളിയാണിതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

2017-ലെ യുപി നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി നോട്ട് നിരോധനം പ്രഖ്യാപിച്ചത് എസ്പി അടക്കമുള്ള പ്രതിപക്ഷ പാർട്ടികളെ സാമ്പത്തികമായി തളർത്താനായിരുന്നുവെന്ന ആരോപണമുണ്ട്.

രാഷ്ട്രീയ പാർട്ടികൾക്കുള്ള മൊത്തം സംഭാവനയുടെ 56 ശതമാനം ബിജെപിക്കു മാത്രമാണ്. കോൺഗ്രസിന് ആകെ ലഭിച്ചത് 11 ശതമാനമാണ്. ഒരുവശത്ത് ബിജെപി വൻതോതിൽ പണം സ്വരുക്കൂട്ടുന്നു.

അത്യപൂർവമായാണ് കോൺഗ്രസിന്റെ ഏറ്റവും വലിയ മൂന്നു നേതാക്കളായ സോണിയ, ഖാർഗെ, രാഹുൽ എന്നിവർ സംയുക്ത പത്രസമ്മേളനം നടത്തുന്നത്. ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാൽ, ജയ്റാം രമേശ്, ട്രഷറർ അജയ് മാക്കൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.



ന്യൂഡൽഹിയിലെ എഐസിസി ആസ്ഥാനത്ത് വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ കോൺഗ്രസ് പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ

# കെജ്രിവാളിന്റെ അറസ്റ്റ് പ്രചാരണായുധമാക്കുന്നു

തിരുവനന്തപുരം: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റ് കേരളത്തിലും തെരഞ്ഞെടുപ്പു പ്രചാരണ ആയുധമാകുന്നു. ബിജെപിക്കും കേന്ദ്രസർക്കാരിനുമെതിരെ വിഷയം ഉയർത്തി ഇടതു-വലതു മുന്നണികൾ. കോൺഗ്രസാകട്ടെ ഒരുപടികൂടിക്കടന്ന് സംസ്ഥാന സിപിഎമ്മിനെ അടിക്കാനുള്ള വടിയായാണ് ഇതിനെ കാണുന്നത്. മുഖ്യമന്ത്രിമാരടക്കം പ്രതിപക്ഷനിരയിലെ നേതാക്കളെ വിടാതെ പിന്തുടരുമ്പോഴും പിണറായി വിജയനോടുമാത്രം കേന്ദ്ര അന്വേഷണ ഏജൻസികൾ കനിവു കാട്ടുകയാണെന്ന തങ്ങളുടെ ആക്ഷേപം കൂടുതൽ ശക്തമായി ഉന്നയിക്കാനാണ് കോൺഗ്രസിന്റെ ശ്രമം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെ പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ടുള്ള പ്രചാരണവും തുടങ്ങി. കെജ്രിവാളിന്റെ അറസ്റ്റ് ദിവസംതന്നെ ഇന്ത്യാ മുന്നണിയിലെ വിവിധ കക്ഷികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തും ശക്തമായ പ്രതിഷേധം അരങ്ങേറിയിരുന്നു. ആദ്യം സിപിഎമ്മും പിന്നാലെ കോൺഗ്രസും സമരരംഗത്തെത്തി.

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂരിന്റെ നേതൃത്വത്തിൽ മാർച്ച് 22-ന് രാജ്ഭവനിലേക്ക് യുഡിഎഫ് മാർച്ച് സംഘടിപ്പിച്ചു. ഡിവൈഎഫ്ഐയുടെയും സിപിഎമ്മിന്റെയും നേതൃത്വത്തിലും വിവിധ ഭാഗങ്ങളിൽ പ്രതിഷേധ മാർച്ച് നടന്നു. കണ്ണൂരിലെ മാർച്ചിന് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നേതൃത്വം നൽകി. വിഷയം സിപിഎം-ബിജെപി ബാന്ധവമായി ചിത്രീകരിക്കാനുള്ള ശ്രമം കോൺഗ്രസ് നടത്തുന്നുണ്ട്. മുഖ്യമന്ത്രി പിണറായി വിജയനെ കേന്ദ്ര അന്വേഷണ ഏജൻസികൾ സംരക്ഷിക്കുന്നുവെന്നാണ് ആരോപണം. കൈകൾ ശുദ്ധമായതുകൊണ്ടാണ് കേന്ദ്ര ഏജൻസികൾക്ക് തങ്ങളെ ഒന്നും ചെയ്യാൻ കഴിയാത്തതെന്നാണ് സിപിഎമ്മിന്റെ മറുപടി. നിയമസഭാതെരഞ്ഞെടുപ്പിനു മുമ്പ് വിവിധ കേന്ദ്ര ഏജൻസികൾ രണ്ടു വർഷത്തോളം കയറിയിറങ്ങിയിട്ടും ഒരു തുരുമ്പുപോലും കണ്ടെത്താനായിട്ടില്ലെന്ന് അവർ ഓർമിപ്പിക്കുന്നു. തെരഞ്ഞെടുപ്പിനുശേഷം സ്വർണക്കടത്ത് കേസ് പ്രതി സ്വപ്നാ സുരേഷിനെ ഉപയോഗിച്ച് പല ശ്രമവും നടത്തിയെങ്കിലും ഒന്നും ഫലംകണ്ടില്ലെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

കെജ്രിവാളിന്റെ അറസ്റ്റിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെതിരെയും ആരോപണം ശക്തമാണ്. പെരുമാറ്റച്ചട്ടം നിലനിൽക്കെ നടന്ന അറസ്റ്റ് കമ്മീഷൻ അറിഞ്ഞാണോ എന്ന ചോദ്യമാണ് ഉയരുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ പിന്നെ അധികാരം കമ്മീഷനായിരിക്കെ ഇപ്പോഴത്തെ സംഭവവികാസങ്ങൾ കമ്മീഷന്റെ നിഷ്പക്ഷതയെപ്പോലും ചോദ്യം ചെയ്യുന്നതാണെന്ന ആരോപണം ശശി തരൂർ ഉൾപ്പെടെയുള്ളവർ ഉന്നയിച്ചുകഴിഞ്ഞു. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കമ്പനി അരബിന്ദോ ഫാർമ ഇലക്ടറൽ ബോണ്ടിലൂടെ ബിജെപിക്ക് 30 കോടി രൂപ സംഭാവന ചെയ്തെന്ന വിവരവും മുന്നണികൾ ആയുധമാക്കുന്നുണ്ട്.

ബിജെപിയെ പ്രതിക്കൂട്ടിലാക്കി ഈയിടെ പുറത്തുവന്ന ഇലക്ടറൽ ബോണ്ട് വിശദാംശങ്ങൾ പൊതുസമൂഹത്തിൽ എത്താതിരിക്കാനുള്ള തന്ത്രമാണ് കെജ്രിവാളിന്റെ അറസ്റ്റ് എന്നാണ് ഇടതുമുന്നണി ആരോപിക്കുന്നത്.

KERALA EXPRESS പ്രവാസി താളുകൾ

# ബോണ്ടിംഗ് ഫാമിലീസ് മാർ മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു

ചിക്കാഗോ: ദാമ്പത്യബന്ധം ഊഷ്മളവും ദൃഢവും സന്തോഷപ്രദവുമാക്കുന്നതിന് പിന്തുണയും ശക്തിയും നല്കുന്നതിന് വടക്കെ അമേരിക്കയിലെ ക്നാനായ റീജിയണിൽ പുതുതായി സ്ഥാപിച്ച 'ബോണ്ടിംഗ് ഫാമിലീസ്' എന്ന മിനിസ്ട്രിയുടെ ഉദ്ഘാടനം കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ

**ബിനോയി സ്റ്റീഫൻ കിഴക്കനടിയിൽ**

മാത്യു മൂലക്കാട്ട് ചിക്കാഗോയിൽ നിർവഹിച്ചു. വികാരി ജനറാൾമാരായ മോൺ. തോമസ് മുളവനാൽ, മോൺ. പത്രോസ് ചമ്പക്കര എന്നിവരുടെ നേതൃത്വത്തിലുള്ള നോർത്ത് അമേരിക്കയിലെ വൈദികരുടെയും ഇടവകകളിലെ മെൻ-വിമൻ മിനിസ്ട്രികളുടെയും ഭാഗഭാഗിത്വത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.




വിവാഹാനന്തര പരിശീലനവും ദാമ്പത്യപ്രശ്നങ്ങളിൽ അജപാലന പിന്തുണയും ആവശ്യമാകുന്ന സാഹചര്യത്തിൽ മാസത്തിലൊരു പ്രോഗ്രാം വീതം ഇടവക-റീജിയൺ തലങ്ങളിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ബോധവത്കരണ സെമിനാറുകൾ, ദാമ്പത്യബന്ധം സുദൃഢമാക്കുന്ന പരിപാടികൾ കൗൺസിലിംഗ് സൗകര്യം, പ്രതിമാസ പ്രസിദ്ധീകരണം, വെബ്സൈറ്റ് എന്നിവ വഴി ദാമ്പത്യ-കുടുംബ ബന്ധങ്ങൾക്ക് ഉപകരിക്കുന്ന പ്രോഗ്രാമുകൾ വിഭാവനം ചെയ്യുന്നു.

ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ജോസഫ് തച്ചാറ, ഗ്രേസി വാച്ചാച്ചിറ, ഡോ. ദിവ്യാ വള്ളിപ്പടവിൽ, ഡോ. അജിമോൾ പുത്തൻപുരയിൽ, ബിജോ കാരക്കാട്ട് തുടങ്ങി ഇരുപതു പേരടങ്ങുന്ന സന്നദ്ധപ്രവർത്തകരാണ് ബോണ്ടിംഗ് ഫാമിലീസിന് തുടക്കത്തിൽ നേതൃത്വം നല്കുന്നത്.

## ശ്രീകുമാർ ഉണ്ണിത്താന്റെ 'നൊമ്പരങ്ങളുടെ പുസ്തകം' അടൂർ ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു

അടൂർ: അമേരിക്കൻ മലയാളി എഴുത്തുകാരനും ഫൊക്കാന നേതാവുമായ ശ്രീകുമാർ ഉണ്ണിത്താന്റെ 'നൊമ്പരങ്ങളുടെ പുസ്തകം' വിഖ്യാത ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിനു നല്കി നിർവഹിച്ചു. ശ്രീകുമാർ ഉണ്ണിത്താൻ തന്റെ ജീവിതാനുഭവങ്ങളുടെയും വേർപാടിന്റെ ദുഃഖങ്ങളുടെയും ആകെത്തുകയായി എഴുത്തിനെ ഏറ്റെടുത്ത കാഴ്ചകൂടിയാണ് ഈ പുസ്തകമെന്ന് അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. അകാലത്തിൽ പൊലിഞ്ഞുപോയ ഭാര്യ ഉഷ ഉണ്ണിത്താന്റെ ഓർമ്മകൾ പങ്കുവെക്കുന്ന പുസ്തകമാണ് നൊമ്പരങ്ങളുടെ പുസ്തകം.



ശ്രീകുമാർ ഉണ്ണിത്താന്റെ 'നൊമ്പരങ്ങളുടെ പുസ്തകം' ഓർമ്മക്കുറിപ്പുകൾ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിനു നല്കി പ്രകാശനം ചെയ്യുന്നു. ഡോ. സജിമോൻ ആന്റണി, പി. ശ്രീകുമാർ, പ്രദീപ് പനങ്ങാട്, ഡോ. മണക്കാല ഗോപാലകൃഷ്ണൻ, അഡ്വ. കെ.എസ്. രവി, സുരേഷ് ബാബു തുടങ്ങിയവർ സമീപം.

അടൂർ ന്യൂ ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ശ്രീമതി ഉഷാ ഉണ്ണിത്താന്റെ നനുത്ത ഓർമ്മകൾ തങ്ങിനിന്നു. തികച്ചും വൈകാരികമായി മാറിയ ഈ ചടങ്ങിൽ ശ്രീകുമാർ ഉണ്ണിത്താന്റെ ബന്ധുക്കളും സുഹൃത്തുക്കളും ഉൾപ്പെടെ നൂറിലധികം ആളുകൾ പങ്കെടുത്തു. ശ്രീകുമാർ ഉണ്ണിത്താൻ എഴുത്തുകാരൻ കൂടിയാണെന്ന് അറിയുന്നത് അമേരിക്കയിൽ എത്തുമ്പോഴാണെന്ന് ചിറ്റയം ഗോപകുമാർ പറഞ്ഞു.

അന്ന് ഇദ്ദേഹത്തിന്റെ ആതിഥേയത്വം സ്വീകരിച്ച് ന്യൂയോർക്കിലെ വീട്ടിൽ കഴിയുമ്പോൾ ഉഷ ഉണ്ണിത്താൻ നല്കിയ കരുതലുകൾ മറക്കുവാനാവില്ല. പക്ഷേ, നിർഭാഗ്യവശാൽ ആ വ്യക്തിത്വത്തെക്കുറിച്ചുള്ള പുസ്തകം ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. ഈ പുസ്തകം ഒരു അനുഭവം കൂടിയാണ്. എങ്ങനെയാണ് നമ്മൾ മുന്നോട്ട് പോകേണ്ടത് എന്ന പാഠം നമുക്ക് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജന്മഭൂമി ചീഫ് എഡിറ്റർ പി. ശ്രീകുമാർ, ഡോ. മണക്കാല ഗോപാലകൃഷ്ണൻ, ഫൊക്കാന ട്രസ്റ്റി ബോർഡ് മെമ്പറും മുൻ ജനറൽ സെക്രട്ടറിയുമായ ഡോ. സജിമോൻ ആന്റണി, കെ.എസ്. രവി തുടങ്ങിയവർ ആശംസകൾ നേർന്നു. വേണുഗോപാൽ സ്വാഗതവും ശ്രീകുമാർ ഉണ്ണിത്താൻ മറുപടി പ്രസംഗം നടത്തുകയും ചെയ്തു.

## വാരാണസിയിൽ മോദിക്കെതിരെ അജയ് റായ്

ന്യൂഡൽഹി: ഉത്തർപ്രദേശിലെ വാരാണസി മണ്ഡലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ 'ഇന്ത്യ' സഖ്യത്തിന്റെ സ്ഥാനാർത്ഥിയായി കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് അജയ് റായ് മത്സരിക്കും. 2019-ൽ ഇവിടെ മത്സരിച്ച അദ്ദേഹം സമാജ് വാദി പാർട്ടിക്കും (എസ്പി) പിന്നിലായി മൂന്നാമതായിരുന്നു. ഇത്തവണ ഇന്ത്യാസഖ്യത്തിന്റെ ഭാഗമായ എസ്പി വാരാണസിയിൽ മത്സരിക്കുന്നില്ല. ഇതടക്കം 12 സംസ്ഥാനങ്ങളിലെ 46 സ്ഥാനാർത്ഥികളെ കോൺഗ്രസ് പ്രഖ്യാപിച്ചു.

പ്രമുഖ സ്ഥാനാർത്ഥികൾ ഇവർ: ദിഗ്‌വിജയ് സിങ് (രാജ്ഗഡ്, മധ്യപ്രദേശ്), കാർത്തി ചിദംബരം (ശിവഗംഗ), എസ്. ജ്യോതിമണി (കരൂർ, തമിഴ്നാട്), ഡാനിഷ് അലി (അംറോഹ, യുപി). കഴിഞ്ഞ ദിവസം കോൺഗ്രസ് അംഗത്വം സ്വീകരിച്ച ദോഗ്ര സ്വാഭിമാൻ സ്ഥാപകൻ ചൗധരി ലാൽ സിങ് ആണ് ജമ്മു ഉധംപുരിലെ സ്ഥാനാർത്ഥി. രാജസ്ഥാനിലെ നഗൗർ സീറ്റ് ഹനുമാൻ ബേനിവാളിന്റെ ആർഎൽപിക്കു നൽകി. ആർഎൽപിയുടെ സിറ്റിങ് സീറ്റാണിത്. യുപിയിലെ അമേഠി, റായ്ബറേലി അടക്കമുള്ള സീറ്റുകളിലെ സ്ഥാനാർത്ഥികളെ വരുംദിവസങ്ങളിൽ നിശ്ചയിക്കും.

**പ്രതികരണം**

## തെറ്റാണെന്ന് അറിയാമെങ്കിലും കാഴ്ചപ്പാട് സൂക്ഷിക്കുന്നവ

കേരള എക്സ്പ്രസ്സിന്റെ മാർച്ച് ഇരുപത്തിരണ്ടാം ലക്കത്തിൽ നിഷ ജൂഡ്, ന്യൂയോർക്ക് എഴുതിയ ലേഖനം വായിച്ചു. നമ്മുടെ സമൂഹഘടകത്തിൽ അധികമാരും സ്പർശിക്കാത്ത ഗൗരവമായ ഒരു വസ്തുത നിഷ വളരെ ലളിതമായി ലേഖനത്തിൽ വരച്ചുകാട്ടിയിട്ടുണ്ട്. മതങ്ങളെക്കാൾ രാഷ്ട്രീയം ആന്തരികമാക്കിയ കൊച്ചുകേരളാന്തരീക്ഷത്തിൽ നിന്ന് അമേരിക്കയിലെത്തി ദശകങ്ങൾ കഴിഞ്ഞിട്ടും അമേരിക്കൻ മുഖ്യധാരയുടെ ഭാഗമായിട്ടും മലയാളികളിലെ വലിയൊരു ഭാഗം മതമൗലികാഭിമാനികളായി വിലസിക്കുകയാണ്. അമേരിക്കയിലെ കേരളസമൂഹത്തിൽ കത്തോലിക്കാ വിഭാഗം തന്നെ നോക്കുക, ഒരു വിഭാഗം പ്രത്യേകിച്ച് സീറോമലബാർ പാരമ്പര്യം അവകാശപ്പെടുന്നവർ, തങ്ങൾ സവർണ്ണരെന്നു ഘോഷിച്ചു നടക്കുന്നു. ലാറ്റിൻ ആരാധനാക്രമം പിന്തുടരുന്ന മലയാളി കത്തോലിക്കരെ വിവേചനത്തോടെ, താഴ്ന്ന വർഗ്ഗക്കാരെപ്പോലെ കണക്കാക്കുന്ന വളരെയധികം പേരെയാണ് കണ്ടുമുട്ടിയിട്ടുള്ളത്; ഇന്നും കണ്ടുമുട്ടുന്നത്.

മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണെന്നു (ജെനെസിസ് 1:27) ആരാധനാലയങ്ങളിൽ ഉദ്ഘോഷിക്കുകയും സമത്വത്തിൽ വിശ്വസിക്കുകയും അതേപോലെ ദൈവത്തിൽ വിശ്വസിക്കുന്ന വേറൊരു ക്രമത്തിൽ ആരാധന നടത്തുന്നവരെ താഴ്ത്തിക്കെട്ടുകയും അവരെക്കാൾ സാമൂഹിക മേൽക്കോയ്മയും ഉന്നതിയും അവകാശപ്പെടുകയും ചെയ്യുന്നവരുടെ ക്രൈസ്തവീകതയ്ക്ക് ആത്മാർത്ഥതയോ യാഥാർത്ഥ്യതയോ അവകാശപ്പെടാനാകുമോ? ദൈവത്തിന്റെ കണ്ണിൽ എല്ലാവരും തുല്യരാണെന്നു പഠിപ്പിച്ച്, വർഗ്ഗ വ്യവസ്ഥിതിക്കെതിരെ ശിഷ്യന്മാരെ ബോധവാന്മാരാക്കിയ ജീസസിന്റെ പിൻഗാമികൾ, വേറെ ക്രമത്തിൽ ആരാധിക്കുന്നവരെ വിവേചനത്തോടെ കാണുമ്പോൾ എങ്ങനെ സ്വയം ക്രിസ്ത്യാനികൾ എന്നവകാശപ്പെടാനാകും?

സീറോമലബാർ രൂപതയുടെ ആശയംപോലും ആരംഭിച്ചിട്ടില്ലാതിരുന്ന സമയത്ത് മറ്റുള്ളവരുമായി പരിചയപ്പെടുമ്പോൾ നിഷ പറഞ്ഞതുപോലെ ഏതു പള്ളിയിലാ പോകുന്നതെന്ന ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞിരുന്നത് കാത്തലിക് പള്ളിയിലെന്നായിരുന്നു. മറ്റെയാൾ സിറിയൻ കത്തോലിക്കനാണെങ്കിൽ അന്ന് പറഞ്ഞിരുന്നത് 'ഞങ്ങൾ റോമൻ കത്തോലിക്കർ' ആണെന്നാണ്. ലത്തീൻ റീത്തിലുള്ള ആരാധനാക്രമത്തിൽ പങ്കെടുക്കുന്ന എന്നെ റോമൻ കത്തോലിക്കൻ ആയി കാണാൻ അവർക്ക് സാധിച്ചിരുന്നില്ല. ഇടവകകളും രൂപതയും വന്നതോടെ 'ഞങ്ങൾ സീറോമലബാർ' ആയി മാറി. റീത്തുകളെക്കുറിച്ച് അറിയാൻ ശ്രമിക്കാത്തവരോട് സഹതാപം മാത്രമേ തോന്നാറുള്ളൂ.

'പോള് ലാറ്റിൻ ആണല്ലേ?' പോള് ശരിയായിട്ടും ലാറ്റിൻ ആണോ തുടങ്ങിയ ചോദ്യങ്ങൾ നൂറുകണക്കിന് പ്രാവശ്യം ഞാൻ കേട്ടിട്ടുണ്ട്. എന്റെ അടുത്ത സാമൂഹിക സുഹൃത്തുക്കളിൽ നിന്നടക്കം. ചിലപ്പോഴൊക്കെ ഞാൻ മറുപടി പറയും 'തലമുറ തലമുറകളായി എന്റെ കുടുംബം ലാറ്റിൻ ക്രമത്തിൽ ആയിരുന്നു ആരാധിച്ചിരുന്നത്. നാട്ടിൽ നിന്ന് ബോംബെയിൽ വന്നപ്പോഴും ജർമ്മനിയിൽ ആയിരുന്നപ്പോഴും അമേരിക്കയിൽ വന്നതിനു ശേഷവും ഞാൻ ആ ക്രമം തന്നെ തുടരുന്നു.'

ക്രിസ്തുമതം മറ്റു മതങ്ങളെപ്പോലെ സന്മാർഗ്ഗിക ജീവിതത്തിനും പരസ്പര സ്നേഹത്തിനും വേണ്ടിയാണ് എന്ന തത്വമാണ് സ്കൂളിൽ പഠിപ്പിച്ചിട്ടുള്ളത്. ഇരുപത് വയസ് കഴിഞ്ഞപ്പോൾ നാട്ടിൽനിന്ന് പോരുന്നതുവരെ എന്റെ കൂട്ടുകാരിൽ എല്ലാ മതക്കാരുമുണ്ടായിരുന്നു. ഞങ്ങളെ യോജിപ്പിച്ചിരുന്നത് സൗഹൃദമായിരുന്നു. നാട്ടിൽനിന്ന് പോന്നതിനുശേഷം അമേരിക്കയിൽ എത്തുന്നതുവരെ മതവും ആരാധനാക്രമങ്ങളും എന്റെ പൊതുജീവിതത്തെ ബാധിച്ചിരുന്നില്ല. പക്ഷേ, അമേരിക്കയിൽ ആരാധനാക്രമം പിന്തുടരുന്നതിന്റെ പേരിൽ ഇന്നും ഞാൻ സ്വന്തം നാട്ടുകാരിൽ നിന്ന് വിവേചനം അനുഭവിക്കുന്നു. അമേരിക്കയിലേക്കു കുടിയേറി ഇവിടുത്തെ സമൂഹത്തിന്റെ ഭാഗമായി മാറിയവരാണ് നമ്മൾ. വലിയൊരു സമൂഹത്തിലെ അദൃശ്യമായ അംശം. അതിനിടയിൽ പരസ്പരം അംഗീകരിക്കാനും ബഹുമാനിക്കാനുമുള്ള നല്ല മനസ്സ് നമുക്കുണ്ടായാൽ എത്രയോ വിശിഷ്ടം!

**പോൾ ഡി. പനയ്ക്കൽ**

# വിവാദ പരാമർശം: സത്യഭാമയ്ക്കെതിരെ കേസ്

തിരുവനന്തപുരം: നർത്തകൻ ആർഎൽവി രാമകൃഷ്ണനെ ഉദ്ദേശിച്ച് യൂട്യൂബ് ചാനലിൽ 'കറുത്ത നിറമുള്ളവർ നൃത്തം ചെയ്യരുതെന്ന' പരാമർശം നടത്തിയ നൃത്താധ്യാപിക സത്യഭാമയ്ക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. തൃശൂർ ജില്ലാ പോലീസ് മേധാവിയും സാംസ്കാരിക വകുപ്പ് സെക്രട്ടറിയും പരാമർശം പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദേശിച്ചു. മാധ്യമവാർത്തയുടെ അടിസ്ഥാനത്തിലാണു കേസെടുത്തത്.

മനുഷ്യാവകാശ പ്രവർത്തകൻ ഗിന്നസ് മാടസാമിയും പരാതി നൽകിയിരുന്നു. ഇതിനു പുറമേ 2022-ൽ സത്യഭാമയ്ക്കെതിരെ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് എടുത്ത സ്ത്രീധനപീഡന കേസും അന്വേഷിക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. സ്വർണവും പണവും ആവശ്യപ്പെട്ടു മാനസികമായും ശാരീരികമായും പീഡിപ്പിച്ചുവെന്ന മകന്റെ ഭാര്യയുടെ പരാതിയിലാണ് കേസെടുത്തത്. സത്യഭാമയെ പ്രതിയാക്കിയെങ്കിലും അന്വേഷണം വൈകാതെ നിലച്ചു.

കറുത്ത നിറമുള്ളവർ മോഹിനിയാട്ടം കളിക്കുന്നതിനെതിരെ നർത്തകി സത്യഭാമ നടത്തിയ വിവാദ പരാമർശങ്ങൾക്കെതിരെ രൂക്ഷ വിമർശനമുയർന്നിരുന്നു. യുട്യൂബ് ചാനലിനു നൽകിയ അഭിമുഖത്തിലെ സൂചനകൾ നർ



ത്തകൻ ആർഎൽവി രാമകൃഷ്ണനെതിരെയാണെന്നും ജാതി അധിക്ഷേപമാണു നടത്തിയതെന്നും ആരോപണമുയർന്നിരുന്നു. രാഷ്ട്രീയ, സാംസ്കാരിക മേഖലകളിലെ പ്രമുഖർ രാമകൃഷ്ണനു പിന്തുണയുമായി രംഗത്തെത്തി. അതേസമയം, പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നുവെന്നും ആരെയും പേരെടുത്തു പറഞ്ഞിട്ടില്ലെന്നുമാണു സത്യഭാമയുടെ വാദം.

വിവാദ പരാമർശങ്ങളിങ്ങനെ: 'ഇയാളെ കണ്ടുകഴിഞ്ഞാൽ കാക്കയുടെ നിറം. ഒരു പുരുഷൻ കാലുമകത്തിവെച്ച് മോഹിനിയാട്ടം കളിക്കുന്നത് അരോചകം. ആൺപിള്ളേർക്കു മോഹിനിയാട്ടം പറ്റണമെങ്കിൽ അതുപോലെ സൗന്ദര്യമുണ്ടാകണം. ഇവനെ കണ്ടുകഴിഞ്ഞാൽ ദൈവവും പെറ്റ തള്ളയും സഹിക്കില്ല'. പറഞ്ഞതിൽ കുറ്റബോധമില്ലെന്നും പരാതിയുള്ളവർ കേസുകൊടുക്കട്ടെയെന്നുമാണ് വിവാദമുയർന്ന ശേഷം സത്യഭാമ പ്രതികരിച്ചത്. കറുത്ത കുട്ടികൾ മത്സരിച്ചാൽ സമ്മാനം കിട്ടില്ലെന്നും കറുത്തവർ മേക്കപ്പിട്ട് വ്യത്തികേടാക്കരുതെന്നുംകൂടി പറഞ്ഞു. 'ആരെയും ജാതീയമായി അധിക്ഷേപിച്ചിട്ടില്ല. അതിനു തെളിവുമില്ല. പോലീസിനും കോടതിക്കും തെളിവല്ലേ വേണ്ടത്? 66-ാമത്തെ വയസ്സിൽ എനിക്കു മാത്രം അഭിപ്രായം പറയാൻ പാടില്ലെന്നു നിയമമില്ല. ആരുടെയും സർട്ടിഫിക്കറ്റും ആവശ്യമില്ല' - അവർ പറഞ്ഞു. സത്യഭാമയ്ക്കെതിരെ പട്ടികജാതി-പട്ടികവർഗ പീഡനനിരോധന നിയമപ്രകാരം കേസെടുക്കണമെന്ന് ആവശ്യപ്പെട്ടു ബിജെപി പട്ടികജാതി മോർച്ച ഭാരവാഹികൾ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്കു പരാതി നൽകി.

# മോദിയുടെ വികസിത് ഭാരത് സന്ദേശം വിലക്കി തെര. കമ്മീഷൻ

ന്യൂഡൽഹി: വാട്ട്സ് ആപ്പിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വികസിത ഭാരത് സന്ദേശം അയയ്ക്കുന്നത് ഉടൻ നിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം. പൊതുതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചശേഷം ഇത്തരം സന്ദേശങ്ങൾ വ്യക്തികൾക്ക് അയയ്ക്കുന്നത് പെരുമാറ്റച്ചട്ട ലംഘനമാണെന്ന് കാട്ടി ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി. നിർദ്ദേശം പാലിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്ന് കമ്മീഷൻ റിപ്പോർട്ടും തേടി.

നരേന്ദ്ര മോദി സർക്കാരിന്റെ പത്തു വർഷത്തെ വികസനനേട്ടങ്ങൾ പരാമർശിക്കുന്ന പ്രധാനമന്ത്രിയുടെ കത്ത് ഉൾപ്പെടെയുള്ള സന്ദേശങ്ങളാണ് വാട്ട്സ് ആപ്പിലൂടെ വ്യക്തികളിലേക്കെത്തിയത്. കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയതതിൽ രജിസ്റ്റർ ചെയ്ത വാട്ട്സ്ആപ്പ് അക്കൗണ്ടിൽ നിന്നാണ് സന്ദേശം അയച്ചിരുന്നത്. ഇതിനെതിരെ കോൺഗ്രസും തൃണമൂൽ കോൺഗ്രസും ഉൾപ്പെടെയുള്ള പ്രതിപക്ഷ കക്ഷികൾ പരാതിയുമായി തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷവും വിദേശത്തടക്കമുള്ള പൗരന്മാരുടെ ഫോണുകളിലേക്ക് ഇത്തരം സന്ദേശമെത്തുന്നുവെന്നു കാട്ടി വിവിധ കോണുകളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഇത്തരം സന്ദേശങ്ങൾ അയയ്ക്കുന്നത് ഉടൻതന്നെ അവസാനിപ്പിക്കണം. കമ്മീഷൻ നിർദ്ദേശിച്ച പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്ന ശേഷവും ഉപയോക്താക്കൾക്ക് സന്ദേശം അയച്ചതിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നതു സംബന്ധിച്ച് നോട്ടീസിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ സൂചിപ്പിച്ചിട്ടില്ല. അതേസമയം, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന കഴിഞ്ഞ 16-നു മുമ്പാണ് സന്ദേശം അയച്ചതെന്നാണ് കേന്ദ്രസർക്കാർ വൃത്തങ്ങളുടെ വിശദീകരണം. സാങ്കേതിക തടസവും മറ്റു തകരാറുകളുംമൂലം ചില ഉപയോക്താക്കൾക്ക് ഇത് വൈകിയാണ് ലഭിച്ചത്. നെറ്റ്വർക്ക് പ്രശ്നങ്ങളാകാം അതിനു കാരണമെന്നും കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം അറിയിച്ചതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

# ഇലക്ടറൽ ബോണ്ട് ബിജെപിയുടെ വൻ അഴിമതി: പ്രശാന്ത് ഭൂഷൺ

ന്യൂഡൽഹി: ഇലക്ടറൽ ബോണ്ടുകൾ വഴി പാർട്ടിക്കു സംഭാവന നൽകിയ സ്ഥാപനങ്ങൾക്ക് കേന്ദ്രം ഭരിക്കുന്ന ബിജെപിയിൽനിന്നു കോടാനുകോടി രൂപയുടെ പാരിതോഷികങ്ങൾ ലഭിച്ചതായി മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ. ഇലക്ടറൽ ബോണ്ട് ഇന്ത്യ കണ്ട വൻ അഴിമതിയാണെന്നും പ്രശാന്ത് ഭൂഷൺ ആരോപിച്ചു. കേന്ദ്രത്തിന്റെ വിവിധ പദ്ധതികൾക്കു കീഴിലുള്ള 3.7 ലക്ഷം



കോടിയോളം വരുന്ന 172 കരാറുകളാണ് ഇലക്ടറൽ ബോണ്ട് വഴി ബിജെപിക്കു സംഭാവന നൽകിയ വിവിധ സ്ഥാപനങ്ങൾക്കായി കേന്ദ്രം പകുത്തുനൽകിയത്.

കേന്ദ്ര ഏജൻസികളുടെ റെയ്ഡിനു വിധേയരായ 41 സ്ഥാപനങ്ങളിൽ 33 സ്ഥാപനങ്ങൾക്കും അവരുടെ ഷെൽ കമ്പനികൾക്കും പാരിതോഷികങ്ങൾ ലഭിച്ചതായും പ്രശാന്ത് ഭൂഷൺ ചൂണ്ടിക്കാട്ടി. മാർച്ച് 22-ന് മാധ്യമങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് കേസിൽ അഭിഭാഷകനായിരുന്ന പ്രശാന്ത് ഭൂഷൺ, കക്ഷികളായിരുന്ന അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ്, കോമൺകോസ് എന്നിവരുടെ പ്രതികരണം. ഇലക്ടറൽ ബോണ്ടുകൾ പണമാക്കുന്നതിനുള്ള 15 ദിവസത്തെ കാലാവധിയായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ, ബിജെപിയുടെ ദാതാക്കൾക്ക് എസ്ബിഐ വിട്ടുവീഴ്ചകൾ ചെയ്തതായും റിപ്പോർട്ടേഴ്സ് കളക്ടീവ് മാധ്യമ പ്രവർത്തകൻ നിതിൻ സേതി പറഞ്ഞു.

# പുഷ്പക് രണ്ടാം ലാൻഡിംഗ് പരീക്ഷണവും വിജയകരം

ബംഗളൂരു: ഐഎസ്ആർഒയുടെ പുനരുപയോഗിക്കാവുന്ന ബഹിരാകാശ വിക്ഷേപണ വാഹനത്തിന്റെ രണ്ടാം ലാൻഡിംഗ് പരീക്ഷണവും വിജയകരം. റീ യൂസബിൾ ലോഞ്ച് വെഹിക്കിളായ 'പുഷ്പക്' ആണ് ഇന്ത്യ വിജയകരമായി പരീക്ഷിച്ചത്. കർണാടകയിലെ ചിത്രദുർഗയിലുള്ള ഡിആർഡിഒയുടെ എയ്റോനോട്ടിക്കൽ ടെസ്റ്റ് റേഞ്ചിൽ മാർച്ച് 22-ന് രാവിലെ 7.10-നായിരുന്നു പരീക്ഷണം. ആദ്യ പരീക്ഷണം കഴിഞ്ഞ വർഷമാണു നടത്തിയത്. വ്യോമസേനയുടെ ചിനൂക് ഹെലികോപ്റ്ററിൽ നാലര കിലോമീറ്റർ ഉയരത്തിൽ പേടകത്തെ എത്തിച്ചശേഷം താഴേക്ക് ഇടുകയായിരുന്നു. പേടകം സ്വയം ദിശ മാറ്റി ലാൻഡ് ചെയ്തു. ദിശാ മാറ്റ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താനായിരുന്നു മാറ്റം. യുഎസ് സ്പേസ് ഷട്ടിലിനു സമാനമായ റീയൂസബിൾ ലോഞ്ച് വെഹിക്കിളാണ് ഐഎസ്ആർഒ വികസിപ്പിച്ച 'പുഷ്പക്'. എസ്‌യുവിയുടെ വലുപ്പമാണിതിനുള്ളത്. ബഹിരാകാശ യാത്ര കഴിഞ്ഞ് തിരിച്ചെത്തുന്ന പേടകം ലാൻഡ് ചെയ്യുന്നതുപോലെ തന്നെയാണ് പുഷ്പകും താഴേക്ക് എത്തിയത്. ഹെലികോപ്റ്ററിൽനിന്നു വേർപെട്ട് താഴേക്കുള്ള വീഴ്ചയിൽ റൺവേയിൽനിന്നു നാലു കിലോമീറ്റർ ഉയരത്തിൽ പുഷ്പക് സ്വയം നിയന്ത്രണം ഏറ്റെടുത്തു. ബ്രേക്ക് പാരച്യൂട്ടും ലാൻഡിംഗ് ഗിയർ ബ്രേക്കുകളും നോസ് വീൽ സ്റ്റിയറിംഗ് സംവിധാനവും ഉപയോഗിച്ച് കൃത്യമായി റൺവേയിൽ ഇറങ്ങി. മണിക്കൂറിൽ 320 കിലോമീറ്റർ വേഗത്തിലാണു പറന്നിറങ്ങിയത്. റീയൂസബിൾ ലോഞ്ച്



വെഹിക്കിൾ സാങ്കേതികവിദ്യ വികസിപ്പിക്കാനുള്ള ഐഎസ്ആർഒയുടെ ശ്രമങ്ങളുടെ വലിയ മുന്നേറ്റമാണിത്. ഒന്നാം പരീക്ഷണത്തിന് ഉപയോഗിച്ച അതേ പേടകമാണ് രണ്ടാം പരീക്ഷണത്തിനും ഐഎസ്ആർഒ ഉപയോഗിച്ചത്. വിക്രം സാരാഭായ് ബഹിരാകാശ കേന്ദ്രവും ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സെന്ററും ഐഎസ്ആർഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റും ചേർന്നാണു പരീക്ഷണ ദൗത്യം നടത്തിയത്.







# പാട്ടുത്സവം കിക്കോഫിന് ഗംഭീര തുടക്കം



സാൻഹൊസെ: പ്രശസ്ത പിന്നണി ഗായികയും നടിയും അവതാരകയുമായ റിമി ടോമി നയിക്കുന്ന പാട്ടുത്സവം എന്ന മെഗാഷോയ്ക്കു തുടക്കംകുറിച്ചു. സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിലായിരുന്നു കിക്കോഫ്. ക്നാനായ അസോസിയേഷൻ പ്രസിഡണ്ട് ഷിബു പാലക്കാട്ടിൽ നിന്നും ഷോയുടെ ആദ്യടിക്കറ്റ് ഏറ്റുവാങ്ങിക്കൊണ്ട് വികാരി ഫാ. ജെമി പുതുശ്ശേരി കിക്കോഫ് ഉദ്ഘാടനം ചെയ്തു.

കാലിഫോർണിയയിൽ പ്രശസ്തമായ സിലിക്കൺ വാലിയിൽ ഉൾപ്പെടുന്ന ബേ ഏരിയായിലെ ക്നാനായ കമ്യൂണിറ്റിയാണ് എല്ലാ മലയാളികൾക്കുമായി ഈ ഷോ സംഘടിപ്പിക്കുന്നത്. കോവിഡ് എന്ന മഹാമാരിക്ക് ശേഷം ആദ്യമായിട്ടാണ് ബേ ഏരിയായിൽ ഇത്തരത്തിൽ ഒരു മലയാളി ഷോ സംഘടിപ്പിക്കുന്നത്. ഇതിനായി മുൻപോട്ടുവന്ന ബേ ഏരിയായിലെ ക്നാനായ കമ്യൂണിറ്റിക്കു ബേ ഏരിയായിലെ മറ്റു മലയാളി അസോസിയേഷൻ ഭാരവാഹികൾ നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം എല്ലാവിധ ആശംസകളും അറിയിച്ചു.

സാൻഹൊസെ ക്നാനായ കമ്യൂണിറ്റി പ്രസിഡണ്ട് ഷിബു പാലക്കാട്ട്, അനീഷ് പുതുപ്പറമ്പിൽ (സെക്രട്ടറി), സിജോ പറപ്പള്ളി (വൈസ് പ്രസിഡണ്ട്), അനു അമോൽ ചെറുകര (ജോ. സെക്രട്ടറി), രാജു കറുത്തേടം (ട്രഷറർ), ജോസ് മാമ്പിള്ളിൽ (ട്രസ്റ്റി, സെ. മേരീസ് ക്നാനായ കാത്തലിക് ചർച്ച്), ബിജു പുളിക്കൽ, രാജു ചെമ്മാച്ചേരിൽ, മാത്യു തുരുത്തേൽപീടികയിൽ, റ്റാന്യ കുടിലിൽ, അനിൽ കണ്ടാരപ്പള്ളിൽ, കൊച്ചുമോൻ കൊക്കരവാലയിൽ എന്നിവരാണ് ഈ ഷോ കൊണ്ടുവരുന്നതിനായി നേതൃത്വം വഹിക്കുന്നത്. മങ്ക, ബേ മലയാളി, എൻ.എസ്.എസ്, തപസ്യ, ഫോമ, മ്യൂസിക് ഇന്ത്യ ഫൗണ്ടേഷൻ, സെൻട്രൽവാലി

**അമോൽ ചെറുകര**

മലയാളി അസോസിയേഷൻ, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് വോളിബോൾ ക്ലബ് എന്നീ വിവിധ അസോസിയേഷൻ പ്രതിനിധികളും ഈ ചടങ്ങിൽ പങ്കെടുത്തു.

റിമി ടോമിയോടൊപ്പം പ്രശസ്ത പിന്നണി ഗായകൻ ബിജു നാരായണൻ, കൗഷിക്, കോമഡി താരങ്ങളായ അശ്വതി, അനീഷ്, മായാ എന്നിവരും പങ്കെടുക്കുന്നു. ഏപ്രിൽ 28-ന് റെഡ് വുഡ് സിറ്റിയിലെ ഫോക്സ് തിയേറ്ററിലാണ് ഷോ നടക്കുന്നത്.

# ഫോമ സെൻട്രൽ റീജിയൻ (ചിക്കാഗോ) കുടുംബസംഗമം മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു

**ജോഷി വള്ളിക്കളം**

ചിക്കാഗോ: ഫോമ സെൻട്രൽ റീജിയന്റെ കുടുംബസംഗമം റീജിയൻ വൈസ് ചെയർമാൻ ടോമി എടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചിക്കാഗോ സീറോമലബാർ രൂപതാ അദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു.




ചടങ്ങിൽ ഫോമ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, ഫാ. സിജു മുടക്കോടി, റീജണൽ വിമൻസ് ചെയർ ആഷ തോമസ്, നാഷണൽ വിമൻസ് ചെയർ സുജ ഔസോ, കൺവൻഷൻ ചെയർമാൻ മാലിയിൽ, വൈസ് ചെയർമാൻ ജോൺ പാട്ടപ്പതി, ജഡ്ജി ഐറിസ് മാർട്ടീണസ് എന്നിവർ ആശംസകൾ നേർന്നു.

പീറ്റർ കുളങ്ങര, ബിജി എടാട്ട്, ജെസ്സി റിൻസി, റോയി നെടുംചിറ, ആന്റോ കവലയ്ക്കൽ, ജോസ് മണക്കാട്ട് എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഡോ. സാൽബി പോൾ സ്വാഗതവും സിബു കുളങ്ങര പരിപാടിയിൽ പങ്കെടുത്തവർക്ക് നന്ദിയും രേഖപ്പെടുത്തി. ജോഷി വള്ളിക്കളം പരിപാടികളുടെ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു.

# ജെയിംസ് കൂടൽ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട്

തിരുവനന്തപുരം: ജെയിംസ് കൂടലിനെ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ടായി കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ നിയമിച്ചതായി കെപിസിസി ജനറൽ സെക്രട്ടറി ടി.യു. രാധാകൃഷ്ണൻ അറിയിച്ചു. നിലവിൽ ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് (അമേരിക്ക) നാഷണൽ ചെയർമാൻ ആണ് ജെയിംസ് കൂടൽ. അമേരിക്കയിൽ നിന്നുള്ള ലോക കേരളസഭാ അംഗം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് ഫോറം ചെയർമാനായും പ്രവർത്തിക്കുന്നു ജെയിംസ് കൂടൽ. അമേരിക്കയിലെ ഹൂസ്റ്റൺ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗ്ലോബൽ ഇന്ത്യൻ മീഡിയ ചെയർമാനും എംഎസ്ജെ ബിസിനസ് ഗ്രൂപ്പ് ശൃംഖലയുടെ ചെയർമാനുമാണ് ജെയിംസ് കൂടൽ. 1994 മുതൽ ബഹ്റൈനിലും 2015 മുതൽ യുഎസ് എയിലുമായി വിവിധ മേഖലകളിൽ സേവനം നടത്തിവരുന്നു.



പൊതുപ്രവർത്തനം, ജീവകാരുണ്യം, മാധ്യമം തുടങ്ങി വിവിധ മേഖലകളിലെ സജീവ സാന്നിധ്യമാണ്. വേൾഡ് മലയാളി കൗൺസിൽ മുൻ ഗ്ലോബൽ ട്രഷററായിരുന്നു. ഇക്കാലയളവിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകിയത്.

അഖില കേരള ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായി. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡണ്ട്, ബഹ്റൈൻ ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇന്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറി, ഇന്ത്യൻ കമ്യൂണിറ്റി റിലീഫ് ഫണ്ടിന്റെ പേട്രൻ, ഓവർസീസ് ഇന്ത്യൻ കോൺഗ്രസ് ഗ്ലോബൽ ട്രഷറർ, ബഹ്റൈൻ നാഷണൽ കമ്മിറ്റി പ്രസിഡണ്ട്, ജയ്ഹിന്ദ് ചാനൽ ബഹ്റൈൻ ബ്യൂറോ ചീഫ്, നോർക്ക അഡ്വൈസറി ബോർഡ് അംഗം, കോൺഗ്രസ് കലഞ്ഞൂർ മണ്ഡലം പ്രസിഡണ്ട്, അടൂർ താലൂക്ക് റബർ മാർക്കറ്റിങ് സൊസൈറ്റി ഡയറക്ടർ തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. മലങ്കര കത്തോലിക്ക അമേരിക്ക, കാനഡ പാസ്റ്ററൽ കൗൺസിൽ അംഗമായ ജെയിംസ് കൂടൽ പത്തനംതിട്ട കോന്നി സ്വദേശിയാണ്.

# അരുണാചൽ ഇന്ത്യയുടെ ഭാഗംതന്നെ: യുഎസ്

വാഷിങ്ടൺ: അരുണാചൽ പ്രദേശിനുമേലുള്ള ചൈനീസ് അവകാശവാദങ്ങൾ നിരാകരിച്ച് അമേരിക്ക. അരുണാചൽ ഇന്ത്യയുടെ ഭൂപ്രദേശമാണ്. യഥാർഥ നിയന്ത്രണരേഖ മറികടന്ന് അരുണാചലിന്റെ മണ്ണിൽ ചൈന ഏകപക്ഷീയമായി നടത്തുന്ന കടന്നുകയറ്റങ്ങൾ അംഗീകരിക്കാനാകില്ലെന്നും യുഎസ്. അരുണാചൽ പ്രദേശിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ സന്ദർശനത്തിനു പിന്നാലെയാണ് ചൈന വീണ്ടും അവകാശവാദം ഉന്നയിച്ചത്.

ചൈനീസ് നീക്കങ്ങളെ അമേരിക്ക ശക്തമായി അപലപിക്കുന്നതായി യുഎസ് ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ ഡെപ്യൂട്ടി വക്താവ് വേദാന്ത് പട്ടേൽ പതിവുപത്രസമ്മേളനത്തിൽ പറഞ്ഞു. അരുണാചൽപ്രദേശിനെ ഇന്ത്യയുടെ ഭാഗമായി യുഎസ് അംഗീകരിക്കുന്നതായി ആവർത്തിക്കുന്നു. യഥാർഥ നിയന്ത്രണരേഖ മറികടന്ന് നുഴഞ്ഞുകയറ്റത്തിലൂടെയോ കൈയേറ്റത്തിലൂടെയോ സൈനിക-സിവിലിയൻ നീക്കങ്ങളിലൂടെയോ അവകാശം സ്ഥാപിക്കാനുള്ള ചൈനയുടെ ഏകപക്ഷീയമായ ശ്രമങ്ങളെ ശക്തമായി എതിർക്കുന്നു- പട്ടേൽ വ്യക്തമാക്കി.

കഴിഞ്ഞ ഒൻപതിന് ചൈനാ അതിർത്തിയോടു ചേർന്നു നിർമിച്ച തുരങ്കപാതാ പദ്ധതി ഉദ്ഘാടനത്തിനാണ് പ്രധാനമന്ത്രി മോദി അരുണാചലിലെത്തിയത്. അനധികൃതമായി ഇന്ത്യ കൈവശം വെച്ചിരിക്കുന്ന മേഖലയിലെ നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഉൾപ്പെടെയുള്ളവ നിർവഹിക്കുന്നതിലൂടെ അതിർത്തിത്തർക്കം രൂക്ഷമാക്കുമെന്നായിരുന്നു ചൈനയുടെ പ്രതികരണം.

ഇതരസംസ്ഥാനങ്ങൾ സന്ദർശിക്കുന്നതുപോലെ ഇന്ത്യയുടെ അവിഭാജ്യ ഘടകമായ അരുണാചലും പ്രധാനമന്ത്രി മോദി സന്ദർശിക്കുമെന്നും അതു ചോദ്യംചെയ്യാൻ വിദേശരാഷ്ട്രങ്ങൾക്ക് അധികാരമില്ലെന്നുമായിരുന്നു ഇന്ത്യയുടെ മറുപടി.

# കോട്ടയത്ത് ഇടത്തും വലത്തും കേരളാ കോൺഗ്രസ്

കോട്ടയം: വലിയുമ്പോൾ മുറുകുന്ന റബർ പോലെയാണ് കോട്ടയത്തെ കേരളാ കോൺഗ്രസുകാർ എന്നാണു സാധാരണ പറയാറുള്ളത്. റബർ രാഷ്ട്രീയത്തിന് ഏറെ പ്രാധാന്യമുള്ള കോട്ടയം മണ്ഡലത്തിൽ ഇത്തവണ ഇടത്തും വലത്തും കേരളാ കോൺഗ്രസുകൾ ഏറ്റുമുട്ടുമ്പോൾ വോട്ടർമാരുടെ മനസ് റബറിനേക്കാൾ വലിഞ്ഞു മുറുകും. കരുത്തുകാട്ടാൻ എൻഡിഎ കൂടി സജീവമായതോടെ മീനച്ചൂടിനെ വെല്ലുന്ന ചൂടിനാണു കോട്ടയം മണ്ഡലം സാക്ഷ്യം വഹിക്കുന്നത്.

മൂന്നു മുന്നണികളുടെയും ഘടകകക്ഷികൾ ഏറ്റുമുട്ടുന്നുവെന്ന പ്രത്യേകതയും ഇത്തവണ കോട്ടയം പാർലമെന്റ് മണ്ഡലത്തിനുണ്ട്. കേരളാ കോൺഗ്രസിലെ എംപിമാരായിരുന്ന തോമസ് ചാഴികാടനും ഫ്രാൻസിസ് ജോർജുമാണ് ഇടതിനും വലതിനുമായി ഏറ്റുമുട്ടുന്നത്. ബിഡിജെഎസ് സംസ്ഥാന അധ്യക്ഷൻ കൂടിയായ തുഷാർ വെള്ളാപ്പള്ളിയാണ് എൻഡിഎയ്ക്കു വേണ്ടി പോരാട്ടത്തിനിറങ്ങിയിരിക്കുന്നത്. എൽഡിഎഫിൽനിന്നു വിജയിച്ച ഫ്രാൻസിസ് ജോർജ് ഇത്തവണ യുഡിഎഫ് സ്ഥാനാർത്ഥിയായും യുഡിഎഫിൽനിന്നു വിജയിച്ച തോമസ് ചാഴികാടൻ എൽഡിഎഫ് സ്ഥാനാർത്ഥിയായും ഗോദയിലിറങ്ങുന്നുവെന്ന പ്രത്യേകതയും ഇത്തവണയുണ്ട്.


ഫ്രാൻസിസ് ജോർജ്

യുഡിഎഫിനു വളക്കൂറുള്ള മണ്ണാണ് കോട്ടയം. എന്നാൽ യുഡിഎഫിനു മേൽക്കൈയുള്ള മണ്ഡലത്തിൽ പലപ്പോഴും എൽഡിഎഫ് വിജയക്കൊടി പാറിച്ചിട്ടുണ്ട്. 1984-ൽ ഇന്ദിരാ തരംഗത്തിലും എൽഡിഎഫിനൊപ്പം നിന്ന ചരിത്രവും കോട്ടയത്തിനുണ്ട്. അന്ന് ഇടതിനുവേണ്ടി മത്സരത്തിനിറങ്ങിയ യുവനേതാവ് സുരേഷ് കുറുപ്പാണ് മണ്ഡലം പിടിച്ചെടുത്തത്. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ സുരേഷ് കുറുപ്പിനെ അട്ടിമറിച്ച് മറ്റൊരു യുവനേതാവായിരുന്ന രമേശ് ചെന്നിത്തല യുഡിഎഫി


തോമസ് ചാഴികാടൻ

ന് വേണ്ടി മണ്ഡലം തിരിച്ചുപിടിച്ചത് മറ്റൊരു ചരിത്രം.

16 തെരഞ്ഞെടുപ്പുകളിൽ പത്തിലും യുഡിഎഫിനായിരുന്നു വിജയം. 2008-ൽ മണ്ഡലം പുനഃസംഘടിപ്പിച്ചു. പിന്നീട് തെരഞ്ഞെടുപ്പ് നടന്ന 2009-ലും 2014-ലും ജോസ് കെ. മാണി വിജയിച്ചെന്നു മാത്രമല്ല ഭൂരിപക്ഷം 71,570-ൽ (2009) നിന്ന് 1,20,599 (2014) ആയി കൂടുകയും ചെയ്തു. കഴിഞ്ഞ തവണ യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച തോമസ് ചാഴികാടൻ 1,06,259 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്.


തുഷാർ വെള്ളാപ്പള്ളി

അന്നത്തെ സിപിഎം ജില്ലാ സെക്രട്ടറിയും ഇപ്പോഴത്തെ സഹകരണ വകുപ്പ് മന്ത്രിയുമായ വി.എൻ. വാസവനെയാണ് ചാഴികാടൻ പരാജയപ്പെടുത്തിയത്. ഏഴു നിയമസഭാ മണ്ഡലങ്ങളിൽ വൈക്കത്ത് മാത്രമാണ് ഇടതുമുന്നണിക്ക് നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്.

എന്നാൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വൈക്കത്തിന് പുറമേ ഏറ്റുമാനൂരിൽ കൂടി ഇടതുമുന്നണിക്ക് വിജയിക്കാൻ കഴിഞ്ഞെങ്കിലും ബാക്കിയുള്ള അഞ്ചു മണ്ഡലങ്ങളും യുഡിഎഫിന്റെ കൈവശമാണ്.

കോട്ടയം, പുതുപ്പള്ളി, പാലാ, കടുത്തുരുത്തി, പിറവം എന്നിവയാണു യുഡിഎഫ് മണ്ഡലങ്ങൾ. തോമസ് ചാഴികാടന്റെ സ്വീകാര്യതയാണു എൽഡിഎഫിന്റെ തുറുപ്പുചീട്ട്. എംപി എന്ന നിലയിൽ കഴിഞ്ഞ അഞ്ചു വർഷം മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളും ചാഴികാടന് തുണയാകുമെന്ന് എൽഡിഎഫ് കണക്കുകൂട്ടുന്നു. എംപിമാരുടെ പ്രാദേശിക വികസന ഫണ്ട്

(ശേഷം 30-ാം പേജിൽ)

## രണ്ടാമത്തെ ദൈർഘ്യമേറിയ വോട്ടിങ് പ്രക്രിയ

ന്യൂഡൽഹി: ഇന്ത്യ ഇത്തവണ സാക്ഷ്യം വഹിക്കുന്നത് രണ്ടാമത്തെ ദൈർഘ്യമേറിയ വോട്ടെടുപ്പു പ്രക്രിയയ്ക്ക്.

ഏഴു ഘട്ടങ്ങളിലായി 44 ദിവസമെടുത്താണ് 543 മണ്ഡലങ്ങളിൽ വോട്ടിങ് പൂർത്തിയാക്കുന്നത്. 1951-52-ലെ പ്രഥമ പൊതുതെരഞ്ഞെടുപ്പിനുശേഷം ഇതാദ്യമായാണ് വോട്ടെടുപ്പിന് ഇത്രയും സുദീർഘമായ കാലയളവ് വേണ്ടിവരുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനം മുതൽ വോട്ടെണ്ണൽ തീയതി വരെയുള്ള കാലയളവ് കണക്കിലെടുത്താൽ 82 ദിവസമെടുത്താണ് ഇത്തവണ തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാകുന്നതെന്ന സവിശേഷതയുമുണ്ട്.

പ്രഥമ തെരഞ്ഞെടുപ്പാണ് ദൈർഘ്യമേറിയ വോട്ടെടുപ്പു പ്രക്രിയയിൽ ആദ്യ സ്ഥാനത്ത്. 1951 ഒക്ടോബർ 25-നു തുടങ്ങി 1952 ഫെബ്രുവരി 21-നാണ് വോട്ടിങ് അവസാനിച്ചത്; വേണ്ടിവന്നത് നാലുമാസത്തോളം. 25 സംസ്ഥാനങ്ങളിൽ 68 ഘട്ടമായിട്ടായിരുന്നു അന്ന് വോട്ടെടുപ്പ് നടന്നത്. 1952-ൽ ആദ്യ മാസങ്ങളിലാണ് ബഹുഭൂരിപക്ഷം മണ്ഡലങ്ങളിലും പോളിങ് പൂർത്തിയായത്. ഇതിൽനിന്നു ഭിന്നമായി ഹിമാചൽ പ്രദേശ് 1951-ൽ സമ്മതിദാനാവകാശം വിനിയോഗിച്ചു. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കാലാവസ്ഥ പ്രതികൂലമാകുമെന്ന കണക്കുകൂട്ടലിലായിരുന്നു ഹിമാചലിൽ വോട്ടിങ് നേരത്തെയാക്കിയത്.

1962 മുതൽ 1989 വരെയുള്ള കാലയളവുകൾക്കിടെ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പുകളുടെ പരമാവധി ദൈർഘ്യം നാലുമുതൽ 10 വരെ ദിവസങ്ങളായിരുന്നു. 1980-ലെ തെരഞ്ഞെടുപ്പാണ് ഏറ്റവും ദൈർഘ്യം കുറഞ്ഞ കാലയളവിനുള്ളിൽ പൂർത്തിയായത്. ജനുവരി മൂന്നുമുതൽ ആറുവരെ വെറും നാലുദിവസം മാത്രമായിരുന്നു അന്ന് വേണ്ടിവന്നത്. ഈ തെരഞ്ഞെടുപ്പിലായിരുന്നു ഇന്ദിരാ ഗാന്ധി വീണ്ടും അധികാരത്തിലേറിയത്.

2004-ൽ നാലുഘട്ടമായി 21 ദിവസമെടുത്തും 2009-ൽ അഞ്ചു ഘട്ടങ്ങളിലായി ഒരു മാസത്തോളമെടുത്തുമാണ് തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാക്കിയത്. 2014-ൽ ഒൻപതു ഘട്ടങ്ങളിലായി 36 ദിവസമാണ് തെരഞ്ഞെടുപ്പിനു വേണ്ടിവന്നത്.

ഇത്തവണ ഏഴു ഘട്ടങ്ങളിലായി രണ്ടുമാസത്തിലധികം നീളുന്ന വോട്ടിങ് പ്രക്രിയയെ വിമർശിച്ച് പ്രതിപക്ഷപ്പാർട്ടികൾ രംഗത്തെത്തിയിട്ടുണ്ട്. വിവിധ മേഖലകളുടെ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയ്ക്കു പുറമേ പൊതു അവധിദിനങ്ങൾ, ആഘോഷങ്ങൾ, പരീക്ഷ തുടങ്ങിയവ കണക്കിലെടുത്താണ് വോട്ടെടുപ്പു തീയതി പ്രഖ്യാപിച്ചതെന്ന് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ രാജീവ് കുമാർ വ്യക്തമാക്കി.

## പൗരത്വനിയമ ചട്ടങ്ങൾക്ക് സ്റ്റേ ഇല്ല

ന്യൂഡൽഹി: പൗരത്വ നിയമത്തിലെ പുതിയ വ്യവസ്ഥകൾ നടപ്പാക്കാനുള്ള ചട്ടങ്ങൾ ഉടൻ സ്റ്റേചെയ്യണമെന്ന ആവശ്യം സുപ്രീംകോടതി നിരാകരിച്ചു. സ്റ്റേ ചെയ്യണമെന്ന അപേക്ഷകളിൽ ഏപ്രിൽ ഒൻപതിനു വാദം കേൾക്കും. വിശദമായ മറുപടി സത്യവാങ്മൂലം നൽകാൻ കേന്ദ്രത്തിന് മൂന്നാഴ്ച അനുവദിച്ചു. ഉടൻ സ്റ്റേ വേണമെന്ന് കക്ഷികളിൽ ചിലർ ആവശ്യപ്പെട്ടപ്പോൾ, പൗരത്വ അപേക്ഷകളിൽ നടപടി സ്വീകരിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങളോ സമിതികളോ ഇതുവരെ രൂപികരിച്ചിട്ടില്ലെന്നു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. പൗരത്വ നിയമത്തിലെ പുതിയ വ്യവസ്ഥകൾക്കെതിരെ 237 ഹർജികൾ നിലവിലുണ്ട്. കഴിഞ്ഞ 11-ന് വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് 20 അപേക്ഷകളും. സ്റ്റേ ആവശ്യം എതിർത്ത് കേന്ദ്രം സത്യവാങ്മൂലം നൽകിയിരുന്നു. വിശദമായ മറുപടി നൽകാൻ സോളിസിറ്റർ ജനറൽ തുഷാർ മേത്ത നാലാഴ്ച ആവശ്യപ്പെട്ടു. ആരുടെയും പൗരത്വം എടുത്തുകളയുന്നതല്ല വ്യവസ്ഥകളെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്രത്തിനു സമയം നൽകിയാലും പരിഷ്കരിച്ച നിയമപ്രകാരമുള്ള നടപടികൾക്കു സ്റ്റേ വേണമെന്ന് കേരള സർക്കാർ, മുസ്‌ലിം ലീഗ്, ഡിവൈഎഫ്ഐ, രമേശ് ചെന്നിത്തല, സിപിഎം, സിപിഐ, സമസ്ത, ടി.എൻ. പ്രതാപൻ തുടങ്ങിയ അപേക്ഷകർ ആവശ്യപ്പെട്ടു. ഇതിനുള്ള മറുപടിയായാണ് അടിസ്ഥാന സൗകര്യങ്ങൾ തയാറായിട്ടില്ലെന്ന് ജഡ്ജിമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരുമുൾപ്പെട്ട ബെഞ്ച് പറഞ്ഞത്. അപേക്ഷകർ വാദങ്ങൾ അടുത്ത മാസം രണ്ടിനകവും കേന്ദ്രം എതിർവാദങ്ങൾ എട്ടിനകവും എഴുതി നൽകണമെന്നും കോടതി വ്യക്തമാക്കി. കേസ് വീണ്ടും പരിഗണിക്കുന്നതിനിടെ പൗരത്വം അനുവദിക്കൽ നടപടികളുമായി കേന്ദ്രം മുന്നോട്ടുപോകാനുള്ള സാധ്യത മുസ്‌ലിം ലീഗിനുവേണ്ടി കപിൽ സിബലും ഹാരിസ് ബീരാനും ഉന്നയിച്ചു. അങ്ങനെയുണ്ടായാൽ കോടതിയെ സമീപിക്കാമെന്നു ബെഞ്ച് സൂചിപ്പിച്ചു. കേരള സർക്കാരിനുവേണ്ടി ജയ്ദീപ് ഗുപ്തയും സ്റ്റാൻഡിങ് കൗൺസൽ സി.കെ. ശശിയും തൃണമൂൽ നേതാവ് മഹുവ മൊയ്ത്രയ്ക്കുവേണ്ടി ഇന്ദിര ജയ്സിങ്ങും ഹാജരായി. നടപടികൾ കാണാൻ മുസ്‌ലിം ലീഗ് നേതാക്കളായ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ. കുഞ്ഞാലിക്കുട്ടി, പി.വി. അബ്ദുൽ വഹാബ് എംപി തുടങ്ങിയവർ കോടതിയിലുണ്ടായിരുന്നു.




BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Officee: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിന്റെ പുതിയ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ചിക്കാഗോ സെ. മേരീസിൽ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു





ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ഭക്ത്യാദരപൂർവം ആഘോഷിച്ചു. ഫാ. ജോഷി വലിയവീട്ടിലിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിയോടും പ്രത്യേക നൊവേനയോടും കൂടിയാണ് തിരുനാൾ ആഘോഷങ്ങൾ നടത്തപ്പെട്ടത്.

**അനിൽ മറ്റത്തിക്കുന്നേൽ**

തിരുക്കർമ്മങ്ങൾക്കു ശേഷം ഇടവകയിലെ ജോസഫ് നാമധാരികളെ പ്രത്യേകം അനുഗ്രഹിക്കുകയും തിരുനാൾ പ്രസുദേന്തിമാരായി കടന്നുവന്ന കുടുംബങ്ങൾക്ക് വിശുദ്ധ യൗസേപ്പിതാവിന്റെ ചിത്രങ്ങൾ വെഞ്ചരിച്ച് ഉപഹാരമായി നല്കുകയും ചെയ്തു. കഴുന്നെടുത്തു പ്രാർത്ഥിക്കുവാനും പാച്ചോർ നേർച്ചയിൽ പങ്കെടുക്കുവാനും തിരുനാളിന്റെ ഭാഗമായി സൗകര്യങ്ങൾ ഒരുക്കിയിരുന്നു.

തിരുനാൾ കർമ്മങ്ങൾക്ക് വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സെക്രട്ടറി സിസ്റ്റർ സിൽവേറിയസ് എന്നിവരോടൊപ്പം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ നേതൃത്വം നല്കി.

## കോപ്പേൽ സിറ്റി കൗൺസിലിലേക്ക് ബിജു മാത്യു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

**ഷാജി രാമപുരം**

ഡാളസ്: ടെക്സസ് സംസ്ഥാനത്തെ കോപ്പേൽ സിറ്റി കൗൺസിലിലേക്ക് മലയാളിയായ ബിജു മാത്യു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. നിലവിൽ സിറ്റിയുടെ പ്രോടേം മേയർ ആയ ബിജു മാത്യു ഇത് മൂന്നാം തവണയാണ് സിറ്റി കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്.

2018-ൽ ബിജു മാത്യു മത്സരിക്കുമ്പോൾ കോപ്പേൽ സിറ്റിയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് വിദേശത്ത് ജനിച്ചുവളർന്ന ഒരു വ്യക്തി കൗൺസിലിൽ വിജയിക്കുന്നത്. അന്ന് അദ്ദേഹം രണ്ട് എതിരാളികളെ പരാജയപ്പെടുത്തിയാണ് വിജയിച്ചത്. തുടർന്ന് 2021-ൽ മുപ്പത്തി അഞ്ചിൽപ്പരം വർഷമായി സിറ്റിയിൽ സ്ഥിരതാമസക്കാരനായ മാർക്ക് സ്മിത്ത് എന്ന ശക്തനായ എതിരാളിയെ പരാജയപ്പെടുത്തിയാണ് വിജയിച്ചതും പിന്നീട് പ്രോടേം മേയർ ആയതും.

കോപ്പേൽ സിറ്റിയുടെ place 6-ൽ നിന്നാണ് 2024-ൽ എതിരില്ലാതെ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നത്.



തിരുവല്ല എസി ഹൈസ്കൂളിൽനിന്ന് പത്താം ക്ലാസ് വിദ്യാഭ്യാസം പൂർത്തീകരിച്ച് അമേരിക്കയിൽ എത്തിച്ചേർന്ന ബിജു മാത്യു പ്രസിദ്ധമായ ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് എൻജിനീയറിംഗിൽ ബിരുദവും തുടർന്ന് മാസ്റ്റേഴ്സും കരസ്ഥമാക്കിയ ശേഷമാണ് ഐടി മേഖലയിലെ ജോലിയുടെ ഭാഗമായി ഡാളസിലെ കോപ്പേൽ സിറ്റിയിൽ സ്ഥിരതാമസമാക്കുന്നത്.

മാർത്തോമ്മാ സഭയുടെ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകാംഗമായ ബിജു മാത്യുവിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ഐക്യരാഷ്ട്ര സഭയുടെ മുൻ അണ്ടർസെക്രട്ടറിയും തിരുവനന്തപുരം എംപിയുമായ ശശി തരൂർ തുടങ്ങിയ നേതാക്കളുമായി നേരിട്ട് കണ്ട് അമേരിക്കയിലെ പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ അവസരം ലഭിച്ചിട്ടുണ്ട്.

## സി.എം.എ കലാമേള ഏപ്രിൽ 20-ന്

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള ഏപ്രിൽ 20-ന് സെ. തോമസ് സീറോമലബാർ കത്തീഡ്രൽ ഹാളിൽ വെച്ച് നടത്തുന്നു. കലാമേളയിൽ മുൻകാലങ്ങളിൽ നടത്തിയിരുന്ന എല്ലാ മത്സരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചിക്കാഗോയിലും പരിസര പ്രദേശങ്ങളിലുമുള്ള എല്ലാ ഡാൻസ് സ്കൂളുകളുടെയും മറ്റു കലാപരിപാടികൾ നടത്തുന്നവരുടെയും



സജി മാലിത്തുരുത്തിൽ



സാറാ അനിൽ



സന്തോഷ് വി.ജി

ആത്മാർത്ഥമായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. കലാമേളയുടെ ചെയർമാൻ സജി മാലിത്തുരുത്തിൽ (630 470 0035), കോ-ഓർഡിനേറ്റേഴ്സ് സാറാ അനിൽ (630 914 0713), സന്തോഷ് വി.ജി (224 432 4944)എന്നിവരാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രസിഡണ്ട് ജെസ്സി റിൻസി (773 322 2554, സെക്രട്ടറി ആൽവിൻ ഷിക്കോർ (630 274 5423), ട്രഷറർ മനോജ് അച്ചേട്ട് (224 522 2470).



# യൗസേപ്പ് സംഗമം അനുഗൃഹീതമാക്കി ചിക്കാഗോ തിരുഹൃദയ ഇടവക

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ വി. യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജോസഫ് നാമധാരികളുടെ സംഗമം നടത്തപ്പെട്ടു. തിരുനാൾ ആഘോഷം ആരാധനയോടും ആഘോഷമായ വിശുദ്ധ കുർബാനയോടും കൂടെ നടത്തപ്പെട്ടു.



തിരുക്കുടുംബത്തിന്റെ സംരക്ഷകനും തൊഴിലാളികളുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ യൗസേപ്പിതാവിനോട് മാദ്ധ്യസ്ഥ്യം തേടിയുള്ള പ്രാർത്ഥനകൾക്ക് വികാരി ഫാ. തോമസ് മുളവനാൽ നേതൃത്വം നല്കി.

തുടർന്ന് ഇടവകയിലെ ജോസഫ് നാമധാരികളുടെ പ്രദക്ഷിണവും സംഗമവും നടത്തപ്പെട്ടു. ജോസഫ് നാമധാരികൾ തിരുനാൾ ഏറ്റെടുത്തു നടത്തി സ്നേഹവിരുന്ന് ക്രമീകരിച്ചു. വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾദിനം പുഷ്പവടി നേർച്ചയും നടത്തപ്പെട്ടു. നൂറുകണക്കിന് വിശ്വാസികൾ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

കൈയിൽ കുരിശുരൂപം വഹിച്ചുകൊണ്ട് നില്ക്കുന്ന വിശുദ്ധ യൗസേപ്പിന്റെ വ്യത്യസ്തമായ രൂപം ഈ ദൈവാലയത്തിൽ കാണുന്ന വേറിട്ടൊരു കാഴ്ചയാണെന്ന് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ഓർമ്മിപ്പിച്ചു.

ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

# ആൻഡ്രൂസ് ചിരവത്തറ കോറെപ്പിസ്കോപ്പ അന്തരിച്ചു

മണർകാട്: ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിലെ സഹവികാരി ആൻഡ്രൂസ് ചിരവ



ത്തറ കോറെപ്പിസ്കോപ്പ (66) അന്തരിച്ചു. മൂന്നര പതിറ്റാണ്ടോളം മണർകാട് പള്ളിയിലെ സഹവികാരിയായിരുന്ന അദ്ദേഹം സെന്റ് മേരീസ് ഐടിസി മാനേജർ, മർത്തമറിയം വനിതാ സമാജം പ്രസിഡണ്ട്, പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു.

മണർകാട് സെന്റ് മേരീസ് കോളജ്, ആശുപത്രി, ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ മാനേജർ, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, തിയോളജിക്കൽ സെമിനാരി ഓഡിറ്റർ, യാക്കോബായ സിറിയൻ സൺഡേ സ്കൂൾ കോട്ടയം ഭദ്രാസന ഡയറക്ടർ, സിറിയൻ യാക്കോബായ വിബിഎസ് ഭദ്രാസന ഡിസ്ട്രിക്ട് കൺവീനർ തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

ഭാര്യ: തിരുവഞ്ചൂർ കാക്കനാട് സാലമ്മ ആൻഡ്രൂസ്. മക്കൾ: നിതിൻ ഈപ്പൻ ആൻഡ്രൂസ് (സോഫ്റ്റ്വെയർ എഞ്ചിനീയർ, യുഎസ്), ഡോ. ജിതിൻ കുര്യൻ ആൻഡ്രൂസ് (മണർകാട് പള്ളി ട്രസ്റ്റി, സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എഞ്ചിനിയറിങ്, പാത്താമുട്ടം). മരുമക്കൾ: തിരുവഞ്ചൂർ മുക്കാലിത്തറയിൽ ജാക്സിൻ സാറാ ജേക്കബ് (യുഎസ്), തിരുവഞ്ചൂർ വേങ്കടത്ത് എസ്സാ മറിയം ജോസഫ് (സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എഞ്ചിനിയറിങ്, പാത്താമുട്ടം).

# ചിക്കാഗോ കൈരളി ലയൺസിന്റെ സ്പ്രിങ് വോളിബോൾ ടൂർണ്ണമെന്റ് മാർച്ച് 30–ന്

ജോസ് മണക്കാട്ട്

ചിക്കാഗോ: കൈരളി ലയൺസ് വോളിബോൾ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഈ വരുന്ന മാർച്ച് 30-ാം തീയതി ഡെസ്പ്ലെയിൻസിലുള്ള ഫീൽഡ്മാൻ ജിംനേഷ്യത്തിൽ വെച്ച് കൈ









രളി ലയൺസ് ക്ലബിന്റെ മൂന്നാമത് സ്പ്രിങ് വോളിബോൾ ടൂർണ്ണമെന്റ് നടത്തപ്പെടുന്നു. അന്തരിച്ച വോളിബോൾ കായികപ്രേമി ഏബ്രഹാം ടി. മാത്യുവിന്റെ ഓർമ്മയ്ക്കായിട്ടാണ് ഇത്തവണ ടൂർണ്ണമെന്റ് വേദി ഒരുങ്ങുന്നത്.

ചിക്കാഗോയിലും പരിസരപ്രദേശങ്ങളിലുമുള്ള നൂറിലധികം വോളിബോൾ കായിക താരങ്ങളാണ് പങ്കെടുക്കുന്നത്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവിധ തലത്തിലുള്ള മത്സരങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. 40 വർഷമായി നിലകൊള്ളുന്ന കൈരളി ലയൺസ് വോളിബോൾ ക്ലബ് അഭിരുചിയുള്ള യുവതലമുറയ്ക്ക് പരിശീലനം നല്കി വളർത്തിയെടുക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ക്ലബ് പ്രസിഡണ്ട് പ്രിൻസ് തോമസ്, സെക്രട്ടറി ബിജോയി കാപ്പൻ, ട്രഷറർ നിമ്മി തുരുത്തിവേലിൽ, വൈസ് പ്രസിഡണ്ട് സനീഷ് തോമസ്, ജോ. സെക്രട്ടറി ഷിബു, ടൂർണ്ണമെന്റ് കോ-ഓർഡിനേറ്റർമാരായ സിബി കദളിമറ്റം, റിന്റു ഫിലിപ്പ്, റയാൻ തോമസ്, മാത്യു തട്ടാമറ്റം എന്നിവരുമായി ബന്ധപ്പെടുക.


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate) Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com



ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# സ്വരരാഗങ്ങൾ പെയ്തിറങ്ങുന്ന സീറോത്സവം – 2024




**മോഹൻ സെബാസ്റ്റ്യൻ**

ചിക്കാഗോ: ബെൽവുഡിലുള്ള മാർ തോമാശ്ലീഹാ കത്തീഡ്രൽ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സീറോത്സവം എന്ന സംഗീതനിശയുടെ ആദ്യ ടിക്കറ്റിന്റെ വില്പനോദ്ഘാടനം ചിക്കാഗോ രൂപതയുടെ ബിഷപ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു. പ്രസ്തുത പരിപാടിയുടെ ഗ്രാൻഡ് സ്പോൺസറായ അച്ചാമ്മ അലക്സ് മരുവിത്തറ ദമ്പതികൾക്ക് ആദ്യ ടിക്കറ്റ് നല്കിയാണ് ഉദ്ഘാടനം നിർവഹിച്ചത്. കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പിള്ളിയും കത്തീഡ്രൽ കൈക്കാരന്മാരായ ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, ബോബി ചിറയിൽ, വിവീഷ് ജേക്കബ് എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.



മലയാളത്തിന്റെ പ്രിയഗായകൻ ബിജു നാരായണനും കുടുംബപ്രേക്ഷകരുടെ പ്രിയഗായിക റിമി ടോമിയും ചേർന്ന് നയിക്കുന്ന സ്വരരാഗങ്ങൾ പെയ്തിറങ്ങുന്ന സീറോത്സവം 2024, സംഗീതപ്രേമികൾക്ക് ഒരു മനോഹര സംഗീത സായാഹ്നമായി മാറും എന്ന പ്രതീക്ഷയിലാണ് സംഘാടകർ. നേപ്പർ വില്ലയിലുള്ള യെല്ലോ ബോക്സിൽ വെച്ച് ഏപ്രിൽ 21-ന് ഞായറാഴ്ച വൈകുന്നേരമാണ് ഈ കലാവിരുന്ന് നടത്തപ്പെടുന്നത്. എന്നെന്നും മനസ്സിൽ മായാതെ ഓർത്തുവെക്കാവുന്ന ഈ സംഗീതനിശയുടെ ഭാഗമാകാൻ എല്ലാ കലാ ആസ്വാദകരെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ബിജി സി. മാണി 847 650 1398, വിവീഷ് ജേക്കബ് 773 499 2530, രഞ്ജിത്ത് ചെറുവള്ളി 312 608 8171, സന്തോഷ് കാട്ടൂക്കാരൻ 773 469 5048, ബോബി ചിറയിൽ 847 281 6808, ഷാരോൺ തോമസ് 630 520 8938, ഡേവിഡ് ജോസഫ് 847 730 7765.

# ഐപിസി ഈസ്റ്റേൺ റീജിയൻ വിമൻസ് ഫെലോഷിപ് പ്രവർത്തനോദ്ഘാടനം

**നിബു വെള്ളുവന്താനം**

ന്യൂയോർക്ക്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയൻ സഹോദരി സമാജം പ്രവർത്തനോദ്ഘാടനം മാർച്ച് 16-ന് ശനിയാഴ്ച ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി ചർച്ചിൽ വെച്ച് നടത്തപ്പെട്ടു. ഫ്ളോറിഡയിൽ നിന്നുള്ള സിസ്റ്റർ അക്സ പീറ്റേഴ്സണും സിസ്റ്റർ എലിസബത്ത് പ്രെയ്സണും സമ്മേളനത്തിൽ മുഖ്യസന്ദേശം നല്കി. വിമൻസ് ഫെലോഷിപ് പ്രസിഡണ്ട് ഡോ. ഷൈനി സാം നേതൃത്വം നല്കുകയും 2024-ലെ തുടർപരിപാടികൾ വിശദീകരിക്കുകയും ചെയ്തു. ഐപിസി ഈസ്റ്റേൺ റീജിയൻ വനിതാ കൂട്ടായ്മയിലെ മുൻകാല ഭാരവാഹികളെ അനുമോദിക്കുകയും അവരുടെ കഠിനാദ്ധ്വാനത്തിനും സഹോദരിമാരുടെ കൂട്ടായ്മയോടുള്ള അർപ്പണബോധത്തിനും സർട്ടിഫിക്കറ്റുകൾ നല്കുകയും ചെയ്തു. വിവിധ സഭകളിൽ നിന്നുള്ള ശുശ്രൂഷകന്മാരും വനിതാപ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചു.





# സിഎംഎ വാർഷിക പൊതുയോഗം മെയ് 5-ന് ഞായറാഴ്ച

**ആൽവിൻ ഷിക്കോർ**


ജെസ്സി റിൻസി


ആൽവിൻ ഷിക്കോർ


മനോജ് അച്ചേട്ട്


ഫിലിപ്പ് പുത്തൻപുരയിൽ


വിവീഷ് ജേക്കബ്


ഡോ. സിബിൾ ഫിലിപ്പ്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ 2023-2025 കാലഘട്ടത്തിലെ ഭരണസമിതിയുടെ ആദ്യത്തെ വാർഷിക പൊതുയോഗം 2024 മെയ് 5-ന് ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് അസോസിയേഷൻ ഓഫീസ് ഹാളിൽ (834 E. Rand Rd., Suite#13, Mount Prospect, IL-60056) നടത്തപ്പെടുന്നു. പ്രസിഡണ്ട് ജെസ്സി റിൻസിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ആൽവിൻ ഷിക്കോർ, വാർഷിക കണക്ക് ട്രഷറർ മനോജ് അച്ചേട്ട് എന്നിവർ അവതരിപ്പിക്കുന്നതാണ്.

# ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ ഇന്റർനാഷണൽ വടംവലിമത്സരം റോക്‌ലാൻഡിൽ നടത്തപ്പെടുന്നു

ന്യൂയോർക്ക്: കാൽക്കരുത്തിന്റെ മാന്ത്രികബലവും കൈക്കരുത്തിന്റെ മാന്ത്രികശക്തിയും മെയ്‌വഴക്കത്തിന്റെ മനോഹാരിതയുമായി ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ ഒന്നാമത് ഇന്റർനാഷണൽ വടംവലി മത്സരം ഓഗസ്റ്റ് 17-ന് ശനിയാഴ്ച ന്യൂയോർക്ക് റോക്ക്‌ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിൽവെച്ച് നടത്തപ്പെടുന്നു.

**സിജോ ചെരുവൻകാലായിൽ**

സാജൻ കുഴിപ്പറമ്പിൽ-ചെയർമാൻ, പോൾ കറുകപ്പിള്ളിൽ ജനറൽ കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.

പ്രായഭേദമെന്യേ ഏവർക്കും കലാ, കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നതിനായി രൂപീകരിച്ച ന്യൂയോർക്ക് സോഷ്യൽ ക്ലബിന്റെ പ്രവർത്തനങ്ങൾ തികച്ചും ശ്രദ്ധേയമാകുന്നു. ആധുനിക ജീവിതത്തിലെ തിരക്കിനിടയിൽ കായിക, കലാ മേഖലയുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഏവർക്കും സുരക്ഷിതവും ആത്മവിശ്വാസം പകരുന്നതുമായ അന്തരീക്ഷം പ്രദാനം ചെയ്യുക എന്നതു മാണ് ക്ലബിന്റെ പ്രധാന ലക്ഷ്യം. ന്യൂയോർക്കിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനാ നിയമങ്ങൾക്കു കീഴിലാണ് ക്ലബ് പ്രവർത്തനങ്ങൾ.

അംഗങ്ങൾക്കാവശ്യമായ ഗുണനിലവാരമുള്ള പ്രോഗ്രാമുകൾ ഒരുക്കുന്നതിൽ ക്ലബ് മുൻനിരയിലുണ്ട്. പരസ്പരമുള്ള കൂട്ടായ്മ നിലനിർത്തുക, അതിലെ അംഗങ്ങൾക്കിടയിൽ സൗഹൃദം വളർത്തുക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റു സാമൂഹിക പ്രവർത്തനങ്ങൾക്കും ആവശ്യമായ സംഭാവന നല്കുക, എല്ലാ പ്രായത്തിലുമുള്ള ആളുകളെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കായിക-കലാപരിപാടികൾ ഒരുക്കുക, പഠനത്തോടൊപ്പം സ്വയം വളരാനും മുന്നോട്ടു പോകുന്നതിനും പ്രോത്സാഹിപ്പിക്കുക, കമ്യൂണിറ്റിയിലെ മറ്റ് ഓർഗനൈസേഷനുകളുമായുള്ള പങ്കാളിത്തത്തോടെ മാർക്കറ്റിംഗിലും ഔട്ട്റീച്ചിലുമുള്ള പ്രോഗ്രാമുകൾക്ക് നേതൃത്വം നല്കുക എന്നിവയും ക്ലബിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

റോയ് മറ്റപ്പിള്ളിൽ (പ്രസിഡണ്ട്), സാജൻ കുഴിപ്പറമ്പിൽ (വൈസ് പ്രസിഡണ്ട്), ജിമ്മി പൂഴിക്കുന്നേൽ (സെക്രട്ടറി), ഷിബു ഏബ്രഹാം (ജോയിന്റ് സെക്രട്ടറി), ജോസ്‌കുട്ടി പൊറ്റംകുഴി (ട്രഷറർ), സിജു ചെറുവങ്കാല (പിആർഒ), നിബു ജേക്കബ്, ബിജു മുപ്രപ്പള്ളിൽ, ജോയൽ വിശാഖൻതറ, മനു അരയന്താനത്ത് എന്നിവർ ന്യൂയോർക്ക് സോഷ്യൽ ക്ലബ് ബോർഡ് അംഗങ്ങളാണ്.

അന്താരാഷ്ട്ര തലത്തിൽ നടത്തപ്പെടുന്ന പ്രസ്തുത കായിക മാമാങ്കത്തിൽ പ്രൈസ് നിശ്ചയിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ഫസ്റ്റ്പ്രൈസ് 5000 ഡോളർ+ട്രോഫിയും, സെക്കൻഡ് പ്രൈസ് 3000 ഡോളർ+ട്രോഫിയും, തേർഡ് പ്രൈസ് 2000 ഡോളർ+ട്രോഫിയും, ഫോർത്ത് പ്രൈസ് 1000 ഡോളർ+ട്രോഫിയുമാണ്. കാനഡ, യുകെ, ഇറ്റലി, മാൾട്ട, കുവൈറ്റ്, ഖത്തർ, ഇന്ത്യ തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അതുപോലെ തന്നെ അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുമുള്ള മികവുറ്റ ടീമുകൾ പങ്കെടുക്കുന്ന ഈ കായികമേളയിൽ പങ്കെടുത്തു വിജയിപ്പിക്കുക.




# മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു




ടാമ്പാ: മലയാളി അസോസിയേഷൻ ഓഫ് ടാമ്പ (എംഎസിഎഫ്) യുടെ നേതൃത്വത്തിൽ മാർച്ച് 9-ന് ടാമ്പയിലെ ശ്രീഅയ്യപ്പ ടെംപിൾ ഹാളിൽ വെച്ച് എംഎസിഎഫ് അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു. പ്രശസ്ത പീഡിയാട്രിഷനും നൃത്തം, കിക്ക് ബോക്സിംഗ്, യോഗ തുടങ്ങിയവ സമന്വയിപ്പിച്ച BollySoulFit എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകയുമായ ഡോ. പായൽ പട്ടേൽ മുഖ്യാതിഥിയായിരുന്ന സമ്മേളനത്തിൽ എം.എ.സി.എഫ് പ്രസിഡണ്ട് എബി തോമസ് സ്വാഗതം ആശംസിച്ചു.

സ്ത്രീകളുടെ നേട്ടങ്ങളെ അഭിനന്ദിക്കാനും ലിംഗസമത്വം പ്രോത്സാഹിപ്പിക്കാനും അതോടൊപ്പം കൂടുതൽ സ്ത്രീകൾ മുഖ്യധാരയിലേക്ക് കടന്നു വരേണ്ടതിന്റെ ആവശ്യകതയും ശ്രീമതി പായൽ പട്ടേൽ ആശംസാപ്രസംഗത്തിൽ ഓർമ്മപ്പെടുത്തി.

കഴിഞ്ഞ വർഷങ്ങളിൽ എംഎസിഎഫിന്റെ പ്രവർത്തനവിജയത്തിൽ നിർണായക പങ്കുവഹിച്ച എട്ട് വനിതകളെ ചടങ്ങിൽ ആദരിച്ചു. അഞ്ജലി അരുൺ ആയിരുന്നു പരിപാടിയുടെ അവതാരക.

തുടർന്ന് യോഗ, കലാപരിപാടികൾ, ഗെയിംസ്, ഡിജെ, കരോക്ക തുടങ്ങിയ രസകരമായ വിവിധ പരിപാടികൾ നടത്തപ്പെട്ടു. ഒരു മികച്ച സംരംഭക കൂടിയായ മിസിസ് രഞ്ജുഷ മണികണ്ഠൻ തയ്യാറാക്കിയ മനോഹരമായ കേക്ക് ചടങ്ങിനു മധുരം പകർന്നു.

**അരുൺ ഭാസ്കർ**




ടാമ്പാ പരിസരത്തുള്ള വനിതാ സംരംഭകരുടെ വിവിധ ബൂത്തുകളും ഇതോടൊപ്പം പ്രവർത്തിക്കുകയും തങ്ങളുടെ ഉല്പന്നങ്ങൾ ആളുകളിലേക്ക് എത്തിക്കുവാനും ഇതുമൂലം അവസരം ലഭിച്ചു. പങ്കെടുത്ത ഏവരും ഏറെ ആസ്വദിച്ച ഈ ആഘോഷങ്ങൾക്ക് രഞ്ജുഷ മണികണ്ഠൻ, വിശാഖ കൗശിക്, വീണ മോഹൻ, അമിത സുവർണ തുടങ്ങിയ അംഗങ്ങൾ നേതൃത്വം നല്കി.

അതോടൊപ്പം ഭാരവാഹികളായ എബി തോമസ്, സുജിത് കുമാർ, റെമിൻ മാർട്ടിൻ, അരുൺ ഭാസ്കർ, ജോബി കളപ്പുരയിൽ തുടങ്ങിയ ഏറെപ്പേരുടെ സഹകരണവും അതിന്റെ വിജയത്തിൽ പങ്കുവഹിച്ചു. കമ്മിറ്റി അംഗമായ നീനു ചോരത്തു നയിച്ച ഡിജെയോടു കൂടിയായിരുന്നു ആഘോഷരാവിന്റെ വർണശബളമായ സമാപനം.

KERALA EXPRESS പ്രവാസി താളുകൾ

# താമ്പായിൽ കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫ് ഉജ്ജ്വല വിജയം

താമ്പാ: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡായുടെ (കെ.സി.സി.സി.എഫ്.) ആഭിമുഖ്യത്തിൽ ക്നായിതൊമ്മൻ ഡേ സെലിബ്രേഷനോടനുബന്ധിച്ച് നടന്ന കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫിന് ഉജ്ജ്വലവിജയം.

ടെക്സാസിലെ സാൻ അന്റോണിയോയിൽ വെച്ച് ജൂലൈ 4, 5, 6, 7 തീയതികളിൽ നടത്തപ്പെടുന്ന 15-ാമത് കെ.സി.സി.എൻ.എ. ദേശീയ കൺവൻഷന്റെ താമ്പാ യൂണിറ്റിന്റെ കിക്കോഫ് കെ.സി.സി.എൻ.എ. പ്രസിഡന്റ് ഷാജി എടാട്ട് ഉദ്ഘാടനം ചെയ്തു.

കൺവൻഷന്റെ മെഗാ സ്പോൺസേഴ്സായി ജോസ് & അനിതാ ഉപ്പൂട്ടിൽ, ജെയിംസ് & ലിസ്സി ഇല്ലിക്കൽ, ഡോ. ടോണി

ജോണിക്കുട്ടി പിള്ളവീട്ടിൽ

& ഡോ. ഗീതി തണ്ടാശ്ശേരിൽ എന്നിവർ മുന്നോട്ടുവന്നു. അതുപോലെ ഗ്രാൻഡ് സ്പോൺസേഴ്സായി മിനു & റെനി പുല്ലുകാട്ട്, അബി & ജീവ പ്രാലേൽ, സാബു & ത്രേസ്യാമ്മ ഇല്ലിക്കൽ, സജി & ഷൈനി മഠത്തിലേട്ട്, റെജി & ട്രീസ തെക്കനാട്ട്, ബിജോയി & ജെയ്മോൾ മൂശാരിപറമ്പിൽ, അലക്സ് & ഡോ. ബിന്ദു കണിയാംപറമ്പിൽ, ജോസ്മോൻ & ജിഷ തത്തംകുളം, റ്റോമി & ലൂസി മ്യാൽക്കരപ്പുറത്ത്, സലിം & ജെസ്സി കുഴിപറമ്പിൽ എന്നിവർ സ്പോൺസർഷിപ്പ് നൽകുകയുണ്ടായി. തുടർന്ന് നടന്ന ചടങ്ങിൽ ഏകദേശം മുപ്പതിലധികം കുടുംബങ്ങൾ കൺവൻഷന് രജിസ്റ്റർ ചെയ്യുകയുണ്ടായി.

ഈ കൺവൻഷൻ കിക്കോഫ് ഇത്രയധികം വിജയപ്രദമാക്കാൻ സഹായിച്ച കെ.സി.സി.സി.എഫ്. പ്രസിഡന്റ് ഷിബു തണ്ടാരശ്ശേരിൽ, എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ, നാഷണൽ കൗൺസിൽ അംഗങ്ങൾ, സ്പോൺസർഷിപ്പ് തന്ന് സഹായിച്ച എല്ലാ കുടുംബങ്ങൾ എന്നിവരോടുള്ള നന്ദി കെ.സി.സി.എൻ.എ. പ്രസിഡന്റ് ശ്രീ. ഷാജി എടാട്ട് അറിയിക്കുകയുണ്ടായി.










# ചിക്കാഗോ കെ.സി.എസ് സംഘടിപ്പിച്ച ക്നായിതൊമ്മന്റെ ഓർമ്മദിനവും പൂർവ്വപിതാക്കന്മാരുടെ അനുസ്മരണവും ശ്രദ്ധേയമായി

ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ

**സിബു കുളങ്ങര**

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി സംഘടിപ്പിച്ച ക്നായിതൊമ്മന്റെ ഓർമ്മദിനവും പൂർവ്വപിതാക്കന്മാരുടെ അനുസ്മരണവും പാരമ്പര്യ സ്മരണകളെ തൊട്ടുണർത്തി. മോർട്ടൻഗ്രോവ് സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. സിജു മുടക്കോടിലും ഫാ. ടോമി വട്ടുകുളവും ചേർന്ന് ഡെസ്പ്ലെയിൻസിലുള്ള കെ.സി.എസ് ക്നാനായ സെന്ററിൽ വെച്ച് കോട്ടയം അതിരൂപതയുടെ പൂർവ്വ പിതാക്കന്മാർക്ക് വേണ്ടിയുള്ള മന്ത്ര പ്രാർത്ഥന നടത്തി.

ലെന കുരുട്ടുപറമ്പിലിന്റെ മാർത്തോമ്മൻ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച മീറ്റിംഗിൽ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കാത്തലിക് പള്ളി വികാരി റവ. ഫാ. സിജു മുടക്കോടിൽ ക്നായിതൊമ്മൻ ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ടോമി വട്ടുകുളത്തിൽ അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി.

യോഗത്തിൽ സെക്രട്ടറി സിബു കുളങ്ങര മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. വൈസ് പ്രസിഡണ്ട് ജിനോ കക്കാട്ടിൽ എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. തുടർന്ന് നടന്ന കലാപരിപാടികൾക്ക് യുവജനവേദി പ്രസിഡണ്ട് ടോം പുത്തൻപുരയ്ക്കൽ എംസിയായിരുന്നു.

പ്രമുഖ ചെണ്ടവിദ്വാൻ ജിനോ കവലയ്ക്കലിന്റെ നേതൃത്വത്തിൽ ചെണ്ടമേളവും ചിക്കാഗോയിലെ പ്രമുഖ ഡാൻസ് മാസ്റ്റേഴ്സായ തോമസ് ഒറ്റകുന്നേൽ, ചിനു തോട്ടം, ഷിഫിൻ ഷാജി എന്നിവരുടെ നേതൃത്വത്തിൽ മാർഗ്ഗംകളിയും വിവിധതരം സംഘനൃത്തങ്ങളും നടത്തപ്പെട്ടു. ക്നാനായ ചരിത്രത്തെക്കുറിച്ചു അഭിലാഷ് നെല്ലാമറ്റം നടത്തിയ ക്വിസ് മത്സരത്തിൽ രേഷ്മ പള്ളത്തറ, മത്തായിച്ചൻ ഇടുക്കുതറ, ജസ്ബിൻ മരങ്ങാട്ടിൽ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി പുന്നൂസ് തച്ചേട്ടും കുടുംബവും സ്പോൺസർ ചെയ്ത ക്യാഷ് പ്രൈസും ക്നായിത്തൊമ്മൻ ട്രോഫിക്കും അർഹരായി. പരിപാടികൾക്ക് കെ.സി.എസ്. എക്സിക്യൂട്ടീവിനൊപ്പം അഭിലാഷ് നെല്ലാമറ്റവും മറ്റ് കെ.സി.എസ് പോഷകസംഘടനാ ഭാരവാഹികളും നേതൃത്വം നല്കി.

ക്നാനായ സമുദായം വെല്ലുവിളികൾ നേരിടുന്ന ഈയവസരത്തിൽ പിതാമഹൻ ക്നായി തോമായുടെ അനുഗ്രഹത്തിൽ നിന്നും ആവാഹിച്ച ശക്തിയും ചൈതന്യവും സമുദായ സംരക്ഷണം ഉറപ്പാക്കുന്നതിനോടൊപ്പം വരുംതലമുറയ്ക്ക് സമുദായമൂല്യങ്ങൾ പകർന്നു നല്കാനുള്ള ഒരു അവസരം കൂടി ആയിട്ടാണ് ക്നായി തൊമ്മൻ ദിനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

































# ചിക്കാഗോ കെ.സി.എസ് സംഘടിപ്പിച്ച ക്നായിതൊമ്മന്റെ ഓർമ്മദിനവും പൂർവ്വപിതാക്കന്മാരുടെ അനുസ്മരണവും ശ്രദ്ധേയമായി

ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ


























# മോർട്ടൺഗ്രോവ് സെ. മേരീസ് ക്നാനായ ഇടവക മുൻ എക്സി. അംഗങ്ങളെ ആദരിച്ചു



ചിക്കാഗോ: 2022–23 കാലയളവിൽ സെ. മേരീസ് ഇടവകയിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി സേവനം ചെയ്തു വിരമിക്കുന്ന കൈക്കാരന്മാരായ കുഞ്ഞച്ചൻ കുളങ്ങര, അലക്സ് മല്ലപ്പള്ളി, ജെയിംസ് കിഴക്കേവാലേൽ, അമൽ കിഴക്കേക്കുറ്റ്, പാരിഷ് കൗൺസിൽ സെക്രട്ടറിയായി സേവനം ചെയ്ത

**അനിൽ മറ്റത്തിക്കുന്നേൽ**

ജോണിക്കുട്ടി പിള്ളവീട്ടിൽ, കഴിഞ്ഞ ഏഴു വർഷക്കാലം പാരിഷ് പിആർഒ ആയി സേവനം ചെയ്തു പിരിയുന്ന സ്റ്റീഫൻ ചൊള്ളമ്പേൽ എന്നിവരെ ഇടവക വികാരി ഫാ. സിജു മുടക്കോടിൽ പ്രശംസാഫലകം നല്കി ആദരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തപ്പെട്ട ഹ്രസ്വമായ ചടങ്ങിൽ വെച്ചാണ് മുൻ എക്സിക്യൂട്ടീവ് അംഗങ്ങളെ ആദരിച്ചത്. കേരളത്തിനു പുറത്തുള്ള ഏറ്റവും വലിയ ക്നാനായ ഇടവക എന്ന നിലയ്ക്ക്, ചിക്കാഗോ സെ. മേരീസ് ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക എന്നത് വളരെയധികം ശ്രദ്ധയും കരുതലും ആവശ്യമായ ഒരു കാര്യമാണ് എന്നും തികഞ്ഞ പ്രതിബദ്ധതയോടെയും സേവന സന്നദ്ധതയോടെയും ഈ കർത്തവ്യം ഏറ്റെടുക്കുകയും പൂർത്തിയാക്കുകയും ചെയ്ത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, അവർക്ക് പൂർണ്ണ പിന്തുണ നല്കിക്കൊണ്ട് അവരുടെ സേവനം ഇടവകയ്ക്ക് ലഭ്യമാക്കിയ അവരുടെ കുടുംബാംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നതായി ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, സെക്രട്ടറി സിസ്റ്റർ സിൽവേറിയസ് എന്നിവർ പങ്കെടുത്ത ചടങ്ങിന് കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ജോർജ് മറ്റത്തിൽപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ നേതൃത്വം നല്കി.

# സാൻഹൊസെയിൽ വാർഷികധ്യാനം നടത്തി



സാൻഹൊസെ: കാലിഫോർണിയയിൽ സാൻഹൊസെയിലെ മാതാവിന്റെ നാമത്തിലുള്ള സെ. മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഇടവകാംഗങ്ങൾക്കായി വാർഷിക ധ്യാനം നടത്തി.

മാർച്ച് 8, 9, 10 എന്നീ തീയതികളിലായിരുന്നു ധ്യാനം. ഇടവകാംഗങ്ങൾക്ക് പ്രാർത്ഥനയിൽ കൂടുതൽ സമയം ചെലവഴിക്കാനും ദൈവവുമായുള്ള ബന്ധം ആഴത്തിലാക്കുവാനും സഹായിച്ചു.

**അമോൽ ചെറുകര**

മുതിർന്നവർക്കായി തലശേരി രൂപതയിൽ നിന്നുള്ള ഫാ. മാത്യു ആശാരിപ്പറമ്പിലാണ് ധ്യാനം നയിച്ചത്. വേദപാഠം പഠിക്കുന്ന ഇടവകയിലെ കുട്ടികൾക്കായി ഫാ. ജോയ്സൺ (ഒഎഫ്എം ക്യാപ്) ആണ് ധ്യാനം നയിച്ചത്. സെമിനാരി വിദ്യാർത്ഥികളായ മൈക്കിൾ, ഫ്രഞ്ചേസ്കൊ, നോർമൻ എന്നിവർ ഇതിൽ പങ്കുചേർന്നു.

# സുവിശേഷ വ്യാഖ്യാനഗ്രന്ഥം പ്രകാശനം ചെയ്തു

**ബിനോയി സ്റ്റീഫൻ കിഴക്കനടി**

ചിക്കാഗോ: ഫാ. അബ്രാഹം മുത്തോലത്ത് രചിച്ച 'ജോയ് ഓഫ് ദ വേർഡ്' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം വാല്യം കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ചിക്കാഗോയിൽ പ്രകാശനം ചെയ്തു. ബോംബെയിലെ സെ. പോൾ പബ്ലിക്കേഷൻ അച്ചടിച്ചു വിതരണം ചെയ്യുന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിന്റെ തുടർച്ചയാണിത്. സീറോമലബാർ സഭയുടെ ഞായറാഴ്ചത്തെ സുവിശേഷ വായനകളുടെ സവിസ്തര വ്യാഖ്യാനമാണ് ഫാ. അബ്രാഹം മുത്തോലത്ത് രണ്ട് വാല്യങ്ങളിലായി നല്കുന്നത്. ഒന്നാം വാല്യം വായനകളുടെ ഒന്നാം സെറ്റും രണ്ടാം വാല്യം രണ്ടാം സെറ്റും അനുസരിച്ചാണ് ക്രമപ്പെടുത്തിയിരിക്കുന്നത്.




വടക്കെ അമേരിക്കയിലെ ക്നാനായ റീജിയണുകളുടെ വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളുമടങ്ങിയ സമ്മേളനത്തിൽ വെച്ച് പുസ്തകത്തിന്റെ കോപ്പി വികാരി ജനറാൾ മോൺ. തോമസ് മുളവനാലിന് നല്കിക്കൊണ്ടാണ് മാർ മൂലക്കാട്ട് പുസ്തകത്തിന്റെ വിതരണോദ്ഘാടനം നിർവഹിച്ചത്. പുസ്തക പ്രകാശനവേളയിൽ മാർ മൂലക്കാട്ട് ഗ്രന്ഥകാരനായ ഫാ. അബ്രാഹം മുത്തോലത്തിന്റെ കഠിനാദ്ധ്വാനത്തെയും ആഴമായ ബൈബിൾ പഠനത്തെയും പ്രശംസിച്ചു സംസാരിച്ചു. ഫാ. മുത്തോലത്ത് ഏവർക്കും നന്ദിയർപ്പിച്ചു.

# ഫിസിക്കൽ തെറാപ്പി ഡോക്ടർ കൂട്ടുകെട്ടിൽ ഫിലാഡൽഫിയായിൽ പിറന്ന 'ഫ്രണ്ട്സ് ഫിറ്റ്നസ്' സെന്റർ





വിൻസെന്റ് ഇമ്മാനുവൽ

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നാണല്ലോ. അതുപോലെ തന്നെയോ, അതിലേറെ പ്രാധാന്യത്തോടെയോ പറയേണ്ട മറ്റൊന്നാണ് ആരോഗ്യം സർവ്വധനാൽ പ്രധാനം എന്നത്. മാറുന്ന ജീവിത സാഹചര്യങ്ങളിൽ ശാരീരികാരോഗ്യത്തിന് അത്രയധികം പ്രാധാന്യമുണ്ട്. എന്നാൽ തിരക്കുകൾക്കിടയിൽ ആരോഗ്യം സംരക്ഷിക്കാൻ പലരും മറന്നു പോകുന്നു. ഒടുവിൽ അസുഖങ്ങൾ ശരീരത്തെ പിടിമുറുക്കി കഴിയുമ്പോൾ ഡോക്ടറെ കാണാതെ തരമില്ലെന്നാകും. അങ്ങനെയെങ്കിൽ രോഗങ്ങൾക്ക്



പ്രതിരോധവും ആരോഗ്യത്തിന് ഫിറ്റ്നസ് ടെക്നിക്കുകളുമായി ഡോക്ടർമാർ കൂടെ നിന്നാലോ? അങ്ങനെ രണ്ട് ഫിസിക്കൽ തെറാപ്പി ഡോക്ടർമാരുണ്ട് ഫിലാഡൽഫിയായിൽ. ഡോ. ബിനു സി. തോമസ്, ഡോ. സുബിൻ ഏബ്രഹാം എന്നിവർ. ഫിസിക്കൽ തെറാപ്പിസ്റ്റുകളായ ഇരുവരും ചേർന്ന് അമേരിക്കയിലെ ഫിലാഡൽഫിയായിൽ ഫ്രണ്ട്സ് ഫിറ്റ്നസ് എന്ന പേരിൽ ഒരു ഫിറ്റ്നസ് സെന്റർ ആരംഭിച്ചിരിക്കുകയാണ്.

അമേരിക്കയിൽ താമസിക്കുന്നവർക്ക് അറിയാം ഇവിടെ മുൻകൂട്ടി ബുക്ക് ചെയ്താൽപോലും ദിവസങ്ങൾ കാത്തിരുന്നാൽ മാത്രമേ ഒരു ഡോക്ടറെ കാണാൻ സാധിക്കൂ. ഡോക്ടർമാർക്ക് അത്രയധികം ഡിമാൻഡുള്ള ഒരു രാജ്യത്താണ് രണ്ട് ഫിസിക്കൽ തെറാപ്പി ഡോക്ടർമാർ മുഴുവൻ സമയവും ആളുകൾക്ക് തങ്ങളുടെ സമയവും സേവനവും നൽകുന്നത്. ഒന്നു വീണാൽ



എങ്ങനെ എഴുന്നേൽക്കാമെന്നത് തുടങ്ങി ആരോഗ്യത്തിന്റെ പ്രാഥമിക കാര്യങ്ങൾ മുതൽ ഇവിടെ അവർ വിശദീകരിച്ച് പരിശീലനം നൽകുന്നു. വെറുമൊരു ഫിറ്റ്നസ് എന്നതിലുപരി ഫ്രണ്ട്സ് ഫിറ്റ്നസ് എന്നത് ഡോ. സുബിന്റെയും ഡോ. ബിനുവിന്റെയും ഒരു സ്വപ്ന പദ്ധതി കൂടിയാണ്.

ചുറ്റും നോക്കിയാൽ അമേരിക്കയിൽ മലയാളികൾ ഏറ്റവുമധികം ജോലിചെയ്യുന്നത് ആരോഗ്യമേഖലയിലാണ്. എന്നാൽ സ്വന്തം ആരോഗ്യത്തിന്റെ കാര്യത്തിൽ അവരാരും തന്നെ ഒട്ടും ശ്രദ്ധാലുക്കളല്ലെന്ന കാര്യം ഇരുവരുടെയും ചർച്ചകളിൽ പലതവണ കടന്നു വന്നതിനു പിന്നാലെയാണ് ഇങ്ങനെയൊരു സംരംഭത്തിന് തുടക്കമാകുന്നത്. വർക്ക് ഔട്ട് ചെയ്യാനായി ഒരുമിച്ചെത്തുന്ന സമയത്തെല്ലാം രണ്ടുപേരും ഇതേക്കുറിച്ച് സംസാരിച്ചു. ആരോഗ്യമുള്ള ഒരു മലയാളി സമൂഹത്തെ സൃഷ്ടിക്കാൻ തങ്ങൾക്ക് കഴിഞ്ഞേക്കുമെന്ന ചിന്തയിൽനിന്ന് ഈ സ്വപ്നമവർ സഫലമാക്കുകയും ചെയ്തു.



ആരോഗ്യമേഖലയിലെ തങ്ങളുടെ പ്രൊഫഷണൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്തിയും ഫിറ്റ്നസ് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയും തങ്ങൾക്ക് ചുറ്റുമുള്ളവരെ ഇവർ ഫ്രണ്ട്സ് ഫിറ്റ്നസിലേക്ക് ക്ഷണിക്കുന്നു. ഓരോരുത്തരുടെയും ജോലിത്തിരക്കുകളനുസരിച്ച് ഓരോ സെഷന്റെയും സമയം ക്രമീകരിച്ചിട്ടുണ്ട്. വർക്കൗട്ടിന്റെ ആദ്യ സെഷൻ രാവിലെ 5 മണിക്ക് തന്നെ ആരംഭിക്കും. അമിതമായ ശരീരഭാരം കുറയ്ക്കാനും പേശികൾക്ക് കൂടുതൽ ബലം ലഭിക്കാനും ശരീരത്തിൽ അധികമായി അടിഞ്ഞു കൂടിയിരിക്കുന്ന കൊഴുപ്പു കുറയ്ക്കാനുമായി ഓരോ വിഭാഗത്തിനും കൃത്യമായ ഫിറ്റ്നസ് പ്രോഗ്രാമുകളാണ് രൂപപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 12 വയസു മുതൽ മുകളിലേക്ക് എത്ര വയസ്സുള്ളവർക്കും ഇവിടെ വർക്ക് ചെയ്യാനായി എത്താവുന്നതാണ്. ശാരീരികാരോഗ്യം സംരക്ഷിക്കുന്നതിനായി ഫ്രണ്ട്സ് ഫിറ്റ്നസിലെ വർക്കൗട്ട് പ്രോഗ്രാമുകൾ ഏത് പ്രായക്കാർക്കും അനായാസം വഴങ്ങുമെന്ന് ഇത് വ്യക്തമാക്കുന്നു.

ഫിസിക്കൽ തെറാപ്പിയിലെ വർഷങ്ങളുടെ പ്രവൃത്തിപരിചയവും ശരീരശാസ്ത്രത്തെ കുറിച്ച് ആഴത്തിലുള്ള അറിവും ഓരോരുത്തരേയും പ്രത്യേകം പരിഗണിച്ച് പേഴ്സണൽ ട്രെയിനിംഗ് നൽകാൻ ഡോ. ബിനുവിനും ഡോ. സുബിനും മുതൽക്കൂട്ടാകുന്നു. അതോടൊപ്പം തന്നെ, വ്യായാമങ്ങൾ ശരിയായ ക്രമത്തിലും ശരീരത്തിന് പരുക്കുകൾ ഏൽക്കാത്ത വിധത്തിലും ചെയ്യുന്നതിനായി ഓരോരുത്തർക്കും പ്രത്യേക ശ്രദ്ധ കൊടുക്കുന്നു. ഇതാണ് മറ്റ് ഫിറ്റ്നസ് സെന്ററുകളിൽ നിന്ന് വ്യത്യസ്തമായി ഫ്രണ്ട്സ് ഫിറ്റ്നസിനെ വേറിട്ടുനിർത്തുന്നത്. ഇതുതന്നെയാണ് ഇവിടെയെത്തുന്നവർക്ക് ലഭിക്കുന്ന മികച്ച അനുഭവവും. ഫിസിക്കൽ തെറാപ്പിസ്റ്റ് എന്നനിലയിൽ പങ്കെടുക്കുന്നവരുടെ ആവശ്യത്തിനും പരിമിതികൾക്കും അനുസരിച്ച് ഏത് വ്യായാമവും പരിഷ്കരിക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഇരുവർക്കും സാധിക്കുന്നു. ശാരീരിക ആരോഗ്യം ആഗ്രഹിച്ച് ഇവിടെയെത്തുന്ന ഏതൊരാൾക്കും ഫ്രണ്ട്സ് ഫിറ്റ്നസ് ഏറ്റവും നല്ല പരിഹാരമാകുന്നു.

ശാരീരിക പരിവർത്തനം മാത്രമല്ല, സമ്മർദ്ദരഹിത അന്തരീക്ഷത്തിലൂടെ മാനസിക പരിവർത്തനവും ഇവിടെ സംഭവിക്കുന്നുവെന്നാണ് അനുഭവസ്ഥർ പറയുന്നത്. അതുപോലെ തന്നെ തുടർന്നു നടത്തിയ രക്ത പരിശോധനയിൽ ഡയബറ്റിസ്, രക്ത സമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയിൽ കാര്യമായ കുറവ് കാണപ്പെട്ടതായി ഇവിടെ സ്ഥിരമായി വ്യായാമം ചെയ്യുന്നവർ സാക്ഷ്യപ്പെടുത്തുന്നു. കടൽ കടന്ന് കാലങ്ങളായി പ്രവാസികളായി കഴിയുന്ന മലയാളികൾക്ക് ഈ ഫിറ്റ്നസ് സെന്റർ നൽകുന്നത് നവീനമായൊരനുഭൂതിയാണ്. വർക്കൗട്ടിനിടെ ബാക്ഗ്രൗണ്ടിൽ മലയാളത്തിലുള്ള പാട്ടുകളും മ്യൂസിക്കുമെല്ലാം പ്ലേ ചെയ്യുന്നത് ഓരോ സെഷനും കൂടുതൽ ആസ്വാദകരമാക്കുന്നുവെന്ന് പലരും അഭിപ്രായപ്പെടുന്നു. എല്ലാ രീതിയിലും റിലാക്സ് ചെയ്യുന്നതിനും സമ്മർദ്ദങ്ങളും ശാരീരിക അസ്വസ്ഥകളും ഒഴിവാക്കി മനസ്സും ശരീരവും കൂടുതൽ ചെറുപ്പമാക്കി മടങ്ങുന്നതിനും ഓരോരുത്തരേയും തങ്ങളുടെ ട്രെയിനിംഗ് സെന്ററിലേക്ക് ക്ഷണിക്കുകയാണ് ഡോ. സുബിനും ഡോ. ബിനുവും.

മിനസോട്ടയിലെ സെന്റ് സ്കോളസ്റ്റിക്ക കോളജിൽ നിന്ന്



ഫിസിക്കൽ തെറാപ്പിയിൽ ഡോക്ടറേറ്റ് പൂർത്തിയാക്കിയവരാണ് ഡോ. ബിനു സി. തോമസും ഡോ. സുബിൻ ഏബ്രഹാമും. ഫിസിക്കൽ തെറാപ്പിസ്റ്റായി ഇരുപത് വർഷത്തിലേറെ പ്രവൃത്തിപരിചയവും ഇരുവർക്കുമുണ്ട്. നിലവിൽ റീഹാബിലിറ്റേഷൻ സർവീസസ് റീജിയണൽ ഡയറക്ടറായാണ് ഡോ. ബിനു പ്രവർത്തിക്കുന്നത്. ഹോം ഹെൽത്ത് കെയറിൽ ഫിസിക്കൽ തെറാപ്പിസ്റ്റായി ജോലി ചെയ്യുകയാണ് ഡോ. സുബിൻ.

Address: 78 Tomlinson Rd, Huntingdon Valley, PA 19006.

Contact Number:
267 571 2392, 215 252 6643, 215 485 8512.

# സെ. മേരീസ് ക്നാനായ ഇടവകയിൽ കാരുണ്യ ഭവനനിർമ്മാണ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ 2023-ലെ പ്രധാന തിരുനാളിനോടനുബന്ധിച്ച് തുടക്കം കുറിച്ച കാരുണ്യ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

2023-ലെ പ്രധാന തിരുനാളിന്റെ പ്രസുദേന്തിമാരായിരുന്ന വനിതകൾ ഒന്നുചേർന്ന് ഏറ്റെടുത്തു നടത്തുന്ന പദ്ധതിയാണ് കാരുണ്യ ഭവനനിർമ്മാണ പദ്ധതി.

ഭവനരഹിതർക്ക് കൈത്താങ്ങാകുവാൻ വനിതകൾ തെരഞ്ഞെടുത്തത് കോട്ടയം അതിരൂപതയിലെ ഹൈറേഞ്ച്-പഠമുഖം ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച ഏറ്റവും അർഹരായ എട്ട് കുടുംബങ്ങളെയാണ്.

ജനുവരി മാസത്തിൽ നോർത്ത് അമേരിക്കൻ ക്നാനായ റീജിയൺ വികാരി ജനറൽ ഫാ. തോമസ് മുളവനാൽ, അതാത് ഇടവക വികാരിമാരുടെ സാന്നിദ്ധ്യത്തിൽ ആദ്യഭവനങ്ങളുടെ തറക്കല്ലിടീൽ നിർവഹിച്ചു. സമയബന്ധിതമായി ഓരോ ഭവനത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകംതന്നെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്ന് സെ. മേരീസ് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, ജോജോ ആനാലിൽ, ജിനോ കക്കാട്ട് എന്നിവരടങ്ങിയ ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുവാൻ നിയുക്തമായ കമ്മിറ്റി അറിയിച്ചു. സെലിൻ ചൊള്ളമ്പേൽ ചെയർപേഴ്സണായും മഞ്ജു കല്ലിടുക്കിൽ, സ്റ്റോപ്പി പോളയ്ക്കൽ, ലിയാ കുന്നശേരി, സിജു കൂവക്കാട്ടിൽ, ഡോളി കിഴക്കേക്കുറ്റ്, സിജു വെള്ളാരംകാലായിൽ, മഞ്ജു ആനാലിൽ, ജീനാ കണ്ണച്ചാംപറമ്പിൽ, ജിഷ പൂത്തറ എന്നിവർ അംഗങ്ങളായുമുള്ള പതിമൂന്നംഗ കമ്മിറ്റിയാണ് ഭവനനിർമ്മാണ പദ്ധതിക്ക് നേതൃത്വം നല്കുന്നത്.



തിരുനാളിന്റെ ഭാഗമായും അതിനുശേഷവും ഉദാരമായി സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊണ്ട് ഈ ഭവനനിർമ്മാണ പദ്ധതിയെ ഹൃദയത്തിലേറ്റിയ എല്ലാ വനിതകൾക്കും ഇടവകാംഗങ്ങൾക്കും ഇടവകയുടെ പേരിലുള്ള നന്ദി അറിയിക്കുന്നതായി ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. 2024-ലെ പ്രധാന തിരുനാളിനു മുമ്പായി എല്ലാ ഭവനങ്ങളും പൂർത്തിയാക്കിക്കൊണ്ട് ഹൈറേഞ്ചിലെ കുടുംബങ്ങൾക്ക് കൈത്താങ്ങാകുവാൻ സാധിക്കും എന്നുള്ള പ്രത്യാശയോടെയാണ് പദ്ധതിയുമായി മുന്നോട്ടുപോകുന്നത് എന്ന് അദ്ദേഹം അറിയിച്ചു.

ഈ കാരുണ്യ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ കമ്മിറ്റിയംഗങ്ങളുമായി ബന്ധപ്പെടണമെന്ന് അദ്ദേഹം അറിയിച്ചു.

# ഹൂസ്റ്റണിൽ ശതചണ്ഡി മഹായാഗം ഏപ്രിൽ 6, 7 തീയതികളിൽ

സതീശൻ നായർ

ചിക്കാഗോ: ശ്രീരാമദാസ് മിഷന്റെ ആഭിമുഖ്യത്തിൽ ശതചണ്ഡി മഹായാഗം നടത്തപ്പെടുന്നു.



ശ്രീശക്തി ശാന്താനന്ദ മഹർഷി, ഡോ. ശ്രീനാഥ് കാരയാട്ട്, ജയപ്രകാശ് ബാലകൃഷ്ണൻ തുടങ്ങിയവർ ശതചണ്ഡി മഹായാഗത്തിന് നേതൃത്വം വഹിക്കും.

ഏപ്രിൽ 6, 7 തീയതികളിൽ ഹൂസ്റ്റണിലുള്ള ശ്രീരാമദാസ ആശ്രമത്തിൽ വെച്ചാണ് യാഗം നടക്കുക.

ഏപ്രിൽ 6-ന് രാവിലെ 9 മണിക്ക് മഹാലക്ഷ്മി യാഗത്തോടു കൂടി ആരംഭിച്ച് രണ്ട് മണിക്ക് ചണ്ഡികാ പാരായണം, ആറു മണിക്ക് ബലിപൂജ എന്നിവയും ഏപ്രിൽ 7-ന് രാവിലെ 9 മണിക്ക് ചണ്ഡികാ ഹോമം, രണ്ട് മണിക്ക് കന്യക പൂജ, 2.30-ന് വടുക പൂജ, മൂന്നു മണിക്ക് സുവാസിനി പൂജ എന്നിവയോടുകൂടി ഈ മഹായാഗത്തിന് സമാപ്തി കുറിക്കും.

അമേരിക്കയിലുള്ള വിശ്വാസികൾക്ക് കിട്ടുന്ന ഒരു അപൂർവ അവസരമാണ് ഈ യാഗത്തിന്റെ ഭാഗവാക്കാകുവാൻ. ഈ യാഗത്തിൽ പങ്കെടുക്കുക എന്നത് ജന്മസാഫല്യമായിരിക്കും.

ഹൂസ്റ്റണിൽ സ്ഥിതി ചെയ്യുന്ന ശ്രീരാമദാസ ആശ്രമത്തിൽ വെച്ച് നടത്തുന്ന ഈ യാഗത്തിന് ശേഷം അമേരിക്കയിലെ വിവിധ നഗരങ്ങളിൽ വെച്ച് ഹിന്ദു സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങളെയും ഒരുമിച്ചു ചേർത്ത് ചണ്ഡികായാഗം പഠിപ്പിച്ച് യാഗം നടത്തുവാൻ പദ്ധതിയുണ്ട്.

ഈ യാഗങ്ങളിൽ ഓരോ വിശ്വാസിയും നമ്മുടെ ഈ ജന്മത്തെ ധന്യമാക്കുവാൻ, പൂർത്തീകരിക്കുവാൻ, ചരിത്രപരിവർത്തനത്തിന്റെ ഭാഗമാകുവാൻ ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

കൂടുതൽ വിവരങ്ങൾക്കും യാഗത്തിൽ പങ്കെടുക്കുവാനും സോമരാജൻ നായർ 713 320 9334, ജയപ്രകാശ് ബാലകൃഷ്ണൻ 630 430 6329 എന്നിവരുമായി ബന്ധപ്പെടുക.




# ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് ആംഗലേയ കൃതികൾ ക്ഷണിക്കുന്നു

ഡോ. കലാ ഷഹി

ന്യൂജേഴ്സി: അമേരിക്കയിലെ ഏറ്റവും ജനപ്രിയ സാഹിത്യ പുരസ്കാരങ്ങൾ എന്നു വിശേഷിപ്പിക്കുന്ന ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് ആംഗലേയ സാഹിത്യ രചനകൾ ക്ഷണിക്കുന്നു. നോർത്ത് അമേരിക്കയിലും കാനഡയിലും താമസിക്കുന്ന മലയാളി എഴുത്തുകാർ പലരും ഇംഗ്ലീഷ് ഭാഷയിലും സാഹിത്യ സപര്യ തുടരുന്നുണ്ട്. അവരുടെ ഇംഗ്ലീഷ് ഭാഷയിലുള്ള രചനകൾ കൂടി 2024-ലെ പുരസ്കാരത്തിനായി ക്ഷണിക്കുവാൻ അവാർഡ് കമ്മിറ്റി താല്പര്യപ്പെടുന്നതായി കമ്മിറ്റി ചെയർമാൻ ബെന്നി കുര്യൻ അറിയിച്ചു. ഒരു അവാർഡാണ് ഇംഗ്ലീഷിലെ രചനകൾക്ക് നല്കുന്നത്. തർജ്ജമകൾ അല്ലാത്ത മറ്റുള്ള രചനകളാണ് ഈ വിഭാഗത്തിൽ പരിഗണിക്കുന്നത്.

2024 ജൂലൈ 18 മുതൽ 20 വരെ നോർത്ത് ബെഥെസ്ഡയിലെ മോണ്ട്ഗോമറി കൗണ്ടി കോൺഫറൻസ് സെന്ററിൽ (Bethesda North Marriott & Cenference center, 5701 Marinelli Rd, Rockvelle, MD 20852) നടക്കാനിരിക്കുന്ന ഫൊക്കാനയുടെ 21-ാമത് ദേശീയ കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന പ്രത്യേക ചടങ്ങിൽ വെച്ചാണ് തെരഞ്ഞെടുക്കപ്പെടുന്ന കൃതികൾക്ക് പുരസ്കാരങ്ങൾ നല്കി ആദരിക്കുന്നത്.

മലയാള ഭാഷയെയും സാഹിത്യത്തെയും എഴുത്തുകാരെയും എന്നും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഫൊക്കാനയുടെ ആരംഭകാലം മുതൽ ഫൊക്കാന സാഹിത്യ അവാർഡുകൾ നല്കിവരുന്നത്. 1982-ൽ ഫൊക്കാന രൂപം കൊണ്ടതു മുതൽ ആരംഭിച്ച ഈ പുരസ്കാരവിതരണം ഇന്ന് ലോകം മുഴുവനുമുള്ള മലയാള സാഹിത്യപ്രേമികളുടെ അംഗീകാരമേറ്റുവാങ്ങിയതാണ്. മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യ പുരസ്കാരങ്ങളുടെ ശ്രേണിയിൽവരെ എത്തി നിൽക്കുന്ന ഫൊക്കാന സാഹിത്യ പുരസ്കാരത്തിന് മലയാളത്തിലെ മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ ഒട്ടനവധി പ്രശസ്തരായ സാഹിത്യകാരന്മാർ അർഹരായിട്ടുണ്ട്. വടക്കെ അമേരിക്കയിലും കാനഡയിലുമുള്ള എഴുത്തുകാരുടെ രചനകളിൽ നിന്നാണ് കൃതികളെ തെരഞ്ഞെടുക്കുന്നത്.

താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് ഇത്തവണത്തെ ഫൊക്കാന സാഹിത്യ പുരസ്കാരത്തിനുള്ള എൻട്രികൾ ക്ഷണിക്കുന്നത്. ഫൊക്കാന തകഴി ശിവശങ്കരപ്പിള്ള പുരസ്കാരം-നോവൽ, ഫൊക്കാന കാരൂർ നീലകണ്ഠപ്പിള്ള പുരസ്കാരം-ചെറുകഥ, ഫൊക്കാന എൻ.കെ. ദേശം പുരസ്കാരം-കവിത, ഫൊക്കാന സുകുമാർ അഴീക്കോട് പുരസ്കാരം-ലേഖനം/നിരൂപണം, ഫൊക്കാന എം.എൻ. സത്യാർത്ഥി പുരസ്കാരം-തർജ്ജമ, ഫൊക്കാന കമലാദാസ് ആംഗലേയ സാഹിത്യ പുരസ്കാരം.

രചനകൾ സ്വീകരിക്കുന്ന അവസാന തീയതി 2024 ഏപ്രിൽ 20 ആയിരിക്കും. 2022 മെയ് ഒന്നു മുതൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളായിരിക്കും അവാർഡിന് പരിഗണിക്കുക. പുരസ്കാരത്തിന് പരിഗണിക്കപ്പെടേണ്ട കൃതികളുടെ മൂന്ന് കോപ്പികൾ താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. Benny Kurian,




373 Wildrose Ave, Bergenfield, NJ 07621, USA, Phone: +1 201 951 6801.

പുരസ്കാരത്തിനായി ലഭിക്കുന്ന സാഹിത്യ കൃതികൾ പ്രഗത്ഭരായ സാഹിത്യകാരന്മാർ അടങ്ങിയ ജഡ്ജിംഗ് പാനൽ വിശദമായ പരിശോധനകൾക്ക് വിധേയമമാക്കിയ ശേഷമായിരിക്കും ജേതാക്കളെ നിർണയിക്കുകയെന്ന് ഗീതാ ജോർജ് കോ-ഓർഡിനേറ്ററും ബെന്നി കുര്യൻ ചെയർമാനും സണ്ണി മറ്റമന കോ-ചെയർമാനുമായിട്ടുള്ള കമ്മിറ്റി അറിയിച്ചു.

അവാർഡുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുവാൻ ഫൊക്കാന വെബ്സൈറ്റ് സന്ദർശിക്കുക: http://fokanaonline.org

E-mail: fokana2024literary@gmail.com. Phone: +1 201 951 6801.

# കാനാവിലെ കല്യാണം (PART - 1)

**യോഹന്നാൻ 2:1-12 (ബൈബിൾ)**

യേശുക്രിസ്തു പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ ചെയ്ത ആദ്യ അടയാളമായിട്ടാണ് കാനാവിലെ കല്യാണ വീട്ടിൽ പച്ചവെള്ളത്തെ വീഞ്ഞാക്കിയ സംഭവത്തെ യോഹന്നാൻ വിവരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. ആ കല്യാണ വീട്ടിൽ ഉണ്ടായ പ്രതിസന്ധിയെ അസാധാരണമായ നിലയിൽ പരിഹരിച്ച വിധമാണ് ഈ അടയാളത്തിൽ കാണുന്നത്.

**കാനാ**

വടക്കേ ഗലീലയിലുള്ള ഒരു സ്ഥലം. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പരാമർശിച്ചിരിക്കുന്നു. യേശു കാനാവിൽ വീണ്ടും വന്നതറിഞ്ഞ് കഫർന്ന ഹൂമിലെ ഒരു കൊട്ടാര ഉദ്യോഗസ്ഥൻ തന്റെ മകന്റെ കഠിനരോഗം സൗഖ്യമാക്കുവാൻ യേശുവിനെ കഫർന്ന ഹൂമിലേക്ക് ക്ഷണിച്ചു (യോഹ: 4:46-54) യേശുവിന്റെ ശിഷ്യനായിരുന്ന നഥനയേലിന്റെ സ്വന്തനാടായിരുന്നു കാനാ (യോഹ:21:2). നസറേത്തിൽനിന്ന് പതിനാല് കിലോമീറ്റർ വടക്ക് മലഞ്ചരിവിലുള്ള ഖിർബത്ത്ഖാന എന്ന് ഇന്ന് അറിയപ്പെടുന്ന സ്ഥലമായിരുന്നു ഗലീലയിലെ കാനാ എന്ന് പുരാവസ്തു ഗവേഷകർ കരുതുന്നു. നിരവധി ഗുഹകളും, കിണറുകളും, പാറയിൽ കൊത്തിയുണ്ടാക്കിയ കല്ലറകളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്.

**മറിയം**

യേശുവിന്റെ അമ്മയായ മറിയം ഈ കല്യാണ വീട്ടിൽ ഉണ്ടായിരുന്നു എന്ന് പറഞ്ഞുകൊണ്ടാണ് യോഹന്നാൻ ഈ സംഭവത്തിന്റെ വിവരണം ആരംഭിക്കുന്നത്. മറിയത്തെ കുറിച്ച് പരാമർശിച്ചിരിക്കുന്ന തിരുവചന സത്യങ്ങൾ പ്രധാന്യതയുള്ളതാണ്. ലൂക്കോസിന്റെ സുവിശേഷം 1:28ൽ ഗബ്രിയേൽ ദൂതൻ പറയുന്നത് "കൃപ ലഭിച്ചവളെ നിനക്ക് വന്ദനം കർത്താവ് നിന്നോട് കൂടെയുണ്ട്" എന്നാണ്. അതേ സുവിശേഷം 1:42-ൽ എലിസബത്ത് പരിശുദ്ധാത്മ നിറവിൽ പറഞ്ഞത് "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ, നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്". മത്തായി 1:18-ൻ പ്രകാരം കർത്താവിന്റെ ജഡാവതാരത്തിനായി ദൈവം തിരഞ്ഞെടുത്താണ് മറിയത്തെ. ഈ വാക്യത്തെ ദുർവാഖ്യാനം ചെയ്യുന്നവരുണ്ട്. എന്നാൽ അവരുടെ വാദത്തെ സാധൂകരിക്കുന്ന തെളിവുകൾ തിരുവചനത്തിലില്ല. മനുഷ്യ യുക്തിക്ക് ചേരാത്ത അപക്വമായ തർക്കമായിട്ട് മാത്രമേ ഇത്തരം വാദഗതികളെ കാണുവാൻ സാധിക്കുകയുള്ളൂ. പ്രപഞ്ച സൃഷ്ടാവായ ദൈവം ഉന്നതമായ ധാർമ്മിക മൂല്യത്തിനുടമയാണ്.

ക്രിസ്തുവിന്റെ ജഡാവതാരത്തിനായി മറിയവും, യോസഫും എടുത്ത തീരുമാനം ശ്ലാഘനീയമാണ്. അതു നിമിത്തം അവർക്കുണ്ടാകാവുന്ന നിന്ദയും, പരിഹാസവും, അവഹേളനവും, സ്വന്ത ജീവിത്തിലെ അപകടത്തേയും അവർ കാര്യമാക്കിയില്ല. ആ വൈതരണികളെയെല്ലാം നിഷ്പ്രഭമാക്കി ദൈവഹിതം നടപ്പിലാക്കുവാൻ ജീവിതത്തെ സമർപ്പിച്ചു.

ഗലീലയിലെ കാനാവിലെ കല്യാണ വീട്ടിൽ മറിയം ഉണ്ടായിരുന്നു. മറിയത്തിന് ആ ഭവനവുമായി രക്തബന്ധമോ, സൗഹൃദമോ ഉണ്ടായിരിക്കാം. അതു നിമിത്തം ആ ഭവനത്തിലെ ഇല്ലായ്മയേയും പോരായ്മയേയും അവർ അറിഞ്ഞു. ആ ഭവനത്തിലെ അവസ്ഥ സ്വന്ത അനുഭവമായി ഉൾക്കൊണ്ട് പ്രശ്നത്തെ പരിഹരിക്കുന്നതിനായി മറിയം പ്രവർത്തിച്ചു. ഈ കാലത്തിൽ സഭയ്ക്ക് ഇതു മാതൃകയാണ്. കൂട്ടായ്മകളെ വില കുറച്ച് കാണുന്നവരുടെ എണ്ണം സഭയിൽ പെരുകുന്നു. ഇത്തരക്കാർ ആപത്തുകാലത്ത് സഹ വിശ്വാസികളെ സഹായിക്കുവാൻ മനസ്സില്ലാതെ ഒഴിഞ്ഞുമാറുന്നു. ഈ കൂട്ടർക്ക് കൂട്ടായ്മകളെക്കാൾ ഇഷ്ടം ഭൗതിക അനുഗ്രഹമാണ്. അവർക്ക് വീഞ്ഞില്ലാ എന്ന് മറിയം യേശുവിനോട് പറഞ്ഞത് യേശുവിലുള്ള അവരുടെ വിശ്വാസത്തിന്റെയും, താഴ്മയുടേയും അപേക്ഷയാണ്. അമ്മ എന്ന അധികാരത്തിന്റെ ശബ്ദം ഈ അപേക്ഷയിലില്ല.



പാസ്റ്റർ സുനിൽ കെ.പി., ചെങ്ങന്നൂർ
Email: sunilkpkp@yahoo.com

വീഞ്ഞ് തീർന്നുപോയി എന്നതിനെക്കുറിച്ച് വ്യത്യസ്ഥ അഭിപ്രായങ്ങളുണ്ട്. യഹോവയായ ദൈവം യിസ്രായേൽ ജനതയ്ക്ക് അവകാശമായി നൽകിയ ദേശമാണ് കാനാൻ. എന്നാൽ അവർ നേരിട്ട പ്രവാസങ്ങളും, അനന്തര സംഭവങ്ങളും അവരുടെ കൃഷിയേയും, രാഷ്ട്രീയ വികസനത്തേയും ക്ഷയിപ്പിച്ചു. ഈ കാരണത്താൽ യേശുവിന്റെ കാലത്ത് സുലഭമായി വീഞ്ഞ് ഉണ്ടായിരുന്നില്ല എന്ന് ചിന്തിക്കുന്നവരുണ്ട്.

മറ്റൊരു ചിന്ത ഈ ഭവനം സാമ്പത്തികമായി പിന്നോക്കമായിരുന്നു. അതുകൊണ്ട് വന്ന അതിഥികൾക്കെല്ലാം വീഞ്ഞ് കൊടുക്കുവാൻ അവരുടെ കൈവശം ഇല്ലായിരുന്നു. അക്കാലത്തെ അവരുടെ സംസ്കാരമനുസരിച്ച് ഏഴ് ദിവസത്തോളം വിവാഹ ആഘോഷം ഉണ്ടായിരുന്നു. ആകയാൽ വീഞ്ഞ് കുറഞ്ഞതിന്റെ പ്രധാന കാരണം ആ വീട്ടിലെ ദാരിദ്ര്യമാണെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല.

(തുടരും)

# മരിക്കാത്ത ഓർമ്മകളുമായ്...

എത്സി യോഹന്നാൻ ശങ്കരത്തിൽ

ജനന മരണങ്ങൾക്കിടയിലെ ഒരിടവേളയത്രേ ജീവിതം! ജീവിത നൗകയുടെ യാത്ര മൃത്യുകവാടം വരെ മാത്രം!

'ജനിച്ചോരാരും മണ്ണിൽ മരിക്കാതിരിക്കുന്നില്ല. മരിച്ചോരാരും വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നുമില്ല. മരിച്ചിട്ടും മൂന്നാം നാളിലുയിർപ്പുണ്ടോ നല്ലോ ശ്രീയേശു ദേവൻ'!

ഓരോ മൃത്യുവും ജീവിച്ചിരിക്കുന്ന ഉറ്റവർക്കു വേദനാജനകമാണ്. സ്വാർത്ഥത കൊണ്ടാണ് ആ വേദനയുളവാകുന്നത്. ഒന്നായൊഴുകിയ ജീവനദി പകുതി വറ്റുമ്പോൾ, ജീവന്റെ അംശമായ മക്കളും സോദരരും വേർപെടുമ്പോൾ, ഉണ്ടാകുന്ന വേദന സീമാതീതമാണ്. ഒരു നോവും തീരാതിരിക്കുന്നില്ല. ഒരു രാവും പുലരാതിരിക്കുന്നില്ല... ഒരിക്കലും മരണം നമ്മെ പിരിക്കുമെന്നോർക്കാതെയാണ് നാം ജീവിതം മുന്നോട്ടു നയിക്കുന്നത്. മരണം നിരാശാജനകവും വേദനാ നിർഭരവുമാണെന്ന് അതനുഭവിക്കുമ്പോഴേ അറിയുകയുള്ളൂ.

എന്റെ പ്രിയ ഭർത്താവ് വെരി റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്കോപ്പ ഇഹലോകവാസം വെടിഞ്ഞിട്ട് ഈ മാർച്ച് 20-ന് മൂന്നു വത്സരങ്ങൾ കഴിയുന്നു. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷപ്രകാരം, കേരളത്തിൽ കുമ്പഴ സെ. മേരീസ് വലിയ കത്തീഡ്രലിൽ ഭൗതികശരീരം ഇവിടെനിന്നും കൊണ്ടുപോയി അടക്കം ചെയ്തു. കോവിഡിന്റെ നിബന്ധനകളാൽ ഒരു വർഷം ന്യൂയോർക്ക് മേപ്പിൾഗ്രോവ് സെമിറ്ററിയിലെ മൊസോളിയത്തിൽ സൂക്ഷിച്ചതിനു ശേഷമാണ് 2022 മാർച്ചിൽ കുമ്പഴയിൽ കൊണ്ടുപോയി സംസ്കരിച്ചത്. എന്നും ധൃതിയാർന്ന, ഒരു ജീവിതശൈലിയുടെ ഉടമ, വിദ്യാഭ്യാസത്തിനായി അനേകവർഷങ്ങൾ ചെലവിട്ട് അഞ്ചു മാസ്റ്റർ ബിരുദങ്ങൾ, 69-ാം വയസ്സിൽ ഡോക്ടറേറ്റ് എന്നിവ നേടി, 51 വത്സരം അമേരിക്കൻ മണ്ണിൽ ദൈവവേലയിൽ വ്യാപൃതനായിരുന്ന, ദൈവത്തെയും ദൈവാലയങ്ങളെയും ഏറ്റവുമധികം സ്നേഹിച്ച ആ മഹത് ജീവിതത്തിനു മുമ്പിൽ പ്രണാമമർപ്പിച്ചുകൊണ്ട് ആ ദിവ്യസ്മരണയിൽ ഞാൻ ഏകാന്തജീവിതം നയിക്കുന്നു. പ്രിയപ്പെട്ട പരേതാത്മാക്കളുടെ സഹായവും സാന്നിദ്ധ്യവും ഞാൻ അനുഭവിക്കുന്നുമുണ്ട്.



വർഷങ്ങൾ മൂന്നു കടന്നെന്ന വാസ്തവം
വാടാത്ത സൂനംപോൽ നിൽപ്പിതെൻ ചിത്തത്തിൽ!
നൂറുദിനങ്ങളായി നീറും മനസുമായ്
തൊണ്ടയിൽ ട്യൂബുമായി കട്ടിലിൽ ബന്ധനായ്
ഓപ്പൺഹാർട്ടിൻ ബാക്കിപത്രമായ് വൈവിധ്യ
നൊമ്പരമൊന്നൊന്നായ് ബന്ധിതമാക്കയാൽ,
ഏകനായ് ആസ്പത്രിക്കോണിലായ് കോവിഡിൻ
ക്രൂരമാം കരാള ഹസ്തത്തിൻ തേർവാഴ്ച!
ഭക്ഷണ, പാനീയമൊന്നും ലഭിക്കാതെ
ഏകാന്ത വാസിയായിത്തീർന്നു കടന്നതാ-
ണെൻ ദുഃഖവഹ്നി പടർത്തുന്നതെന്നുമേ!
ഇന്നും മഥിക്കുന്നെൻ ചിത്തത്തെയാവ്യഥ
എത്രപരിതപ്തമെൻ ദിനമെന്നതും,
പൂർണ്ണസംഖ്യയറ്റ പൂജ്യമായ് മാറിഞാൻ
വായുവില്ലാത്തൊരു ബലൂണാണിന്നു ഞാൻ,
ജീവിതത്തിന്റെ സുഗന്ധം നിലച്ചുപോയ്
ജീവിക്കാനുള്ളൊരാശയുമറ്റുപോയ്,
ജീവിതമിന്നു പ്രകാശരഹിതമായി,
ജീവിതമെത്രയോ നൈമിഷ്യമെന്നതോ
ജീവിക്കുന്നേരമറിയുന്നില്ലാരുമേ;
ആരവമില്ലിന്ന് അമ്പാരിയില്ലിന്ന്
ആരും വരുന്നില്ലീയേകാന്ത വേശത്തിൽ
പ്രകാശമില്ലാത്ത സന്ധ്യകൾ രാവുകൾ!!
പ്രകാശജീവിതസ്മാരണം പേറുന്നു
എന്നിലെ സ്ത്രൈണത, മാതൃത്വം, കവിത്വം
ഉന്നമ്രമാക്കിയതെൻ കാന്തനെന്നതും,
സന്തോഷകാലങ്ങൾ ഓർത്തു കഴിയുന്നു
പ്രാർത്ഥനാ മന്ത്രങ്ങളുരുവിട്ടനിശം
സംതൃപ്തമാക്കിയെൻ ജീവിതനൗകയെ
സംശാന്തം മുന്നോട്ടു നീക്കുന്നനായകം!
ദൈവേച്ഛയാർക്കും തടുക്കുവാനാവില്ല
ദൈവമെന്നെ നടത്തുന്നുവെന്നാശ്വാസം!
പുത്രരിരുവരുമാവും വിധമെന്നിൽ
സംതുഷ്ടി ചേർക്കുന്നതാണെന്റെ സാന്ത്വനം
ദുഃഖങ്ങൾക്കവധി കൊടുത്തു നിശബ്ദം
ദുഃഖമോ, വേദനയോ അറ്റ ലോകത്തിൽ
ദൈവസവിധത്തിൽ മൽ പ്രിയൻ, വാഴ്വത്?
ഭൂവിലെ ജീവിതശേഷമൊരു നിത്യ
ജീവിതമുണ്ടെന്നുള്ളാശയിൽ ജീവിപ്പേൻ!
ഭൂജീവിതത്തിലെ നന്മ തിന്മാഫലം
വിൺജീവിതത്തിൽ ലഭിക്കുമെന്നുള്ളതും,
ജീവിതം ചൈതന്യവത്താക്കിത്തീർക്കുവാൻ
ദൈവമേ നിൻകൃപ നിത്യം നയിക്കണേ!!



# ദുഃഖവെള്ളിയാഴ്ച

**എൽസി ബേബി**

എന്താണ് ദുഃഖവെള്ളിയാഴ്ചയ്ക്കുള്ള സവിശേഷത? എങ്ങനെയാണ് അഥവാ എന്തുകൊണ്ടാണ് ഗുഡ് ഫ്രൈഡേ ആയത്. ലോകം ആ ദിവസത്തെ മാനിക്കുന്നു. ലോകരക്ഷിതാവായി, ദൈവം മനുഷ്യനായി ഭൂമിയിലേക്ക് അവതരിച്ചത് കേവലം കെട്ടുകഥയോ കിഴവിക്കഥയോ ഒന്നുമല്ല. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ലോകത്തെ പാപത്തിൽ നിന്നും ഉദ്ധരിച്ച് നിത്യജീവൻ നല്കി സ്വർഗീയാവകാശികളാക്കുവാൻ ദൈവപുത്രൻ കാൽവരി ക്രൂശിൽ സ്വയം യാഗമായി അർപ്പിക്കപ്പെട്ട ദിനമാണ് ദുഃഖവെള്ളിയാഴ്ചയായി ക്രിസ്തുവിശ്വാസികൾ ആചരിക്കുന്നത്. പാപികളെ രക്ഷിപ്പാനായി സ്വർഗ്ഗത്തിലെ സകല മഹിമകളും ഉരിഞ്ഞുവെച്ച് മനുഷ്യനായി കന്യകാജാതനായി യേശു എന്ന ക്രിസ്തു പാപരഹിതനായിരുന്നു. അവനിൽ പാപമില്ലായിരുന്നു. ആ യേശുവിനെ പീലാത്തോസ് എന്ന ന്യായാധിപൻ 'ഇവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല' എന്ന് മൂന്നു പ്രാവശ്യം സാക്ഷിച്ചിട്ടും അന്നത്തെ യഹൂദമതപ്രമാണികൾ 'ഇവനെ ഞങ്ങൾക്കു വേണ്ട, ഇവനെ ക്രൂശിക്കുക' എന്ന് ആവർത്തിച്ചാവർത്തിച്ച് ആക്രോശിച്ചതിന്റെ ഫലമായി യഹൂദപ്രമാണികളെ പ്രീതിപ്പെടുത്താനായി ഒരു കുറ്റവും ചെയ്യാതിരുന്ന കർത്താവായ ക്രിസ്തു എന്ന രക്ഷിതാവിനെ ക്രൂശിൽ തറച്ചു കൊല്ലുവാൻ വിധി എഴുതിയത് ദൈവഹിതം മാത്രമായിരുന്നു.



യഹൂദന്മാർ ആണ്ടുതോറും ആചരിച്ചുവരുന്ന ഒരു പ്രധാന ഉത്സവമാകുന്നു പെസഹ. ഈജിപ്റ്റിൽ പ്രവാസികളായി, അടിമകളായി കിടന്ന യിസ്രായേൽ ജനത്തെ ദൈവം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത് വിടുവിച്ച രാത്രിയിൽ അവർ ഒരു കുഞ്ഞാടിനെ അറുത്ത് അതിന്റെ രക്തം തങ്ങളുടെ വീടിന്റെ കട്ടളക്കാൽക്കൽ പുരട്ടി അകത്ത് സ്വസ്ഥമായിരുന്നപ്പോൾ ദൈവം അയച്ച സംഹാരദൂതൻ കടിഞ്ഞൂൽ സംഹാരനായി കടന്നുപോയി. രക്തം അടയാളമില്ലാതിരുന്ന ഭവനങ്ങളിലെ കടിഞ്ഞൂൽ പുത്രന്മാരെ എല്ലാം കൊന്നുകളഞ്ഞു.

യിസ്രായേൽ മക്കളെ വളരെ സമ്പത്തോടെ പുറപ്പെടുവിച്ചു കൊണ്ടുപോന്ന ആ ദിവസത്തിന്റെ ഓർമ്മനാളായി യഹൂദന്മാർ ആചരിച്ചുവന്ന ഓർമ്മപ്പെരുന്നാളാകുന്നു പെസഹാപ്പെരുന്നാൾ. പ്രവാചകന്മാർ പ്രവചിച്ചതനുസരിച്ചും ദൈവം നിശ്ചയിച്ചതനുസരിച്ചും ലോകത്തെ പാപത്തിന്റെ അടിമച്ചങ്ങലയിൽ നിന്നും വിടുവിക്കുവാൻ ദൈവത്തിന്റെ കുഞ്ഞാടായി പെസഹാ പെരുന്നാളിന്റെ അന്നുതന്നെ യേശു എന്ന ലോകരക്ഷിതാവ് കാൽവരി ക്രൂശിൽ യാഗമായി അറുക്കപ്പെട്ടതിന്റെ ഓർമ്മയാണ് ആണ്ടുതോറും ഈസ്റ്റർ ആഘോഷത്തിനു മുമ്പുള്ള ഒരാഴ്ച കഷ്ടാനുഭവങ്ങളുടെ ആഴ്ചയായി ക്രിസ്ത്യാനികൾ ആഘോഷിക്കുന്നത്. പക്ഷേ, ക്രിസ്തു മരിച്ചെങ്കിലും അടക്കപ്പെട്ടതിന്റെ മൂന്നാംനാൾ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതിന്റെ സന്തോഷമാണ് ഈസ്റ്റർ ആഘോഷം.

ദൈവപുത്രൻ അനുഭവിച്ച ക്രൂശുമരണം അത്ര നിസ്സാരമായിരുന്നില്ല. മുള്ളുകൾ കൊണ്ട് ഒരു കിരീടമുണ്ടാക്കി യേശുവിന്റെ തലയിൽ വെച്ച് ആണ്ടടിച്ചപ്പോഴുള്ള വേദന ഊഹിക്കാനൊക്കുമോ?

തന്റെ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞെടുത്ത് ഒരു ധൂമ്രവസ്ത്രം ധരിപ്പിച്ച് യഹൂദന്മാരുടെ രാജാവേ ജയജയ എന്ന് കൂകിവിളിച്ച് നിന്ദിതനായി, നിസ്സാരനായി, വലിയൊരു മരക്കുരിശുമേന്തി ഗോൽഗോൽഥാ മലമുകളിലേക്ക് കയറിപ്പോയ ദൈവപുത്രൻ അനുഭവിച്ച കഷ്ടതകൾ മാനുഷിക രീതിയിൽ വർണ്ണിക്കുവാനോ ഊഹിക്കുവാനോ സാധിക്കുകയില്ല.

തലയോടിടം എന്ന ഗോൽഗോഥാ മലമുകളിലെത്തിയ യേശുവിന്റെ കൈകാലുകൾ കൂരിരുമ്പാണികളാൽ തറച്ച്, കയറുകൊണ്ട് വരിഞ്ഞുകെട്ടി കുരിശോടു കൂടെ പൊക്കി ഒരു കുഴിയിലേക്കിറക്കി. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നട്ടുച്ച വെയിലിൽ കിടക്കുന്ന ദൈവപുത്രൻ അനുഭവിച്ച വ്യഥ ആർക്കെങ്കിലും ഊഹിക്കാനൊക്കുമോ? പാപികളായ നമ്മെ വീണ്ടെടുക്കുവാൻ ദൈവപുത്രൻ സഹിച്ച പങ്കപ്പാടുകൾ!

ക്രൂശിൽ കിടന്നപ്പോൾ തന്നെ പ്രസവിച്ച അമ്മ മറിയയെ തന്റെ അരുമശിഷ്യനായ യോഹന്നാനെ ഭരമേലിച്ച് ആശ്വസിപ്പിപ്പാൻ യേശു മറന്നില്ല. അവിടെ കിടന്നുകൊണ്ട് രക്തം മുഴുവനും വാർന്നു പൊയ്ക്കൊണ്ടിരുന്നപ്പോൾ എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞത് ശാരീരികദാഹം മാത്രമായിരുന്നില്ല. ആത്മാക്കൾക്കു വേണ്ടിയുള്ള ദാഹമായിരുന്നു.

ക്രൂശിൽ കിടന്ന കള്ളന്മാരും പരിഹസിച്ചെങ്കിലും ഒരുവന് പാപബോധമുണ്ടായി. യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ എന്ന പ്രാർത്ഥന സ്വീകരിച്ച് 'ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും' എന്നരുളിച്ചെയ്ത ദൈവപുത്രന്റെ സ്നേഹം!

"എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?" എന്നലറിക്കരഞ്ഞു തന്റെ പ്രാണനെ പിതാവിന്റെ കൈയിൽ ഭരമേല്പിച്ചപ്പോൾ താൻ സൃഷ്ടിച്ച ഭൂമി പോലും കരഞ്ഞുപോയി. സൂര്യൻ കണ്ണടച്ചു, ദേശമെല്ലാം ഇരുട്ടായി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിവരെ ചീന്തിപ്പോയി... ദുഃഖവെള്ളിയാഴ്ചയുടെ ഈയനുഭവ



ലേഖിക

ങ്ങൾ നമുക്കോരോരുത്തർക്കും വേണ്ടി ആയിരുന്നു എന്നോർത്ത് നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് അവന്റെ പാദങ്ങളിൽ വീഴാം. നമുക്കു സന്തോഷിപ്പാൻ യേശു മൂന്നാംനാളിൽ ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗാരോഹണം ചെയ്തു. തന്നിൽ വിശ്വസിക്കുന്നവരെ ചേർപ്പാൻ യേശു വീണ്ടും വരും. യേശുക്രിസ്തു വീണ്ടും വരുമ്പോൾ തന്നിൽ വിശ്വസിക്കുന്നതായ യഥാർത്ഥ ക്രിസ്തുവിശ്വാസികളെ തന്നോടു കൂടെ ചേർക്കപ്പെടും. ആ നാൾ എന്നായിരിക്കും എന്നറിഞ്ഞുകൂടാ. ഇന്നായിരിക്കാം. ഒരുങ്ങിയിട്ടുണ്ടോ. എല്ലാ വർഷവും ദുഃഖവെള്ളിയും പെസഹാപെരുന്നാളും ഈസ്റ്ററും ആഘോഷിക്കുമ്പോൾ നമുക്കുവേണ്ടി ക്രൂശുമരണം വരിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കൃപയാലെ വിശ്വാസംമൂലം ഹൃദയത്തിൽ രാജാവായി വാഴിക്കാതെ തിന്നുകുടിച്ചു ഉല്ലസിച്ചാനന്ദിച്ചാൽ അത് ദുഃഖവും വിലാപവുമായി മാറും എന്നോർക്കുക. സ്വർഗ്ഗത്തിലെ ദൈവം ഒരുക്കിയ ഈ രക്ഷാമാർഗ്ഗത്തിലാകുവാൻ ഈ ചിന്ത സഹായകമായിത്തീരട്ടെ എന്നു ഹൃദയംഗമമായി ആഗ്രഹിക്കുകയും ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.45 |
| യൂറോ | 90.25 |
| സ്റ്റെർലിംഗ്പൗണ്ട് | 105.22 |
| സ്വിസ് ഫ്രാങ്ക് | 92.97 |
| സിംഗപ്പൂർ ഡോളർ | 61.98 |
| കനേഡിയൻ ഡോളർ | 61.37 |
| ഒമാൻ റിയാൽ | 217.03 |
| ബഹ്റൈൻ ദിനാർ | 221.51 |
| സൗദി റിയാൽ | 22.25 |
| യു.എ.ഇ. ദിർഹം | 22.73 |
| കുവൈത്ത് ദിനാർ | 271.55 |



# AMERICA FOUR YEARS AGO

Joseph Kurian, Houston

On March 11, 2020, exactly four years ago, the US President declared a National emergency due to COVID-19 outbreak. World Health Organization (WHO) declared the COVID-19 a global pandemic and we should not forget millions of infections and deaths around the world and in the United States of America.

It was one of the worst &darkest days in the history of the world. No one had any answer and people were dying day & night and many even thought it was the beginning of the end of the entire human race all over the world. US surpassing six million cases of Covid infections per CDC data. Schools were closed, Churches and worship places were closed. Almost 1.8 million Americans have died. US lost more people by COVID than any other Nations around the world.

Parks were closed, Malls, Sports arenas, movie theaters, picnics, birth day celebrations and even funerals were all restricted to avoid people coming together. People were required to wear masks, keep six feet distance everywhere, no one wanted to talk to each other, come close to other humans, no interactions each other, even in homes, dear ones were keeping certain level of distance to avoid contact with each other.

Hospitals were flooded with Covid patients, no rooms or beds to accommodate more patients and some were treated on the halls and sidewalks. Many on ventilators for weeks and months, some survived but many did not make it. Bodies were piled up in refrigerated trucks due to lack of zrooms in Hospitals, States even ran out of ventilators, millions of bodies buried, many old parents died themselves in Hospital beds without any dear ones nearby and no one from family such as spouse or children nearby to comfort them in their final moment of life and many dead bodies were buried by



Joseph Kurian

strangers. How heartbreaking and unbearable days still in our memory.

Kids had no schools and graduations were done by zoom, meetings, worship, important gatherings, doctor visits and many such events were done thru zoom. Many kids lost their parents, many parents lost their kids, many people lost their dear parents in such a tragic way, saying good bye thru glass windows, by phones or by staying away from them due to the fear of infection. The outset was so stressful due to lack of vaccines and spread of misinformation.

Politicians, Religious Leaders, Pastors, Doctors, Scientists and so called experts in medicine, no one knew the cause or the source of this pandemic that shook each Nation and the entire Universe.

Some Pastors refused to take the shot, discouraged people to take shots and tried their healing tricks, but most of their members who had covid died and even those who ridiculed experts and experts also have died. Their ignorance, pride and filthyhealing tricks did not work this time. Some silly, ignorant & arrogant politicians or leaders refused to accept the vital advice from Medical people, pushing crack science such as injecting Lysol, taking advice from so called snake oil man & junk science costing many lives.

Finally many started to look unto God crying, repenting their sins, kneeling even on road sides praying earnestly for deliverance from this pandemic since no one could help them or save them. The heavy burden and sadness of losing dear ones and the fear of more deaths, they turn to God and started to see some miracles all over the world and in the US. Many who were fighting desperately for survival on ventilators many months, miraculously escaped and are still alive. Thank God for His mercy.

The Bible says "Do not forget His benefits" (Psalms 103:2). "Give thanks unto Him for He is great and His mercy endures forever(Psalms 136:1). We have survived probably the worst horrible tragedy in our life time and no one will everforget those fearful days four years ago today. Thank God we are still around and let us sincerely thank Him for His mercy and compassion to each one of us. We should never ever forget those days and never forget our God who helped us to overcome those darkest and painful time.

But here is a warning, history can repeat itself. Love God and submit to His will and word and try to live a holy life pleasing and acceptable to God. No one will save us from these types of terrible situations, powerful Politicians, leaders, Pastors, friends or dear ones cannot help us when we face such tragic, painful and challenging events in our lives. But God is our refuge and strength and a very present in trouble. (Psalms 46:1)

Let us come back to God, if we have fallen back to the old habits, sinful nature and submit our body as a living sacrifice to the most High God. We do not know what we will face tomorrow, but we know only God can save us from any such calamities, natural disasters, horrible pandemic or painful experiences. "Do not be conformed to this world, but be transformed by the renewal of your mind, that by testing you may discern what is the will of God, what is good and acceptable and perfect" ( Romans 12:2).

## ഫോമാ അന്തർദ്ദേശീയ കൺവൻഷൻ രജിസ്ട്രേഷൻ: ഏർളി ബേർഡ് 31 വരെ

ന്യൂയോർക്ക്: ഫോമായുടെ എട്ടാമത് അന്തർദ്ദേശീയ കൺവൻഷന്റെ ഭാഗമായുള്ള രജിസ്ട്രേഷൻ പ്രോഗ്രാമായ ഏർളി ബേർഡ് 31-ന് അവസാനിക്കും. എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ പൂർത്തിയാക്കണമെന്ന് ഫോമാ ഭാരവാഹികൾ അറിയിച്ചു. ഈ തീയതിക്കുശേഷം ഫീ നിരക്കുകൾ വർദ്ധിക്കും.

ഓഗസ്റ്റ് 8 മുതൽ 11 വരെ ഡൊമിനിക്കൽ റിപ്പബ്ലിക്കിലെ ലോകപ്രശസ്തമായ പൂന്റാ കാനയിലെ ബാർസലോ ബവാരോ പാലസ് ഓൾ ഇൻക്ലൂസീവ് ഫൈവ്സ്റ്റാർ ഫാമിലി റിസോർട്ടിലാണ് ഇന്റർനാഷണൽ കൺവൻഷൻ നടത്തുന്നത്. ആഗോള മലയാളി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും വിപുലമായ കൺവൻഷൻ നടത്തുന്നത് കൂട്ടായ്മയുടെ കരുത്തിൽ കൺവൻഷൻ വിജയകരമായി പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ് ഭാരവാഹികൾ.






BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

KERALA EXPRESS | കേരളം

# ഇലക്ടറൽ ബോണ്ട്; പൂർണ വിവരങ്ങൾ പ്രസിദ്ധീകരിച്ചു

ന്യൂഡൽഹി: സുപ്രീം കോടതി നിലപാടു കടുപ്പിച്ചതിനു പിന്നാലെ ഇലക്ടറൽ ബോണ്ടിൽ വിവിധ രാഷ്ട്രീയപ്പാർട്ടികൾക്കു ലഭിച്ച സംഭാവനയുടെ കൂടുതൽ വിശദാംശങ്ങൾ പുറത്ത്. ബോണ്ട് സംബന്ധിച്ച ആൽഫ-ന്യൂമറിക് നമ്പർ ഉൾപ്പെടെ പൂർണ വിവരങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) സുപ്രീം കോടതിയിൽ സമർപ്പിച്ചു. പിന്നാലെ ഈ വിവരങ്ങൾ തെരഞ്ഞെടുപ്പു കമ്മീഷൻ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയായിരുന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പാർട്ടികൾക്ക് ഇലക്ടറൽ ബോണ്ടിലൂടെ ലഭിച്ച സംഭാവനകളുടെ പൂർണ വിവരങ്ങൾ കൈമാറാൻ ഈയിടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ബെഞ്ച് ഉത്തരവിട്ടിരുന്നു. മാർച്ച് 21-നായിരുന്നു അവസാന തീയതി. ആരൊക്കെ, ആർക്കൊക്കെ സംഭാവന നൽകിയെന്നു മനസിലാക്കാൻ സഹായിക്കുന്ന ആൽഫ ന്യൂമറിക് നമ്പറുകൾ ഉൾപ്പെടെ കൈമാറാനായിരുന്നു സുപ്രീം കോടതി ഉത്തരവ്. ഇതുപ്രകാരം വിശദാംശങ്ങൾ ഉൾപ്പെടെയുള്ളവ സമർപ്പിക്കുന്നതായി 21-ന് എസ്ബിഐ ചെയർമാൻ ദിനേഷ് കുമാർ ഖാര സുപ്രീം കോടതിയിൽ സത്യവാങ്മൂലത്തിലൂടെ വ്യക്തമാക്കി. പിന്നാലെ ഇതു തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ബോണ്ടുകൾ വാങ്ങിയവരുടെയും അതു സ്വീകരിച്ചവരുടെയും വിശദാംശങ്ങൾ അടക്കം രണ്ടു ഭാഗങ്ങളായാണ് വെബ്സൈറ്റിൽ രേഖകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ബോണ്ട് വാങ്ങിയ വ്യക്തി/സ്ഥാപനത്തിന്റെ വിശദാംശങ്ങളിൽ സീരിയൽ നമ്പർ, യുആർഎൻ നമ്പർ, ജേണൽ തീയതി, ബോണ്ട് വാങ്ങിയ തീയതി, കാലാവധി അവസാനിക്കുന്ന തീയതി, വാങ്ങിയ ആളുടെ പേര്, പ്രിഫിക്സ്, ബോണ്ട് നമ്പർ, തുക, ഇഷ്യു ചെയ്ത ബാങ്ക് ശാഖയുടെ കോഡ്, ഇഷ്യു ടെല്ലർ, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ളവയുണ്ട്. 386 പേജുകളിലായാണ് ഈ വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

552 പേജുകളിലായാണ് ബോണ്ട് സ്വീകരിച്ച രാഷ്ട്രീയപ്പാർട്ടികളുടെയടക്കം വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സീരിയൽ നമ്പർ, പണം അക്കൗണ്ടിലേക്കു മാറ്റിയ തീയതി, പാർട്ടിയുടെ പേര്, അക്കൗണ്ട് നമ്പരിന്റെ അവസാന നാല് അക്കങ്ങൾ, പ്രിഫിക്സ്, ബോണ്ട് നമ്പർ, തുക, ബാങ്ക് ശാഖയുടെ കോഡ്, പേ ടെല്ലർ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. കേന്ദ്രത്തിലടക്കം ഭരണം കൈയാളുന്ന ബിജെപിയാണ് പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താവെന്ന് ഊട്ടിയുറപ്പിക്കുന്നതാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന വിശദാംശങ്ങൾ.

# 21 ലക്ഷം വ്യാജ സിം കാർഡുകൾ റദ്ദാക്കും

ന്യൂഡൽഹി: വ്യാജ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ചു വാങ്ങിയ 21 ലക്ഷം സിം കാർഡുകൾ ഇന്ത്യയിൽ ഇപ്പോൾ ഉപയോഗത്തിലുണ്ടെന്ന് കേന്ദ്ര സർക്കാർ. ഓൺലൈൻ തട്ടിപ്പുകൾ, സൈബർ കുറ്റകൃത്യങ്ങൾ, ദേശവിരുദ്ധവും സംശയാസ്പദവുമായ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായാണ് ഇത്തരം വ്യാജ സിം കാർഡുകൾ തരപ്പെടുത്തി മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നത്. ശരിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കാത്ത ഇത്തരം കണക്ഷനുകൾ പരിശോധിച്ച് ഉടനടി റദ്ദാക്കാൻ മൊബൈൽ സേവനദാതാക്കൾക്ക് കേന്ദ്രസർക്കാർ നിർദേശം നൽകി.

നിർമിതബുദ്ധി അടക്കമുള്ള സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ത്യയിലാകെയുള്ള 114 കോടി മൊബൈൽ ഫോൺ കണക്ഷനുകൾ വിശകലനം ചെയ്തപ്പോഴാണ് ചുരുങ്ങിയത് 21 ലക്ഷം സിം കാർഡുകൾ വ്യാജ തിരിച്ചറിയൽ രേഖകൾ കാണിച്ചാണ് ആക്ടിവേറ്റ് ചെയ്തതെന്നു കണ്ടെത്തിയത്.

ഇത്തരം സിം കാർഡുകളുടെ വിവരം ബിഎസ്എൻഎൽ, എംടിഎൻഎൽ, ഭാരതി എയർടെൽ, റിലയൻസ്, ജിയോ, വോഡഫോൺ ഐഡിയ എന്നീ കമ്പനികൾക്കു കൈമാറിയതായി ടെലികമ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു.

സംശയാസ്പദമെന്നു കണ്ടെത്തിയ 21 ലക്ഷം സിം കാർഡുകളുടെ രേഖകൾ എത്രയും വേഗം പരിശോധിക്കാനും വ്യാജമെന്നു കണ്ടെത്തിയവയുടെ കണക്ഷൻ ഉടൻ വിച്ഛേദിക്കാനും കർശന നിർദേശം നൽകിയിട്ടുണ്ട്. ശരിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കാൻ കഴിയാത്ത ഉപഭോക്താക്കളുടെ വിവരവും ശേഖരിക്കും. റദ്ദാക്കുന്ന സിം കാർഡുകൾ ഉപയോഗിച്ചാൽ മൊബൈൽ ഹാൻഡ്സെറ്റുകളും പ്രവർത്തനരഹിതമാക്കുമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി.

വ്യാജ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ചു വാങ്ങിയ 1.8 ലക്ഷം സിം കാർഡുകൾ കഴിഞ്ഞവർഷം മേയിൽ പഞ്ചാബ് പോലീസ് കണ്ടെത്തി നടപടിയെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ടു നടത്തിയ അന്വേഷണത്തിൽ സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ സാമ്പത്തികതട്ടിപ്പും നടത്തിവന്നിരുന്ന 17 പേരെ അറസ്റ്റ് ചെയ്തിരുന്നു.

വ്യാജ രേഖകളുമായി വാങ്ങിയ വിവിധ ടെലികോം കമ്പനികളുടെ 64 സിം കാർഡുകളുമായി ഒരാളെ മഹാരാഷ്ട്രയിലെ താനെയ്ക്കടുത്ത കപുർബാവഡിയിൽനിന്നു കഴിഞ്ഞ ജൂണിൽ പോലീസ് പിടികൂടിയിരുന്നു.

# വീരപ്പന്റെ മകൾ കൃഷ്ണഗിരിയിൽ സ്ഥാനാർത്ഥി



ചെന്നൈ: വനം കൊള്ളക്കാരൻ വീരപ്പന്റെ മകൾ വിദ്യാറാണി (വിദ്യ) കൃഷ്ണഗിരിയിൽ നാം തമിഴർ കക്ഷി (എൻടികെ) സ്ഥാനാർത്ഥിയായി മത്സരിക്കും.

അഭിഭാഷകയായ വിദ്യാറാണി 2020-ൽ ബിജെപിയിലൂടെയാണ് രാഷ്ട്രീയത്തിലെത്തിയത്. പാർട്ടി യുവജന വിഭാഗത്തിന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടായിരിക്കെ രാജിവെച്ച് എൻടികെയിൽ ചേരുകയായിരുന്നു. കൃഷ്ണഗിരിയിൽ സ്കൂൾ നടത്തുന്ന വിദ്യാറാണിക്ക് പ്രദേശവാസികൾക്കിടയിൽ സ്വാധീനമുണ്ട്. തമിഴ്നാട്ടിലെയും പുതുച്ചേരിയിലെയും 40 സീറ്റുകളിലേക്ക് വിദ്യ ഉൾപ്പെടെ 20 വനിതാ സ്ഥാനാർത്ഥികളെയാണ് എൻടികെ പ്രഖ്യാപിച്ചത്.

# ശക്തി പരാമർശം: രാഹുലിനെതിരെ പരാതി നൽകി

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ശക്തി പരാമർശത്തിനെതിരെ ബിജെപി തെരഞ്ഞെടുപ്പു കമ്മീഷനു പരാതി നൽകി. കർശന നടപടി സ്വീകരിക്കണമെന്നും എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ നിർദേശിക്കണമെന്നും ആവശ്യപ്പെട്ടു ബിജെപി നേതാക്കളായ ഹർദീപ് സിങ് പുരി, ഓം പാഠക് എന്നിവരാണു കമ്മീഷനെ സമീപിച്ചിരിക്കുന്നത്.

മാർച്ച് 17-ന് ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപന സമ്മേളനത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നടത്തിയ 'ശക്തി' പരാമർശമാണു വിവാദമായത്. 'ഞങ്ങൾ പോരാടുന്നത് ഒരു രാഷ്ട്രീയ പാർട്ടിക്കെതിരെയല്ല. നരേന്ദ്ര മോദിക്കെതിരെയോ ഒരു വ്യക്തിക്കെതിരെയോ അല്ല. പക്ഷേ, മുന്നിൽ നിൽക്കുന്ന ഒരു മുഖത്തിനെതിരെയാണ്. ഹിന്ദുധർമത്തിൽ ശക്തി എന്നൊരു വാക്കുണ്ട്. ഞങ്ങൾ ഒരു ശക്തിക്കെതിരെ (അധികാരം) ആണു പോരാടുന്നത്. എന്താണ് ആ ശക്തി എന്നതാണു ചോദ്യം' എന്നായിരുന്നു പ്രസംഗം.

രാഹുൽ സ്ത്രീകളെ അപമാനിച്ചുവെന്നാരോപിച്ചു പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദി രംഗത്തെത്തി. അധികാരത്തെയാണ് ഉദ്ദേശിച്ചതെന്നു രാഹുൽ മറുപടി നൽകി. രാഹുലിന്റെ പരാമർശം ഹിന്ദു മതവികാരത്തെ വ്രണപ്പെടുത്തുന്നതാണെന്നു കമ്മീഷനു നൽകിയ പരാതിയിൽ ബിജെപി നേതാക്കൾ ആരോപിക്കുന്നു.

# ഭരണം നിയന്ത്രിച്ച് കേജ്‌രിവാൾ

(ഒന്നാം പേജിൽ നിന്നും)

ഡൽഹിക്കാരുടെ കുടിവെള്ളം, അഴുക്കുചാൽ പ്രശ്നത്തെക്കുറിച്ച് അദ്ദേഹം ഇപ്പോഴും ചിന്തിക്കുന്നു. ഇത് അദ്ദേഹത്തിനു മാത്രമേ സാധിക്കൂ, ഡൽഹിയിലെ രണ്ടു കോടി ജനങ്ങളെയും തന്റെ കുടുംബത്തിലെ അംഗമായാണ് അദ്ദേഹം കാണുന്നത്" - അതിഷി പറഞ്ഞു.

ബിജെപിക്ക് അരവിന്ദ് കേജ്‌രിവാളിനെ അറസ്റ്റ് ചെയ്യാനും ജയിലിൽ അടയ്ക്കാനും സാധിക്കും. പക്ഷേ, ഡൽഹിക്കാരോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തെയും ഉത്തരവാദിത്വത്തെയും തടവിലാക്കാൻ സാധിക്കില്ല. ആം ആദ്മി പാർട്ടി നേതാവ് ജയിലിലാണെങ്കിലും ജോലികൾ മുടങ്ങില്ല.

"ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ചീഫ് സെക്രട്ടറിക്കും മറ്റ് ഉദ്യോഗസ്ഥർക്കും വേണ്ട നിർദേശം നൽകുക. ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾക്ക് ഉടനടി മികച്ച പരിഹാരം ലഭിക്കണം. ലഫ്. ഗവർണറുടെ സഹായം ആവശ്യമാണെങ്കിൽ അതും തേടുക. അദ്ദേഹം നിങ്ങളെ തീർച്ചയായും സഹായിക്കും"- ഇതായിരുന്നു കേജ്‌രിവാൾ അതിഷിക്കു നൽകിയ കുറിപ്പ്.

ജയിലിൽ അടച്ചാലും അരവിന്ദ് കേജ്‌രിവാൾ തന്നെ മുഖ്യമന്ത്രിയായി തുടരുമെന്ന നിലപാടിലാണ് ആം ആദ്മി പാർട്ടി. ജയിൽ മാനുവൽ പ്രകാരം കുടുംബം, സുഹൃത്തുക്കൾ എന്നിവരെ ആഴ്ചയിൽ രണ്ടുതവണ മാത്രമേ കാണാൻ അനുവാദമുള്ളൂ. അതിനാൽ, ജയിലിൽനിന്നു ഭരണം നടത്താൻ സാധിക്കുമോയെന്ന കാര്യത്തിൽ സംശയമുണ്ട്. അല്ലെങ്കിൽ കേജ്‌രിവാളിനെ വീട്ടുതടങ്കലിലാക്കണം. ഇതിന് കേന്ദ്രത്തിന്റെയും ലഫ്. ഗവർണറുടെയും അനുവാദം വേണം. പ്രതിപക്ഷ പാർട്ടിയുടെ മുഖ്യമന്ത്രിക്ക് ഇതു ലഭിക്കുമോ എന്നതിൽ സംശയമാണ്.

കേജ്‌രിവാൾ രാജിവെക്കാതിരുന്നാൽ കേന്ദ്രം അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുകയോ മാറ്റുകയോ ചെയ്യും. അതിനും പാർട്ടി വഴങ്ങിയില്ലെങ്കിൽ ഡൽഹിയിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്താനും സാധ്യതയുണ്ട്.

അതിനിടെ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ അറസ്റ്റിൽ പ്രതിഷേധിച്ച് പ്രതിപക്ഷ ഇന്ത്യാ സഖ്യം 31-ന് രാംലീല മൈതാനിയിൽ വൻ പ്രതിഷേധറാലി സംഘടിപ്പിക്കും. രാവിലെ പത്തിനു നടക്കുന്ന റാലിയിൽ സഖ്യത്തിലെ പ്രധാന നേതാക്കൾ പങ്കെടുക്കും.

കേജ്‌രിവാളിന്റെ അറസ്റ്റ് മാത്രമല്ല കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് പ്രതിപക്ഷപാർട്ടികളെ വേട്ടയാടുന്നതിനുമെതിരെയാണു പ്രതിഷേധ റാലിയെന്ന് 24-ന് നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ ഇന്ത്യാസഖ്യം നേതാക്കൾ പറഞ്ഞു.

ജനാധിപത്യ സംരക്ഷണത്തിന്റെ ഭാഗമായാണു സംയുക്ത റാലി സംഘടിപ്പിക്കുന്നതെന്ന് ഡൽഹി മന്ത്രിയും എഎപി നേതാവുമായ ഗോപാൽ റായ് പറഞ്ഞു. ഇതു രാഷ്ട്രീയ റാലിയല്ല, ജനാധിപത്യം സംരക്ഷിക്കുന്നതിനുള്ള കാഹളമാണെന്ന് ഡൽഹി കോൺഗ്രസ് അധ്യക്ഷൻ അർവീന്ദർ സിംഗ് ലവ്‌ലി അറിയിച്ചു. ബിജെപിയുടെ വേട്ടയാടലിനെതിരെ പ്രതിപക്ഷ പാർട്ടികൾ ഒരുമിച്ചു പോരാടുമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി മന്ത്രിമാരായ അതിഷി മാർലേന, ഗോപാൽ റായ്, സൗരഭ് ഭരദ്വാജ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഡൽഹി സർക്കാരിന്റെ 2021-22-ലെ മദ്യനയം രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും അഴിമതിയും കള്ളപ്പണം വെളുപ്പിക്കലും ആരോപിച്ചാണ് ഇഡിയും സിബിഐയും കേസ് രജിസ്റ്റർ ചെയ്തത്. വിവാദമായതോടെ നയം റദ്ദാക്കി. കേസിൽ നേരത്തെ അറസ്റ്റിലായ എഎപി നേതാക്കളായ ഡൽഹി മുൻമന്ത്രി മനീഷ് സിസോദിയയും സഞ്ജയ് സിങ്ങും ജുഡീഷ്യൽ കസ്റ്റഡിയിലാണ്.

കേസിൽ തെലങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവുവിന്റെ മകളും ഭാരത് രാഷ്ട്രസമിതി (ബിആർഎസ്) നേതാവുമായ കെ. കവിതയെയും ഇഡി അറസ്റ്റ് ചെയ്തിരുന്നു. കവിത ഇടനിലക്കാരിയായി 100 കോടി രൂപ എഎപിക്ക് കൈമാറിയെന്നാണ് ഇഡി ആരോപിക്കുന്നത്. ഇഡിയുടെ അടുത്തലക്ഷ്യം താനാണെന്നും ഏതു നിമിഷവും അറസ്റ്റിലാകുമെന്നും കെജ്‌രിവാൾ അന്ന് ചൂണ്ടിക്കാട്ടിയിരുന്നു.

# സുപ്രീംകോടതിയിൽ

(ഒന്നാം പേജിൽ നിന്നും)

സംസ്ഥാനത്തെ വരൾച്ച നേരിടാൻ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് (എൻഡിആർഎഫ്) ഫണ്ട് നൽകാൻ കേന്ദ്രത്തോടു കോടതി നിർദേശിക്കണമെന്നാണ് ആവശ്യം. കേന്ദ്രസഹായം നൽകാതിരിക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളുടെ ലംഘനമായി പ്രഖ്യാപിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 236 താലൂക്കുകളിൽ 223 എണ്ണത്തെ വരൾച്ച ബാധിച്ചു. 48 ലക്ഷം ഹെക്ടറിലെ കൃഷി നശിച്ചു. ഏകദേശം 35,162 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നതായും കർണാടക ചൂണ്ടിക്കാട്ടി. 18,171 കോടി രൂപയാണ് കേന്ദ്രസഹായമായി ചോദിച്ചിരിക്കുന്നത്.

# രാഹുലിനെ നേരിടാൻ സുരേന്ദ്രൻ

(ഒന്നാം പേജിൽ നിന്നും)

പിലിഭിത്തിൽ കോൺഗ്രസ് മുൻ നേതാവായ ജിതിൻ പ്രസാദയാണ് ബിജെപി സ്ഥാനാർത്ഥി.

കേന്ദ്രമന്ത്രിമാരായ അശ്വിനി ചൗബേ (ബക്സർ), ജനറൽ (റിട്ട) വി.കെ. സിങ് (ഗാസിയാബാദ്), മുൻ കേന്ദ്രമന്ത്രി അനന്ത് കുമാർ ഹെഗ്ഡേ (ഉത്തരകന്നഡ) എന്നിവരും ഇത്തവണ പട്ടികയ്ക്കു പുറത്തായി. ഇതിൽ വി.കെ. സിങ് താൻ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തോടു വിടപറയുകയാണെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു.

കോൺഗ്രസ് മുൻ എംപിയും വ്യവസായിയുമായ നവീൻ ജിൻഡാൽ പഴയ തട്ടകമായ കുരുക്ഷേത്രയിൽ ഇത്തവണ താമര ചിഹ്നത്തിൽ വോട്ടുതേടും. ബിജെപിയിൽ ചേർന്ന് മണിക്കൂറുകൾക്കകമാണ് ജിൻഡാലിനു നറുക്കു വീഴുന്നത്. കൽക്കട്ട ഹൈക്കോടതി മുൻ ജഡ്ജി അഭിജിത്ത് ഗംഗോപാധ്യായ പശ്ചിമ ബംഗാളിലെ താംലുക്ക് മണ്ഡലത്തിലെ ബിജെപി സ്ഥാനാർത്ഥി. കൽക്കട്ട ഹൈക്കോടതിയിൽനിന്നുള്ള അഭിജിത്ത് ഗംഗോപാധ്യായയുടെ രാജി ദേശീയ തലത്തിലും വാർത്തയായിരുന്നു.

ഒഡീഷയിലെ സംഭാൽപുരിൽനിന്ന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാനും പുരിയിൽനിന്ന് ബിജെപി വക്താവ് സംബിത് പാത്രയുമാണ് മത്സരത്തിനിറങ്ങുക.

# SEEKING BRIDEGROOM

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4) . Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: bejeweledsnow@hotmail.com

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India) 5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

KERALA EXPRESS

# നിര്യാതരായി

## എൻ.ജി. മാത്യൂസ്

**ഒളശ:** നെടുംപറമ്പിൽ നേവി ഹൗസിൽ എൻ.ജി. മാത്യൂസ് (ജോയിസ്-80) അന്തരിച്ചു. ഭാര്യ പുലിക്കുട്ടിശേരി കണ്ടമുണ്ടാരിൽ പുത്തൻപുരയിൽ മോളി മാത്യൂസ്. മക്കൾ: ജോർജ് മാത്യു, ബ്രൈറ്റ്‌ലി (യുഎസ്). മരുമക്കൾ: മേഴ്സി, സൂസൻ.

## സി.ടി. വർക്കി

**തെള്ളകം:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. സർജന്റ് ചാമക്കാലായിൽ സി.ടി. വർക്കി (76) അന്തരിച്ചു. മക്കൾ: ഷേർളി (യുഎസ്), ഷാജി, ബെന്നി, ഷാജൻ. മരുമക്കൾ: റോമി ചീരംവേലിൽ (യുഎസ്), കുഞ്ഞുമോൾ (തോട്ടയ്ക്കാട്), ലിജോ പണ്ടാരപള്ളി, ഷിജി മാമലശേരിൽ.

**തിരുവനന്തപുരം:** ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കീഴ്ശാന്തി കാസർഗോഡ് നീലേശ്വരം ആലമ്പാടി ഇല്ലത്ത് ആറമ്പാടി വാസുദേവ പട്ടേരി (52) അന്തരിച്ചു.

**മൂഴൂർ:** ഞായർകുളത്ത് അന്നമ്മ ആന്റണി (91) അന്തരിച്ചു.

**കോട്ടയം:** ഒളശ്ശ തണ്ണിക്കരിയിൽ റിട്ട. അദ്ധ്യാപകൻ പരേതനായ ടി.ജെ. ലൂക്കോസിന്റെ മകൾ ഡോ. ആനി ലൂക്കോസ് (ഗ്ലോറി-69) അന്തരിച്ചു.

## തങ്കമ്മ ജോസഫ്

**ചങ്ങനാശേരി:** പനംതോട്ടുപറമ്പിൽ തങ്കമ്മ ജോസഫ് (70) കല്യാൺ ദത്താത്രയ നിവാസ് 601-ൽ അന്തരിച്ചു. ഭർത്താവ് പി. ടി. ജോസഫ്. മക്കൾ: സോണി, സോണിയ. മരുമക്കൾ: റീന (യുഎസ്), ഓസ്റ്റിൻ.

**പാലാരിവട്ടം:** ചാലക്കുടി ഗവ. കോളജ് റിട്ട. പ്രിൻസിപ്പൽ സൗത്ത് ജനതാ റോഡ് മൈത്രി ലെയ്ൻ സ്മിതാ നിവൈസിൽ പ്രഫ. കെ.പി. സ്റ്റാലിൻ (84) അന്തരിച്ചു.

## സാറാമ്മ ഏബ്രഹാം

**കാടമുറി:** വലിയമുണ്ടക്കലായ ചക്കാലയിൽ പരേതനായ സി.കെ. ഏബ്രഹാമിന്റെ ഭാര്യ സാറാമ്മഏബ്രഹാം (87) അന്തരിച്ചു. മല്ലപ്പള്ളി പാലത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ: ബാബു കുര്യൻ, കുഞ്ഞൂഞ്ഞമ്മ (മുംബൈ), സാജൻ (കെഎസ്ആർടിസി റിട്ട.), ലൈസമ്മ (യുഎസ്). മരുമക്കൾ: ആഞ്ഞിലിത്താനം ഇളയിടത്ത് സുമ (കുവൈറ്റ്), പരേതനായ റെജി മുക്കുടിക്കൽ (ഞാലിയാകുഴി), സുനു കൊച്ചില്ലം (കുറിച്ചി), ഷാജി പാലത്തുങ്കൽ നെടുങ്ങാടപ്പള്ളി (യുഎസ്).

**കൊണ്ടാട്:** രാമപുരം എസ്എൻഡിപി ശാഖാ മുൻ പ്രസിഡണ്ട് പള്ളിക്കാട്ട് സി.എ. മാധവൻ (88) അന്തരിച്ചു.

**കടവൂർ:** റിട്ട. താലൂക്ക് സർവേയർ കുഴിവേലിൽ (കല്ലറയ്ക്കൽ) കെ.ജെ. ജോൺ (82) അന്തരിച്ചു.

**അതിരമ്പുഴ:** പുതുശേരിൽ പി.ജെ. മാത്യു (മാത്തുക്കുട്ടി-63) അന്തരിച്ചു.

## കെ.സി. ചാക്കോ

**കാഞ്ഞങ്ങാട്:** എടത്തോട് കാക്കനാട്ട് കെ.സി. ചാക്കോ (90) അന്തരിച്ചു. ഭാര്യ കടമ്പാട്ട് പരേതയായ എലിസബത്ത്. മക്കൾ: ഷേർളി (യുഎസ്), ഷൈല (ബിരിക്കുളം), സിസ്റ്റർ ഷൈനി (അസം), സോജൻ (ഒടയംചാൽ), സാബു, ബിനു, സീമ, സോണി (ന്യൂസിലൻഡ്), പരേതയായ ഷീല. മരുമക്കൾ: ജോസഫ് ജോൺ, ജോർജ് ഓരത്തേൽ (ഇരിട്ടി), സണ്ണി ചേന്നപ്പള്ളിയിൽ (ബിരിക്കുളം), ബിനു കരിമാന്തടം, (നർക്കിലക്കാട്), റീന കാഞ്ഞിരടുക്കം, ഷീലാറ്റ് (കാഞ്ഞങ്ങാട്), അനു (ന്യൂസിലൻഡ്).

## എലിസബത്ത് മാത്യു



**ഇരവുചിറ:** ചാവുവേലിൽ (ചക്കുങ്കൽ) എലിസബത്ത് മാത്യു (ഡെയ്സി-85) യുഎസിൽ അന്തരിച്ചു. ആലപ്പുഴ തത്തംപള്ളി കൈതക്കളം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കോര മാത്യു. മക്കൾ: അഡ്വ. മേഴ്സി തോമസ് (ഹൈക്കോടതി),ജോസഫ് മാത്യു (യുഎസ്), അഡ്വ. ജാൻസി ചെറിയാൻ (യുഎസ്). മരുമക്കൾ: അഡ്വ. തോമസ് ഏബ്രഹാം ചക്കിട്ടയിൽ പുന്നമൂട്ടിൽ റാന്നി (ഹൈക്കോടതി), പിങ്കി തോമസ് ചിറയത്ത് തൃശൂർ (യുഎസ്), ഡോ. ചെറിയാൻ കെ. ജോർജ് കണിച്ചേരിൽ മീനടം (യുസി കോളജ് ആലുവ).

**പാലാ:** ആരാധനാമഠം ജ്യോതിർമയി ഉജ്ജയിൻ പ്രൊവിൻസ് അംഗം സിസ്റ്റർ ടോംട്രീസ നരിമറ്റത്തിൽ (86) അന്തരിച്ചു.

**മടക്കത്താനം:** കെഎസ്ആർടിസി റിട്ട. കൺട്രോളിങ് ഇൻസ്പെക്ടർ പള്ളിക്കാമഠത്തിൽ പി.കെ. മാധവൻ (82) അന്തരിച്ചു.

## ജോർജ് സെബാസ്റ്റ്യൻ

**കാഞ്ഞിരപ്പള്ളി:** കുളപ്പുറത്ത് ആനത്താനത്ത് ജോർജ് സെബാസ്റ്റ്യൻ (അപ്പച്ചൻ-80) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ പ്രവിത്താനം കല്ലറയ്ക്കൽ വത്സ. മക്കൾ: അജി, അഞ്ജു, സഞ്ജു. മരുമക്കൾ: ലിൻസി കലയത്തിനാൽ (ഇടമറുക്), ഡോ. സോണി വടക്കേൽ ഭരണങ്ങാനം, ലീന അന്ത്രപ്പേർ (എറണാകുളം).

**പാലാ:** റിട്ട. പോസ്റ്റ്മാൻ കടപ്പാട്ടൂർ പുതിയപറമ്പിൽ ബാലകൃഷ്ണൻ നായർ (88) അന്തരിച്ചു.

**കൈനടി:** മെഡിക്കൽമിഷൻ സഭാംഗം സിസ്റ്റർ ഗബ്രിയേൽ (91) അന്തരിച്ചു.

## മേരി മാമ്മൻ

**റാന്നി:** ഇരവിപേരൂർ ശങ്കരമംഗലം മേരി മാമ്മൻ (85) ഫ്ളോറിഡയിൽ അന്തരിച്ചു. റാന്നി മുള്ളംകുഴിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാമ്മൻ ഏബ്രഹാം. മക്കൾ: ഷാജി, സുജിൽ, സുനിജ. മരുമക്കൾ: എലിസബത്ത്, ജിനി, തോമസ്.

**ചാന്നാനിക്കാട്:** പന്നിമറ്റം എഫ്സിഐ റിട്ട. ഉദ്യോഗസ്ഥൻ സൗപർണികയിൽ ഒ. വിജയൻ (75) അന്തരിച്ചു.

**ചങ്ങനാശേരി:** പെരുന്ന കരിങ്ങണംപിള്ളിൽ (ദീപം) നാഗാലാൻഡ് റിട്ട. പ്രിൻസിപ്പൽ സെക്രട്ടറി സി. ശശിധരൻ നായർ (76) അന്തരിച്ചു.

**രാമപുരം:** അമനകര തെരുവത്ത് ടി.കെ. അഗസ്റ്റിൻ (കുഞ്ഞാഗസ്തി-78) അന്തരിച്ചു.

## റോസമ്മ വർഗീസ്

**ഇരിങ്ങാലക്കുട:** തെക്കേത്തല റോസമ്മ വർഗീസ് (87) അന്തരിച്ചു. ആലപ്പുഴ നെരേത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.വി. വറീത്. മക്കൾ: ജോൺ തെക്കേത്തല, തോമസ് തെക്കേത്തല,ജേക്കബ് തെക്കേത്തല (മൂവരും യുഎസ്), ജോർജ് വർഗീസ്. മരുമക്കൾ: റാണി ഡൊമിനിക് കുരുവിനാക്കുന്നേൽ, മിന റോയി, ലിസാ ജോസഫ്, റോമില മോഹൻരാജ്.

**ശാന്തിപുരം:** പെരുമ്പ്രാൽ പരേതനായ പി.ഇ. സെബാസ്റ്റ്യന്റെയും ഓമന സെബാസ്റ്റ്യന്റെയും മകൻ സഞ്ജു സെബാസ്റ്റ്യൻ (29) അന്തരിച്ചു.

**കോതമംഗലം:** റിട്ട. അദ്ധ്യാപകൻ മാത്രപ്പിള്ളി ലാൻഡ് മാർക്ക് അപ്പാർട്ടുമെന്റ് മാടശേരി എം. ഉണ്ണികൃഷ്ണമേനോൻ (94) അന്തരിച്ചു.

## മത്തായി വർക്കി

**എരുമേലി:** കാഞ്ഞിരപ്പള്ളി മുൻ ബിഷപ് മാർ മാത്യു അറയ്ക്കലിന്റെ സഹോദരൻ അറക്കൽ മത്തായി വർക്കി (92) അന്തരിച്ചു. ഭാര്യ കൊഴുവനാൽ പൊന്നുംപുരയിടത്തിൽ ചിന്നമ്മ വർക്കി. മക്കൾ: എൽസി (സ്കോട്ട്ലൻഡ്), മാത്തുക്കുട്ടി, മേഴ്സി, കറിയാച്ചൻ, സാലി, വിൽസൺ, ആൻസി, റാണി, തോമാച്ചൻ (യുഎസ്). മരുമക്കൾ: പയസ് തെക്കേമുറി (ആനക്കല്ല്), റോസിലി പടിയറ, ടെസി വാലുമണ്ണേൽ, കുട്ടപ്പൻ തുങ്കുഴിയിൽ (പാലമ്പ്ര), സിന്ധു ആലുമ്മൂട്ടിൽ (ചങ്ങനാശേരി), റെജിപുള്ളോലിൽ (തിടനാട്), സാജൻ കോയിപ്പുറത്ത് (മുണ്ടക്കയം), നൈനെ അരീക്കാട്ടിൽ (കോഴിക്കോട്).

**അങ്കമാലി:** കുവൈത്ത് കൊമേഴ്സ്യൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ ചർച്ച് നഗർ 212-ൽ കിഴക്കുംതല കെ.ജെ. ജോസ് (90) അന്തരിച്ചു.

**അതിരമ്പുഴ:** പട്ടുവം ദീനസേവന സഭയുടെ അമല പ്രോവിൻസ് അംഗം സിസ്റ്റർ പുണ്യ (79) അന്തരിച്ചു.

## കെ. ഉണ്ണികൃഷ്ണൻ നായർ

**ചങ്ങനാശേരി:** വാഴപ്പള്ളി മങ്ങാട്ട് വീട്ടിൽ കെ. ഉണ്ണികൃഷ്ണൻ നായർ (80) യുഎസിൽ അന്തരിച്ചു. ഭാര്യ സരസമ്മ ഉണ്ണിക്കൃഷ്ണൻ. മക്കൾ: അനുപമ, അർച്ചന, ആരാധന. മരുമക്കൾ: ജയരാജ്, വിനോദ്, രമേശ്.

## ഏലിക്കുട്ടി മാത്യു

**മുട്ടുചിറ:** പുത്തൻപുരയ്ക്കൽ ഏലിക്കുട്ടി മാത്യു (73) അന്തരിച്ചു. കാപ്പുന്തല മൂന്നുതൊട്ടിയിൽ കുടുംബാംഗമാണ്. ഭർത്താവ് പി.വി. മാത്യു. മക്കൾ: ബിജു, ഫാ. ബിറ്റാജു (ബെംഗ്ളൂരു), ബൈജു, ബിനു, ഫാ. ബിനോയ് (യുഎസ്), അനു. മരുമക്കൾ: സുനി, ജെൻസി, മേരി, സുമി.

**അങ്കമാലി:** എഎംഎ ട്രാൻസ്പോർട്ട് പാർട്നറും ഇന്ത്യൻ ഓയിൽ ഡീലറുമായ മൂവാറ്റുപുഴ ആര്യൻകാലായിൽ എ.എം. ഇസ്മയിൽ (68) അന്തരിച്ചു.

**കുമരകം:** ബസേലിയസ് കോളജ് മുൻ ഉദ്യോഗസ്ഥൻ കണിച്ചേരിൽ കെ.എം. കുട്ടപ്പൻ (78) അന്തരിച്ചു.

**മുണ്ടൻകുന്ന്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ (കേരള സ്റ്റേറ്റ്) സീനിയർ പാസ്റ്റർ മറ്റപ്പള്ളി റോഡ് ആഞ്ഞിലിമൂട്ടിൽ സാംജോൺ (ബാബു-75)അന്തരിച്ചു.

## തെയ്യാമ്മ ജോസ്

**വാഴൂർ ഈസ്റ്റ്:** മുണ്ടയ്ക്കൽ തെയ്യാമ്മ ജോസ് (86) അന്തരിച്ചു. എരുമേലി ഞള്ളമാക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജോസഫ് മാത്യു. മക്കൾ: ആൻസൽ, ഷേർളി. സാബു, റോയി (യുഎസ്), പരേതനായ സാജു. മരുമക്കൾ: കുഞ്ഞുമോൾ ഇടപ്പറമ്പിൽ (പാലാ), സുനു കുളങ്ങര (നാലുകോടി), മാനുവൽ തോമസ് ചെമ്പകശ്ശേരിൽ (കൊല്ലം), സിസി മംഗലത്തുകരോട്ട് (പൊൻകുന്നം), പുഷ്പ കുടക്കച്ചിറ (കുടിയാൻമല).

**മാഞ്ഞൂർ സൗത്ത്:** കിഴക്കെ തൈപ്പറമ്പിൽ കെ.എ. സൈമൺ (73) അന്തരിച്ചു.

**കോതമംഗലം:** ഗോമേന്തിപ്പടി ഓലിയപ്പുറം വത്സ മത്തായി (74) അന്തരിച്ചു.

**ഒളശ:** സിഎംഎസ് എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക കോട്ടയം ചാലുകുന്ന് തോട്ടുകടവിൽ കാഞ്ഞിരപ്പള്ളി മോളി ഏബ്രഹാം (92) കാനഡയിൽ അന്തരിച്ചു.

**പത്തനാപുരം:** പുതുവൽവിനു ഭവനിൽ സിനു വർഗീസ് (40) അന്തരിച്ചു.

**പുഞ്ചവയൽ:** പാക്കാനം വൃന്ദാവനം വീട്ടിൽ ഭാരതിയമ്മ (90) അന്തരിച്ചു.

**കൂടല്ലൂർ:** കേരള വേലൻമഹാജനസഭ മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് വള്ളോപ്പള്ളിൽ വീട്ടിൽ വി.വി. ദാമോദരൻ (89) അന്തരിച്ചു.

## റോസമ്മ ജോൺ

**കപ്പാട്:** വെണ്ണാറമുട്ട് വേണാട് റോസമ്മ ജോൺ (90) അന്തരിച്ചു. തകിടിപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ തോമസ് ജോൺ. മക്കൾ: പരേതനായജെ. തോമസ്, ലൂയിസ് (കാനഡ), ടെസി (യുകെ), ഫിലോമിന, ഡൊമിനിക് (യുഎസ്). മരുമക്കൾ: ഷീല തയ്യിൽ, ആനി കൈപ്പൻപ്ലാക്കൽ (കാനഡ), പരേതനായ കെ.ടി. അലക്സാണ്ടർ കൊട്ടുപറമ്പിൽ, കെ.സി. ജോസ് കിഴക്കേത്തലയ്ക്കൽ കപ്പാട് (റിട്ട, ഡിവൈഎസ്പി), സെൽമ (യുഎസ്).

**മുണ്ടക്കയം:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ ചെമ്പകശേരിയിൽ സി.വി. മാത്യു (കുഞ്ഞുമോൻ-82) അന്തരിച്ചു.

**മൂവാറ്റുപുഴ:** ഏനാനല്ലൂർ കൊച്ചുമുട്ടം തോമസ് ജോസഫ് (ബാബു-72) അന്തരിച്ചു.

## കെ.കെ. ഏബ്രഹാം



**വെള്ളുത്തുരുത്തി:** റിട്ട. സുബേദാർ നെല്ലിക്കൽ കളരിക്കൽ കെ.കെ. ഏബ്രഹാം (ബേബി-88) അന്തരിച്ചു. ഭാര്യ കൈപ്പുഴ പായിക്കാട്ടുമ്യാലിയിൽ എൽസമ്മ ഏബ്രഹാം. മക്കൾ: ബെൻസി ഏബ്രഹാം, നാൻസി ഏബ്രഹാം, ജൂലി മേരി ഏബ്രഹാം (എല്ലാവരും യുഎസ്), കുര്യൻ ഏബ്രഹാം (കോട്ടയം). മരുമക്കൾ: ഏബ്രഹാം തോമസ് കിഴക്കേമുറിയിൽ (റാന്നി), റെജി എം. ഏലിയാസ് മടുക്കുംമൂട്ടിൽ (പുവന്തുരുത്ത്), ജനു സക്കറിയ കുന്നത്തിൽ കോട്ടയം (എല്ലാവരും യുഎസ്), സ്മിത കുര്യൻ മള്ളൂശേരി (മരിയൻ സ്കൂൾ, കോട്ടയം).

**കാക്കനാട്:** എറണാകുളം ജനറൽ ആശുപത്രി റിട്ട. നേഴ്സിങ് സൂപ്രണ്ട് പാലച്ചുവട് കോയിക്കര ഫിലോമിന (67) അന്തരിച്ചു.

## കെ.എ. ജോർജ്

**വടശേരിക്കര:** കൊന്നയ്ക്കൽ കെ.എ. ജോർജ് (കുഞ്ഞുമോൻ-80) യുഎസിൽ അന്തരിച്ചു. ഭാര്യ പെരുനാട് പുന്നമൂട്ടിൽ അമ്മിണി. മകൾ: ബിനി. മരുമകൻ: മനോജ്.

**തിരുവഞ്ചൂർ:** പറവൂർ മഠം രാമനാഥഷേണായിയുടെ (റിട്ട. ഹെഡ് സർവേയർ) ഭാര്യ ആർ സത്യഭാമ (പ്രേമ-68) അന്തരിച്ചു.

**ചിറക്കടവ്:** തെക്കേത്തുകവല കുന്നാംപരിയാരത്ത് റിട്ട. പോലീസ് സബ് ഇൻസ്പെക്ടർ കെ.ആർ. സോമൻനായർ (63) അന്തരിച്ചു.

## പി.ടി. ശിവൻകുട്ടി ആചാരി

**പൊൻകുന്നം:** തെക്കേത്തുകവല ലക്ഷ്മി നിവാസിൽ പി.ടി. ശിവൻകുട്ടി ആചാരി (75) അന്തരിച്ചു. അമ്പലപ്പുഴ പുറക്കാട്ട് കുടുംബാംഗമാണ്. ഭാര്യ കമലമ്മാൾ. മക്കൾ: ജ്യോതി ദിനേശ് (ദുബായ്), പ്രശാന്ത് ശിവൻ (മസ്കറ്റ്), രാജി അശോക് (യുഎസ്). മരുമക്കൾ: ദിനേശ് കുമാർ കീച്ചേരിൽ ചെങ്ങന്നൂർ (ദുബായ്), അശോക്കുമാർ പോത്തിരിക്കൽ തിരുവല്ല (യുഎസ്), ശരണ്യ പ്രശാന്ത് കരിപ്പാല (കോഴഞ്ചേരി).

## മറിയാമ്മ ദേവസ്യ

**തുരുത്തി:** കുന്നേൽ മറിയാമ്മ ദേവസ്യ (101) അന്തരിച്ചു.കരുവാറ്റ പരുന്തറ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർക്കി ദേവസ്യ. മക്കൾ: ലിസമ്മ, ജോസ് (ജർമനി), ആലീസ്, റോസ്മേരി, ഫാ. ടോം കുന്നേൽ (യുഎസ്), ലൂസി, നാൻസി, പരേതനായ ലാലിച്ചൻ. മരുമക്കൾ: ജോസ് കടുപ്പിൽ പനയമ്പാല, സാറാമ്മ കോവൂർ തോട്ടഭാഗം (ജർമനി), പരേതനായ അലക്സാണ്ടർ കൈനിക്കര, ചെറിയാൻ തരകൻ പോളച്ചിറയ്ക്കൽ (തിരുമൂലപുരം), ജോസ് തുരുത്തുമാലിയിൽ (വില്ലൂന്നി), ബാബു കയ്യാലകം (ഇത്തിത്താനം).

**കളത്തിൽപടി:** ഉള്ളാപള്ളിയിൽ അച്ചാമ്മ ഏബ്രഹാം (അമ്മിണി-84) അന്തരിച്ചു.

**മീനടം:** പാടത്തുമാപ്പിള കുടുംബാംഗം കടുപ്പിൽ കുന്നേൽ കെ.കെ. തോമസ് (കുഞ്ഞൂഞ്ഞ്-80) അന്തരിച്ചു.

**തൊടുപുഴ:** വെങ്ങല്ലൂർ നൈനെ ബേക്കറി ഉടമ പുല്ലാംപുറത്ത് കൃഷ്ണൻകുട്ടി (81) അന്തരിച്ചു.

## ത്രേസ്യാമ്മ മാത്യു

**നെടുങ്കുന്നം:** മാണികുളം ത്രേസ്യാമ്മ മാത്യു (72) അന്തരിച്ചു. പെരുന്തുരുത്തി കളത്തിപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് എം.കെ. മാത്യു. മക്കൾ: സോണി (യുഎസ്),സോജൻ (ഓസ്ട്രേലിയ). മരുമക്കൾ: നടാഷ, നീനു.

**തിരുവല്ല:** കുഴക്കാട് മുളവേലിൽ എം. മത്തായിയുടെയും ലതയുടെയും മകൻ അനി എം. മാത്യു (31) അന്തരിച്ചു.

**തിരുവനന്തപുരം:** പുനലൂർ തൊളിക്കോട് വടക്കേടത്ത് വീട്ടിൽ ഹൗസിങ് ബോർഡ് റിട്ട. എക്സി. എൻജിനീയർ വി.ജെ. ജോർജ് (റോയി-59) അന്തരിച്ചു.

**കോതമംഗലം:** കുത്തുകുഴി പടവിൽ ജോളി ജെയ്മി (46) അന്തരിച്ചു.

**കൊച്ചി:** തളിപ്പറമ്പ് സരസയിദ് കോളജ് സുവോളജിവിഭാഗം മുൻ മേധാവി വലിയപറമ്പിൽ ഡോ. മറിയാമ്മ കുരുവിള (89) അന്തരിച്ചു.

**ഏരൂർ:** കൊറ്റിയാത്ത് സീനആന്റണി (സീനത്ത്-66) അന്തരിച്ചു.

# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

# ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

# CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## *Favors Received*



*Inserted by: Firm Believer, New York*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Sara, Dallas*

# NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Sara, Dallas*

ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Sara, Dallas*

ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Sara, Dallas*

ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Sara, Dallas*

Visit Our Website: www.keralaexpress.com for Classified Advt.

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതാ കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അല്ലിമയുടെ മാതാപിതാക്കളെ കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. അവിടെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരുദിവസം ചന്ദ്രബാബുവിനെ കാണാതായി. ഹോസ്പിറ്റലിൽനിന്ന് അവർക്കു വിവരങ്ങൾ നൽകിയ നേഴ്സ് സോഫിയായ്ക്കു ജോലി നഷ്ടപ്പെട്ടു. കിഷോർ ആലുവായിൽ അവൾക്കു ജോലി ശരിയാക്കി. സന്ദീപും സംഘവും അന്വേഷണം തുടർന്നു. ഇടുക്കിയിലെ പെരിയാർവാലിയിൽ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമായി. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തി. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. ഹേമചന്ദ്രൻ നൽകിയ പരാതിപ്രകാരം അനിബാബുവിനെയും മാതാപിതാക്കളെയും കസ്റ്റഡിയിലെടുത്തത് പോലീസിനു പൊല്ലാപ്പാകുന്നു....**

## 89

ന്യൂസ്പേപ്പറിൽ അച്ചടിച്ചുവന്ന സ്റ്റോറിയുടെ അവസാനത്തെ പാരഗ്രാഫ് ബാലകൃഷ്ണമേനോൻ ഒരിക്കൽകൂടി വായിച്ചു.

"മേൽപറഞ്ഞ പ്രണയകഥയിലെ ദുരന്തനായകനായ കണിയാമ്പറമ്പിൽ ശേഖരൻകുട്ടി മകൻ ചന്ദ്രബാബു ഏലപ്പാറ ബസ്സ്റ്റാൻഡിൽനിന്ന് അപ്രത്യക്ഷനായിട്ട് ഇരുപത്തിരണ്ടു വർഷവും എട്ടു മാസവും കടന്നുപോയിരിക്കുന്നു. അതിനുശേഷം നാലു മാസം കഴിഞ്ഞിട്ടായിരുന്നു ചന്ദ്രബാബുവിന്റെ പ്രണയിനിയും പിന്നീട് ഭാര്യയുമായിരുന്ന മാളു എന്ന മാളവികയുടെ തിരോധാനം. പെരിയാർ വാലി 'പള്ളിക്കുടി സിറ്റി'ക്കു സമീപമുള്ള വീട്ടിൽ ചന്ദ്രബാബുവിന്റെ മാതാപിതാക്കൾക്കും സഹോദരനും ഒപ്പം താമസിച്ചിരുന്ന മാളുവിനെ പൊൻകുന്നത്തുനിന്ന് എത്തിയ ബന്ധുക്കൾ കൂട്ടിക്കൊണ്ടുപോകുകയാണു ചെയ്തതെന്ന് ചന്ദ്രബാബുവിന്റെ മാതാപിതാക്കൾ തറപ്പിച്ചു പറയുന്നു. അന്ന് മുരിക്കാശേരി പോലീസിൽ നൽകിയ പരാതിയുടെ പകർപ്പ് ഇപ്പോഴും അവർ സൂക്ഷിക്കുന്നുണ്ട്. മാളവികയുടെ അച്ഛനും സഹോദരനും മാതൃസഹോദരന്റെ മകളുടെ ഭർത്താവായ ഹേമചന്ദ്രനും മറ്റു ചിലരും ചേർന്ന് മാളുവിനെ കൂട്ടിക്കൊണ്ടുപോയ രാത്രി ശേഖരൻകുട്ടിയുടെ മനസ്സിലിന്നും മായാതെ കിടക്കുന്നുണ്ട്. അതേ ബന്ധുക്കൾ തന്നെയാണ് ശേഖരൻകുട്ടിക്കും ഭാര്യ രമണിക്കുമെതിരെ മുരിക്കാശേരി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിരിക്കുന്നതും മുരിക്കാശേരി പോലീസ് ശേഖരൻകുട്ടിയെയും രമണിയെയും കസ്റ്റഡിയിലെടുക്കാൻ ഇടയാകുന്നവിധം സംഭവത്തിന്റെ ഗതി തിരിച്ചുവിട്ടതും. മാളവികയ്ക്ക് പിന്നീട് എന്തു സംഭവിച്ചു? കൂട്ടിക്കൊണ്ടുപോയ ബന്ധുക്കൾ, പൂർണഗർഭിണിയായ മാളവികയോടു കാട്ടിയ കൊടുംക്രൂരതകൾ എന്തൊക്കെയായിരുന്നു?

പരമ്പരയുടെ അടുത്ത ഭാഗം നാളെ–

ബാലകൃഷ്ണമേനോന്റെ കണ്ണിൽനിന്നു ക്രമേണ അക്ഷരങ്ങൾ മാഞ്ഞുപോയി. റിപ്പോർട്ടിന്റെ തലക്കെട്ടുപോലും വായിക്കാനാകാത്തവിധം അവ്യക്തമായി. പത്രത്താളിലേക്കുതന്നെ നോക്കിക്കൊണ്ട്, എന്നാൽ ഒന്നും കാണാനാകാതെ അയാൾ അങ്ങനെതന്നെ ഇരുന്നു.

"അച്ഛാ..."

വിളിയൊച്ചകേട്ട് ബാലകൃഷ്ണമേനോൻ നടുങ്ങി. മാളുവിന്റെ ശബ്ദംപോലെയാണ് തോന്നിയത്.

അഞ്ജനയ്ക്കും മാളുവിനും ഏതാണ്ട് ഒരേ സ്വരവും അക്ഷരതാളവുമായിരുന്നെന്ന് അയാൾ ഓർത്തു.

"മുഴുവൻ വായിച്ചോ അച്ഛൻ?"

"ങ്ഹാ..."

"അച്ഛനും ഹേമേട്ടനുമൊക്കെ ഇതിൽ സൂചിപ്പിച്ചിട്ടുള്ള പലകാര്യങ്ങൾക്കും ഉത്തരം പറയേണ്ടി വരില്ലേ?" അഞ്ജന ചോദിച്ചു.

"ഇത് ഒരുത്തൻ എഴുതിയുണ്ടാക്കിയ സ്റ്റോറിയല്ലേ. അതും രണ്ട് പതിറ്റാണ്ട് മുൻപത്തെ കഥ. അവൻ കുറെ കെട്ടിച്ചമച്ചിട്ടൊണ്ട്. വായനക്കാർക്ക് ഒരു രസം കിട്ടണല്ലോ... അതിനൊള്ള പൊടിപ്പും തൊങ്ങലും..."

"ഇതിന്റെ പേരിൽ കേസും അന്വേഷണോം ഒക്കെ ഉണ്ടാകുവോ?"

"ഒണ്ടാകട്ടെ, നമുക്കെന്താ? ഇതൊന്നും അത്ര സീരിയസായിട്ട് എടുക്കേണ്ട ആവശ്യമില്ല മോളേ. കുറച്ച് ബഹളമുണ്ടാക്കാമെന്നല്ലാതെ."

"പക്ഷേ, അച്ഛനും ഹേമേട്ടനുമൊക്കെ ഡിസ്റ്റർബ്ഡ് ആണല്ലോ. ഞാനിത് കുറെ നാളായിട്ട് വാച്ച് ചെയ്യുന്നു. പോണ്ടിച്ചേരീന്ന് ഭാസി വല്യച്ഛനും ഫാമിലീം വന്നു. മാങ്ങോട്ടുശേരീന്ന് മാളുന്റെ അച്ഛനും ഹരീന്ദ്രനും പലവട്ടം ഇവിടെ വന്നു. അതിനിടയ്ക്ക് മാങ്ങോട്ടുശേരിയിൽ ചില അനിഷ്ട സംഭവങ്ങളൊക്കെ ഒണ്ടായി. എല്ലാടത്തും ഡിസ്കസ് ചെയ്തത് ഈയൊരു വിഷയം മാത്രമാണല്ലോ."

"അതിനൊരു കാരണമുണ്ട് മോളേ. ഒരിക്കൽ ഇതൊക്കെ പത്രങ്ങളിലൊക്കെ വന്നുപോയ സംഭവങ്ങളാ. അന്നു നമുക്ക് കുറച്ചു മാനക്കേടൊണ്ടായി. പിന്നേം ഇത് കുത്തിപ്പൊക്കിക്കൊണ്ടു വരുമ്പോ അതിന്റെ ക്ഷീണം നമ്മുടെ കുടുംബത്തിനല്ലേ. ഇപ്പോത്തന്നെ നമ്മുടെ പേരും വീട്ടുപേരും അന്നു നടന്ന സംഭവങ്ങളുമൊക്കെ അച്ചടിച്ചു വന്നില്ലേ. നമുക്കിനി റോഡിലോട്ടിറങ്ങി നടക്കാൻ പറ്റ്വോ? ഇങ്ങനൊരു മാനക്കേട് വരാതിരിക്കാൻ വേണ്ടിയാ ഞങ്ങളെല്ലാരും കൂടെ മീറ്റിങ് കൂടി ഡിസ്കഷൻ വെച്ചത്." ബാലകൃഷ്ണമേനോൻ വിശദീകരിച്ചു.

"സിറ്റിസൻ ക്ലബ്ബിൽ വിളിച്ചു ചോദിച്ചാ അറിയാം. അവിടെ സ്ഥിരമായിട്ട് ഹേമേട്ടനൊരു റൂമൊണ്ടല്ലോ..."

"എന്തുപറയാനാ... പുതിയ പ്രമോഷൻ ലിസ്റ്റ് മൂന്നു മാസത്തിനകം വരും... അപ്പോ എസ്പിയായിട്ട് ഏതെങ്കിലും ജില്ല ഭരിക്കേണ്ടവനാ. ഇപ്പോ സസ്പെൻഷനിൽ..."

"കയ്യിലിരിപ്പുകൂടി നന്നാവണ്ടേ അച്ഛാ..."

"നിനക്കവനെപ്പറ്റി ഒരു ഉത്കണ്ഠേം ഇല്ലേ മോളേ..."

അഞ്ജനയുടെ മൗനം കണ്ട് ബാലകൃഷ്ണമേനോൻ ആശങ്കാകുലനായി.

"നിങ്ങൾ തമ്മിൽ വല്ലാതെ അകന്നുപോയോ?"

"അച്ഛനെ ഓർത്തിട്ടു മാത്രമാ ഒരേ മേൽക്കൂരയ്ക്കു കീഴെ ജീവിക്കുന്നത്. ഇല്ലെങ്കി ഞാൻ ഒരഞ്ചു വർഷം മുൻപെങ്കിലും ഡിവോഴ്സിനു പോയേനെ..."

"മോളെ..." ബാലകൃഷ്ണമേനോൻ ഒരുൾക്കിടലത്തിൽ വിളിച്ചു.

"ഇനീം സമയം വൈകീട്ടൊന്നുമില്ല."

"മോളെ... കുഞ്ഞുങ്ങളില്ലാതെ പോയതാ നിങ്ങൾക്കിടയിലൊള്ള അകലം കൂടാൻ കാരണം."

"ഇല്ലാത്തത് നന്നായി അച്ഛാ."

"കുഞ്ഞുങ്ങളുണ്ടാകാൻ വേണ്ടി ഒരുകാലത്ത് ഞാൻ ഒത്തിരി കൊതിച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോ ആശ്വാസമാ. കുഞ്ഞുങ്ങളുണ്ടായിരുന്നെങ്കി ചെന്നായിന്റെ കുഞ്ഞുങ്ങളെ പ്രസവിച്ച ആടിനെപ്പോലെ ആയിപ്പോയേനെ ഞാൻ..."

"നിനക്ക് അവനോട് ഒട്ടും സ്നേഹമില്ലേ?"

"ഈ ചോദ്യം ഒരു തവണയെങ്കിലും അച്ഛൻ ഹേമേട്ടനോടു ചോദിച്ചിട്ടൊണ്ടോ? എന്നോടുള്ള പെരുമാറ്റമൊക്കെ അച്ഛൻ കണ്ടിട്ടൊള്ളതല്ലേ. അടിമയോടു പെരുമാറുന്നപോലെ."

ബാലകൃഷ്ണമേനോൻ ഒന്നും പറയാതെ നോട്ടം മറ്റെവിടേക്കോ മാറ്റി.

"എന്റെ ജോലി രാജിവെപ്പിക്കാൻ ഹേമേട്ടൻ കിണഞ്ഞു പരിശ്രമിച്ചതാ. അന്നൊക്കെ അച്ഛനും നിർബന്ധിച്ചു. ഞാൻ പിടിച്ചു നിന്നത് എത്ര നന്നായി..."

"ജോലിയില്ലെങ്കിലും നിനക്കു ജീവിക്കാനൊള്ളത് ഈ തറവാട്ടിലൊണ്ട്."

"ഒന്നും വേണ്ടച്ഛാ... ഞാൻ ചില തീരുമാനങ്ങളെടുക്കുമ്പോ അച്ഛനും ചിലപ്പോ എന്റെ എതിർപക്ഷത്ത് വന്നേക്കാം. ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നതിനു മുൻപ് ഞാൻ ഹേമേട്ടനോട് ഗുഡ്ബൈ പറയും. ഇപ്പോ എനിക്കു തോന്നുന്നൊണ്ട് അതിനൊള്ള സമയം അടുത്തു വരികയാണെന്ന്."

"അതിനു തക്കവിധം എന്തു സംഭവിച്ചെന്നാ?"

ബാലകൃഷ്ണമേനോൻ അമ്പരപ്പിൽ മകളെ നോക്കി.

അഞ്ജന എന്തെങ്കിലും പറയുന്നതിനു മുൻപേ ബാലകൃഷ്ണമേനോന്റെ ഫോണിലേക്ക് കോൾ വന്നു.

"ദാ... അവനാ വിളിക്കുന്നെ."

അയാൾ അഞ്ജനയോടു പറഞ്ഞിട്ട് കോൾ അറ്റൻഡ് ചെയ്തു.

"ഹലോ നീയെവിടെയാ...?"

മറുവശത്തുനിന്നുള്ള പ്രതികരണം ശരിക്ക് കേൾക്കാൻ വയ്യാതെ ബാലകൃഷ്ണമേനോൻ തന്റെ ചോദ്യം രണ്ടു തവണ ആവർത്തിച്ചു.

"ഒന്നും തിരിയുന്നില്ല. ഒന്നും കേൾക്കാൻ വയ്യ." അയാൾ ആവലാതിപ്പെട്ടു. അപ്പോൾത്തന്നെ കോൾ കട്ടായി.

ഹേമചന്ദ്രന്റെ നമ്പറിലേക്ക് ബാലകൃഷ്ണമേനോൻ തിരിച്ചു

"ഇപ്പോ ചന്ദ്രബാബുവിന്റെ അച്ഛന്റേം അമ്മേടേം പേരിൽ പരാതി കൊടുത്തതോ?"

"അത്... പിന്നെ ചന്ദ്രബാബുവിനെ കാണാതായത് അന്വേഷിക്കണമെന്നു പറഞ്ഞ് അവന്റനുജൻ പരാതി കൊടുത്തില്ലേ. അതിനുപകരം ഹേമചന്ദ്രൻ ചെയ്തതാ!"

"ചന്ദ്രബാബുവിനെ കാണാതായ സംഭവം അയാൾടെ അനുജൻ പരാതി കൊടുത്ത് അന്വേഷിപ്പിക്കുന്നതിന് നമുക്കെന്താ അച്ഛാ..."

"ഹേമചന്ദ്രന് വാശി. ഞാനവനോടു പറഞ്ഞതാ അതിനൊന്നും പോകണ്ടെന്ന്."

"മാങ്ങോട്ടുശേരിക്കാരും ഹേമേട്ടനുംകൂടിയാണ് മാളുവിനെ പെരിയാർ വാലീന്നു കടത്തിക്കൊണ്ടുപോയതെന്ന് റിപ്പോർട്ടിലൊണ്ടല്ലോ. അത് ശരിയാണോ അച്ഛാ...?"

"എവിടുന്ന്! അങ്ങനൊരു സംഭവമേ നടന്നിട്ടില്ല."

"നാളത്തെ ന്യൂസ്പേപ്പറിൽ ഇതിന്റെ രണ്ടാം ഭാഗം അച്ചടിച്ചു വരൂലോ. അപ്പഴും അച്ഛന് ഇതുതന്നെ പറയാൻ പറ്റ്വോ?"

"നിനക്കെന്താ മോളെ ഒരു സംശയം പോലെ?"

"ഇവിടെ നടന്ന ചർച്ചകളിൽ ചിലതൊക്കെ ഞാനും കേട്ടല്ലോ. നിങ്ങളെല്ലാരും ചേർന്ന് എന്തൊക്കെയോ ഒളിച്ചുകളി നടത്തീട്ടൊണ്ട്."

"ഹേമചന്ദ്രൻ ഇന്നലെ രാത്രി വന്നില്ലേ?"

ബാലകൃഷ്ണമേനോൻ വിഷയം മാറ്റി.

"ഇല്ല. രാത്രി വിളിച്ചപ്പോ ക്ലബിലാണെന്നാ പറഞ്ഞത്. ഒരു ഗെറ്റ്ടുഗദർ ഉണ്ടെന്നും വരാൻ ലേറ്റാകുമെന്നും പറഞ്ഞിട്ടുണ്ടാരുന്നു."

"രാവിലെ വിളിച്ചില്ലേ?"

"ഫോൺ റിങ് ചെയ്യുന്നൊണ്ട്. എടുക്കുന്നില്ല. രാത്രി മുഴുവൻ കുടിച്ചുകൂത്താടി ഹാങ്ങോവറിൽ കെടക്കുവായിരിക്കും."

"രാവിലെ എങ്കിലും വരേണ്ടതല്ലേ?"

KERALA EXPRESS

## നോവൽ

വിളിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഒരു കാർ ഗേറ്റിൽ വന്ന് ഹോണടിക്കാൻ തുടങ്ങി.

“ഗേറ്റ് തുറക്കാനാരുമില്ലേ...” ബാലകൃഷ്ണമേനോൻ ദേഷ്യപ്പെട്ടു.

ജോലിക്കാരി ഓടിപ്പോയി ഗേറ്റ് തുറന്നിട്ടു.

മാങ്ങോട്ടുശേരിയിലെ ജഗന്നാഥക്കുറുപ്പും മകൻ ഹരീന്ദ്രനുമായിരുന്നു കാറിൽ. മുറ്റത്ത് കാർ നിർത്തിയിട്ട് അവർ വേഗം സിറ്റൗട്ടിലേക്ക് വന്നു.

“ഹേമചന്ദ്രൻ ഹോസ്പിറ്റലിലാ. ഇന്നലെ രാത്രി ചന്ദ്രബാബുവിന്റെ അനുജൻ ഇടിച്ചു നിലത്തിട്ടു.” ഹരീന്ദ്രൻ വന്നപാടെ പറഞ്ഞു. “പ്രശ്നം അതൊന്നുമല്ല.”

“ഹേമചന്ദ്രനെന്തുപറ്റി?”

ബാലകൃഷ്ണമേനോൻ ഉദ്വേഗഭരിതനായി.

“കുഴപ്പമില്ല. താടിയെല്ലിനൊരു ഇൻജുറി. അതു ശരിയായിക്കോളും... ബാലമ്മാമ പത്രറിപ്പോർട്ട് വായിച്ചില്ലേ?”

“പഴയ കഥയല്ലേ... മാളുവിന്റെ?”

“നമുക്കെതിരെ കേസ് വരുന്നു. ന്യൂസ് ചാനലിൽ വാർത്ത. ഇരുപത്തിരണ്ടു വർഷം മുൻപത്തെ കേസന്വേഷിക്കാൻ ഉടൻതന്നെ പോലീസിന് നിർദേശം കൊടുക്കുമെന്ന് മന്ത്രിയുടെ പ്രസ്താവന.”

“ഇനി എന്തന്വേഷിക്കാൻ? എവിടെപ്പോയി അന്വേഷിക്കാൻ.”

ബാലകൃഷ്ണമേനോൻ വലംകൈ മലർത്തിക്കാട്ടി.

“ബാലമ്മാമേ... അവനുണ്ടല്ലോ മറുവശത്ത്, ജയദേവന്റെ മകൻ. അവന്റെ കയ്യിൽ ചില തെളിവുകളൊക്കെ ഒണ്ടല്ലോ. അവനല്ലേ എല്ലാം കുത്തിപ്പൊക്കിയത്.”



“പത്രത്തിൽ എന്തായാലും അച്ചടിച്ചു വന്നില്ലേ. ഇനി ഇതായിരിക്കും നാടുമുഴുവൻ ചർച്ച. വരാനുള്ളത് വഴീൽ തങ്ങില്ലല്ലോ. ഇനിയിപ്പോ സ്വയരക്ഷ നോക്കുക ഭ - അതേ ചെയ്യാനൊള്ളൂ.”

“മാളുവിനെ നമ്മൾ പോണ്ടിച്ചേരിക്കു കൊണ്ടുപോയ കഥയൊക്കെ നാളെ പത്രത്തിൽ വരും. നമ്മളെങ്ങനെ പിടിച്ചു നിൽക്കും.” ജഗന്നാഥക്കുറുപ്പ് ചോദിച്ചു.

“എടോ നമുക്കറിയില്ല. ഒക്കെ കള്ളക്കഥകളാ. അല്ലെന്ന് പോലീസ് പോയി തെളിയിക്കട്ടെ.”

“എല്ലാം നിഷേധിച്ചാ മതിയോ?”

“തൽക്കാലം അതുമതി. ആദ്യം ഹോസ്പിറ്റലിപ്പോയി ഹേമചന്ദ്രനെ കാണാം. അവൻ എന്തു പറയുന്നെന്നു നോക്കാം.”

ബാലകൃഷ്ണമേനോൻ അപ്പോൾത്തന്നെ വേഷംമാറി മാങ്ങോട്ടുശേരിക്കാരുടെ കാറിൽ പൊൻകുന്നത്തേക്ക് തിരിച്ചു.

അഞ്ജനയ്ക്ക് പക്ഷേ, ആശ്വാസമാണു തോന്നിയത്. കാപട്യത്തിന്റെയും അനീതിയുടെയും മുഖംമൂടികൾ അഴിഞ്ഞു വീഴാൻ പോകുന്നതിന്റെ അടയാളം അവൾ മനസ്സിൽ കണ്ടു.

*** *** ***

മജിസ്ട്രേട്ട് കോടതി.

പൊൻകുന്നം പോലീസ് അനിബാബുവിനെ കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവന്നിട്ടുണ്ട്. അഡ്വക്കറ്റ് രവിവർമയുടെ ജൂനിയർ വക്കീൽ അഡ്വക്കറ്റ് സുഷമാ മഹേഷ് ഇതിനകം അനിബാബുവുമായി സംസാരിച്ചുകഴിഞ്ഞു. അവർ അനിബാബുവിനെ ധൈര്യപ്പെടുത്തി.

“ഒന്നും പേടിക്കണ്ട. വേണ്ടസമയത്ത് ജാമ്യത്തിലെടുത്തോളാം.”

അനിബാബുവിനു ഭയമൊന്നുമില്ല.

ആദ്യമായിട്ടല്ല കോടതി കേറുന്നതും കേസിലെ പ്രതിയാകുന്നതും. അനിബാബുവിനെ ജാമ്യത്തിലിറക്കാൻ വേണ്ടിയല്ല അഡ്വക്കറ്റ് സുഷമ വന്നിരിക്കുന്നത്. റിമാൻഡ് ചെയ്യപ്പെടുമെന്ന് ഉറപ്പാക്കാൻ വേണ്ടിയാണ്. മുണ്ടക്കയത്തെ ഒരു എസ്റ്റേറ്റ് ഉടമയെ അപായപ്പെടുത്താൻ ശ്രമിച്ച ക്വട്ടേഷൻ സംഘത്തിൽപെട്ട ആറുപേർ പൊൻകുന്നം സബ്ജയിലിൽ റിമാൻഡിൽ കിടപ്പുണ്ട്. അവരുമായി പരിചയപ്പെടുക എന്നതായിരുന്നു അനിബാബുവിനു കിട്ടിയ പുതിയ ദൗത്യം.

കോർട്ട്ഹാളിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് സുഷമ, അനിബാബുവിനോടു രാത്രി പോലീസ് മർദനം ഏൽക്കേണ്ടിവന്നോ എന്നു തിരക്കിയിരുന്നു. അതൊരു ചടങ്ങു മാത്രമായിരുന്നെന്നും പരാതിപ്പെടാൻ മാത്രം ഒന്നുമുണ്ടായില്ലെന്നും അനിബാബു മറുപടി നൽകുകയും ചെയ്തു.

അനിബാബുവിനെ, സന്ദീപ് വന്ന് ജാമ്യത്തിലിറക്കുമെന്നായിരുന്നു, എതിർകക്ഷികളുടെ പ്രതീക്ഷ.

പക്ഷേ അത് അസ്ഥാനത്തായി.

മജിസ്ട്രേട്ട് അനിബാബുവിനോടു കുറ്റം ചെയ്തതാണോ എന്ന് ചോദിച്ചു. അതെ എന്ന് അയാൾ ഉത്തരം പറഞ്ഞു.

പത്തു ദിവസത്തേക്ക് കോടതി അനിബാബുവിനെ റിമാൻഡ് ചെയ്യാനുത്തരവായി.

കോർട്ട് ഹാളിനു പുറത്തുവന്നപ്പോൾ അഡ്വക്കറ്റ് സുഷമ അനിബാബുവിന്റെ അടുത്തു വന്ന് സ്വരം താഴ്ത്തി പറഞ്ഞു:

“സബ്ജയിലിൽ ഉപദ്രവമൊന്നും ഉണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്യുന്നുണ്ട്. പത്തു ദിവസത്തെ റിമാൻഡിൽ കഴിയേണ്ടി വരില്ല. നമുക്കാവശ്യമുള്ള വിവരങ്ങൾ കിട്ടിക്കഴിഞ്ഞാൽ അപ്പോത്തന്നെ ജാമ്യക്കടലാസുകൾ നീക്കാം.”

അനിബാബു തലയാട്ടി സമ്മതിച്ചു.

*** *** ***

റസ്റ്ററന്റിൽ മേശയ്ക്ക് ഇരുവശത്തുമായി ഇരിക്കുകയാണ് രാജഗോപാലും സന്ദീപ് നമ്പ്യാരും.

ബെയറർ ഫ്രെഷ്ജ്യൂസ് കൊണ്ടുവന്നുവെച്ച് അതിൽ സ്ട്രോയും ഇട്ടിട്ടു പോയി.

“അങ്കിളാണ് ഫൈനൽ ഡിസിഷൻ പറയേണ്ടത്. നാളത്തെ സ്റ്റോറി മാളവികയുടേതു മാത്രമാ. പോണ്ടിച്ചേരിയിൽ വെച്ചുണ്ടായ സംഭവവികാസങ്ങൾ. ക്ലൂണി ഹോസ്പിറ്റലിൽവെച്ച് നടന്ന പ്രസവം, കുഞ്ഞിനെ ഉപേക്ഷിക്കൽ, അതിനുശേഷമുണ്ടായ തിരോധാനം. ആ പ്രക്രിയയിൽ ഉൾപ്പെട്ടവരുടെ പങ്ക്... അല്ലിമയുടെ പേര് നാളത്തെ സ്റ്റോറിയിൽ വരില്ല. പക്ഷേ, മറ്റന്നാൾ മുതൽ അല്ലിയുടെ സ്റ്റോറിയാണ്. പേരും അഡ്രസും ഹൈഡ് ചെയ്യണോ അതോ തുറന്നെഴുതണോ?”

“എനിക്ക് ആലോചിക്കാൻ കുറച്ചൂടെ സമയം വേണം.”

രാജഗോപാൽ ആശയക്കുഴപ്പത്തിൽപെട്ടിരിക്കുകയാണ്. അല്ലിമയെക്കുറിച്ച് തുറന്നെഴുതിയാൽ ഒരൊറ്റ ദിവസം കൊണ്ട് ലോകത്തിനു മുന്നിൽ അല്ലിമ തന്റെ മകളല്ലാതാകുമല്ലോ എന്ന ഭയം അയാളെ അലട്ടിക്കൊണ്ടിരുന്നു. വെളിപ്പെടുത്തപ്പെട്ട ശേഷമുള്ള അല്ലിമയും അതിനു മുൻപുണ്ടായിരുന്ന അല്ലിമയും വേറെ വേറെ ആയിരിക്കുമെന്ന് അയാൾക്കു തോന്നി.

“അതു കുറച്ചു കടുപ്പമാണ്.” രാജഗോപാൽ പറഞ്ഞു – “അല്ലി ഞങ്ങളുടെ മോളായിരുന്നു. ഇപ്പഴും അതെ. പക്ഷേ, അവളുടെ ജന്മരഹസ്യം പരസ്യപ്പെട്ടു കഴിഞ്ഞാൽ ലോകത്തിന്റെ കണ്ണിൽ അവൾ ഞങ്ങടെ ആരുമല്ല. ഞങ്ങൾ അവളുടെ ആരുമല്ല... വിന്ദയും വിശാഖും പോലും അവളെ അന്യയായിട്ടു കാണാൻ തുടങ്ങും...”

“പക്ഷേ, അങ്കിളേ നിങ്ങളെ രണ്ടുപേരേം ആരും വിലകുറച്ചു കാണില്ല. എല്ലാവർക്കും നിങ്ങൾ അദ്ഭുതമായിരിക്കും. നല്ല മനുഷ്യരെല്ലാം നിങ്ങളെപ്പറ്റി ഓർത്ത് അഭിമാനം കൊള്ളുമെന്നാ എനിക്ക് തോന്നുന്നെ...”

“ഞങ്ങൾക്ക് അതൊന്നും വേണ്ട സന്ദീപ്. എനിക്കും ലക്ഷ്മിക്കും മറ്റുള്ളോരുടെ മുൻപിൽ മഹാനും മഹതീം ആകണ്ട. അല്ലി ഞങ്ങടെ മകളായിരുന്നാ മതി. സത്യം വിളിച്ചു പറഞ്ഞ് പുണ്യാത്മാക്കളാകുന്നതിനെക്കാൾ ഞങ്ങൾക്കിഷ്ടം അതാ...”

സന്ദീപ് വിഷമവൃത്തത്തിലായി.

“ഒരു കാര്യം ചെയ്യാം... അല്ലിയുടെ പേരും അഡ്രസും തൽക്കാലം മറച്ചുവെക്കാം. പോണ്ടിച്ചേരിയിൽ അക്കാലത്ത് താമസിച്ചിരുന്ന മലയാളികുടുംബം വീട്ടുവരാന്തയിൽ ഉപേക്ഷിക്കപ്പെട്ടു കിടന്ന പെൺകുഞ്ഞിനെ എടുത്തു വളർത്തുന്നു. അവൾ വളർന്നു വലുതാകുന്നു. തന്നെ വളർത്തുന്ന അച്ഛനും അമ്മയുമല്ല തനിക്കു ജന്മം തന്നതെന്ന് അവളറിയുന്നില്ല. ലോകം അറിയുന്നില്ല... ആ മട്ടിൽ അവതരിപ്പിച്ചാലോ?”

“സന്ദീപിന്റെ സ്റ്റോറിയുടെ വിശ്വാസ്യതയ്ക്ക് എന്തെങ്കിലും കോട്ടം തട്ടുമോ?”

“അങ്കിളേ ഇതെല്ലാം ടെമ്പററി അഡ്ജസ്റ്റ്മെന്റ് മാത്രമാ. നാളത്തെ സ്റ്റോറി പ്രസിദ്ധീകരിക്കുന്നതോടെ പോലീസിന് കേസെടുത്ത് അന്വേഷണം തുടങ്ങിയേ പറ്റൂ. അപ്പോ നമ്മൾ പോലീസിനോടെങ്കിലും ചില സത്യങ്ങൾ തുറന്നു പറയേണ്ടി വരും...”

“ഞാനും, ലക്ഷ്മീം അല്ലീടെ പാരന്റ്സ് അല്ല എന്നു മറ്റുള്ളവരറിയുന്നത് അല്ലിമോൾക്കും വലിയ സങ്കടമായിരിക്കും.”

“ആണ്. അതെനിക്കറിയാം. പക്ഷേ, എന്തായാലും സത്യം പുറത്തുവരും. അതിനെ ഫെയ്സ് ചെയ്യുകയല്ലാതെ വേറെ നിവൃത്തിയില്ലങ്കിളേ.”

“അല്ലിയോടു സംസാരിച്ചോ ഇക്കാര്യം?”

“ഇല്ല. അങ്കിളിന്റെ സമ്മതം കിട്ടീട്ടുമതിയല്ലോ.”

“എന്റെ മക്കളെ എങ്ങനെ പറഞ്ഞ് ബോധ്യപ്പെടുത്തുംന്ന് എനിക്കറിയില്ല. അല്ലി അവർക്കു ചേച്ചിയാണ്. കൂടപ്പിറപ്പാണ്. അവർക്കു ഭയങ്കര ഷോക്കാവും. പിന്നെ, എന്റെ റിലേറ്റീവ്സും ഫ്രണ്ട്സും. അല്ലിയുടെ ഫ്രണ്ട്സ്. ഞങ്ങൾടെ നെയ്ബേഴ്സ്.”

“അങ്കിളേ നമ്മൾ മൂടിവെക്കുന്ന സത്യത്തിനടിയിൽ രണ്ട് ആത്മാക്കൾ കിടന്നു പിടയ്ക്കുന്നുണ്ട്. ചന്ദ്രബാബുവിന്റേം മാളവികയുടേയും... അവർക്കൊരു മോചനം കിട്ടണ്ടേ.”

“അതും ശരിയാണ്...”

“നമ്മളിതുവരെ ചെയ്തതൊന്നും പാഴായിപ്പോകരുത്. ചന്ദ്രബാബുവിന്റെ അനുജൻ പൊൻകുന്നം സബ്ജയിലിൽ റിമാൻഡിൽ കിടക്കുവാ. ജാമ്യത്തിലിറക്കാൻ വയ്യാഞ്ഞിട്ടല്ല. വീണുകിട്ടിയ അവസരം മുതലാക്കുകയാ. മൂന്നുദിവസം മുൻപ് അറസ്റ്റ് ചെയ്യപ്പെട്ട ക്വട്ടേഷൻ ടീമിനെപ്പറ്റി വിവരം തന്നത് പൊൻകുന്നം റിപ്പോർട്ടറാണ്. അവരിലൊരുത്തൻ മണിമലക്കാരനും വേറൊരുത്തൻ ചിറക്കടവുകാരനുമാ... പണ്ടുമുതലേ കൂലിത്തല്ലാണ് തൊഴിൽ... അവരെ പരിചയപ്പെടാൻ ഒരവസരത്തിനു വേണ്ടിയാ അനിബാബുവിനെ ജാമ്യത്തിലിറക്കാതെ റിമാൻഡ് ചെയ്യിക്കാൻ വിട്ടുകൊടുത്തത്.”

“എനിക്കൊരുദിവസം കൂടി തരണം സന്ദീപ്. എന്റെ മക്കളോടു സംസാരിക്കണം. പത്രറിപ്പോർട്ട് കണ്ടിട്ടായിരിക്കരുത് അവർ സത്യം അറിയുന്നത്.”

“അങ്കിൾ ഒന്നോ രണ്ടോ ദിവസം എടുത്തോ. ഞാൻ അതിനനുസരിച്ച് സ്റ്റോറി ക്രമീകരിച്ചോളാം...”

റസ്റ്ററന്റിൽനിന്നിറങ്ങി യാത്ര പറഞ്ഞു പിരിയുമ്പോൾ രാജഗോപാലിന്റെ മുഖം മ്ലാനമായിരുന്നു.

സന്ദീപ് കാറിൽ കയറി ചിന്താധീനനായി ഇരുന്നു. വിചാരിച്ചപോലെ എളുപ്പമല്ല കാര്യങ്ങൾ എന്ന് അവനു ബോധ്യപ്പെട്ടു.

ഒറ്റനോട്ടത്തിൽ കണ്ണിൽപെടാത്ത ചില ഇടങ്ങളുണ്ട്. എത്ര സൂക്ഷ്മമായി തെരഞ്ഞിട്ടും കാണാത്ത തീരങ്ങളുണ്ട്. അവിടെ ചില മനുഷ്യരുണ്ട്.

സീറ്റിൽ കിടന്ന മൊബൈൽ വൈബ്രേറ്റ് ചെയ്യാൻ തുടങ്ങി.

ഡിസ്പ്ലേ നോക്കിയപ്പോൾ എടുക്കണോ വേണ്ടയോ എന്നു സംശയമായി.

അച്ഛനാണു വിളിക്കുന്നത്.

സന്ദീപ് മടിച്ചുമടിച്ചാണ് ഫോൺ എടുത്തത്. രാവിലെ പത്രം അടിച്ചുവന്ന ശേഷം ഇതുവരെ വീട്ടിൽനിന്ന് ആരുടെയും പ്രതികരണം ഉണ്ടാകാത്തതിന്റെ ആശ്ചര്യം ഇതോടെ മാറി.

“ഹലോ... അച്ഛാ...”

“നിന്റെ സ്റ്റോറി വായിച്ചു. വെരിഗുഡ്. എക്സലന്റ്... നീ എവിടെയാ?”

“ഞാൻ കോട്ടയത്തേക്ക് പോകാൻ വേണ്ടി നിക്കുവാ...”

“എവിടെയാണെന്നു പറ.”

“കൊച്ചീലാണ്...”

“ഇവിടം വരെ ഒന്നു വന്നിട്ടു പോ...”

“എന്താച്ഛാ അത്യാവശ്യം?”

“ബാലമ്മാമേം മാങ്ങോട്ടുശേരീലെ ചെറിയച്ഛനും ഹരീന്ദ്രനും ഒക്കെ വന്നിട്ടൊണ്ട്. അവർക്കു നിന്നോടു സംസാരിക്കണം.”

സന്ദീപ് മറുപടിയൊന്നും പറയാതെ ജാഗരൂകനായി നിന്നു.

(തുടരും)

# ഇലക്ഷൻ കിംഗ് പദ്മരാജൻ തിരക്കിലാണ്; 239–ാം തവണയും പത്രിക സമർപ്പിച്ചു

പയ്യന്നൂർ: ഇലക്ഷൻ കിംഗ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പയ്യന്നൂർ കുഞ്ഞിമംഗലത്ത് വേരുകളുള്ള തമിഴ്നാട് സേലം മേട്ടൂരിലെ ഡോ. കെ. പദ്മരാജൻ പതിവുപോലെ ഇത്തവണയും തെരഞ്ഞെടുപ്പ് രംഗത്ത് തിരക്കിലാണ്. 239-ാം തവണയാണ് ഇദ്ദേഹം മത്സരരംഗത്തിറങ്ങുന്നത്. ഇക്കുറി തമിഴ്നാട്ടിലെ ധർമപുരി ലോക്സഭാ മണ്ഡലത്തിലാണ് മത്സരിക്കാനായി പത്രിക സമർപ്പിച്ചിരിക്കുന്നത്. മാർച്ച് 20-ന് രാവിലെ 11-നായിരുന്നു വരണാധികാരി കെ. ശാന്തി മുമ്പാകെ പത്രിക സമർപ്പിച്ചത്. കഴിഞ്ഞ തവണ ഇതേ മണ്ഡലത്തിലും രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കുന്നതറിഞ്ഞതോടെ വയനാട്ടിലും പത്രിക നൽകിയിരുന്നു. മത്സരിച്ചു വിജയിക്കുക എന്നതിലുപരിയായി പ്രഗല്ഭർക്കൊപ്പം മത്സരിക്കുക എന്നതു ഹരമായി കൊണ്ടുനടക്കുന്ന വ്യക്തിയാണു പദ്മരാജൻ. ഇക്കാരണത്താൽ തന്നെ ഇക്കുറി തൃശൂരിലും മത്സരിക്കാനാണ് തീരുമാനം. 42 വർഷംമുമ്പ് മനസിൽ കയറിയ ആഗ്രഹമാണ് ഇപ്പോൾ ഇരുന്നൂറ്റി മുപ്പത്തൊമ്പതാമത്തെ പത്രിക സമർപ്പണത്തിലെത്തി നിൽക്കുന്നത്.



ഡോ. കെ. പദ്മരാജൻ തമിഴ്നാട്ടിലെ ധർമപുരി പാർലമെന്റ് മണ്ഡലത്തിൽ വരണാധികാരി കെ. ശാന്തി മുമ്പാകെ പത്രിക സമർപ്പിച്ചപ്പോൾ

മുൻ രാഷ്ട്രപതിമാരായ കെ.ആർ. നാരായണൻ, എ.പി.ജെ. അബ്ദുൽ കലാം, പ്രതിഭാ പാട്ടീൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ പ്രധാനമന്ത്രിമാരായ അടൽ ബിഹാരി വാജ്പേയി, പി.വി. നരസിംഹറാവു, ഡോ. മൻമോഹൻസിംഗ്, മുൻ കേരള മുഖ്യമന്ത്രിമാരായ ഇ.കെ. നായനാർ, കെ. കരുണാകരൻ, എ.കെ. ആന്റണി, മുൻ തമിഴ്നാട് മുഖ്യമന്ത്രി ജെ. ജയലളിത, എം. കരുണാനിധി, കർണാടക മുഖ്യമന്ത്രിമാരായിരുന്ന ബി.എസ്. യെദിയൂരപ്പ, എസ്. ബംഗാരപ്പ തുടങ്ങിയവർക്കെതിരെ മത്സരിച്ച ചരിത്രമുള്ളയാളാണ് ഡോ. പദ്മരാജൻ. മേട്ടൂരിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുതൽ രാഷ്ട്രപതി തെരഞ്ഞെടുപ്പുവരെ നീളുന്നതാണ് ഇദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് മത്സരചരിത്രം. പത്രിക സമർപ്പണത്തിനൊപ്പം കെട്ടിവെച്ച കാശ് നഷ്ടപ്പെട്ട ചരിത്രത്തിനുടമകൂടിയാണ് ഇദ്ദേഹം. ഇതിനകം 20 ലക്ഷത്തോളം രൂപയാണ് തെരഞ്ഞെടുപ്പിനായി ചെലവാക്കിയത്. സ്വന്തം തട്ടകമായ മേട്ടൂർ അസംബ്ലി മണ്ഡലത്തിൽ 2011-ൽ നടൻ വിജയകാന്തിനോടു മത്സരിച്ചപ്പോൾ 6700-ലധികം വോട്ടു ലഭിച്ചത് പദ്മാരാജനെപ്പോലും ഞെട്ടിച്ച സംഭവമായിരുന്നു. എന്നാലും ഇവിടെയും കെട്ടിവെച്ച പണം നഷ്ടമായിരുന്നു.

എന്നാൽ ഈ പരാജയങ്ങൾ വിജയമാക്കി മാറ്റാൻ കഴിഞ്ഞുവെന്ന ചരിത്രംകൂടിയുണ്ട് പദ്മരാജന്. മൂന്നുതവണ ലിംകാ ബുക്ക് ഓഫ് റിക്കാർഡ്സിലും ഗിന്നസ് ബുക്കിലും ഇടംനേടാൻ കഴിഞ്ഞുവെന്നത് മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത നേട്ടമാണ്. ഇപ്പോൾ ഇന്റർനെറ്റിൽ ഇലക്ഷൻ കിംഗെന്ന് അടിച്ചാൽ പദ്മരാജന്റെ റിക്കാർഡുകളിലേക്കാണ് എത്തിച്ചേരുക. ആദ്യമൊക്കെ എതിർപ്പു പ്രകടിപ്പിച്ച വീട്ടുകാർ ഇപ്പോൾ പിന്തുണയുമായി കൂടെയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മേട്ടൂരിൽ ഹോമിയോ പ്രാക്ടീഷണറായ പദ്മരാജൻ ടയർ റിപ്പയറിംഗ് കടയും നടത്തുന്നുണ്ട്.

## ഇടത്തും വലത്തും കേരളാ കോൺഗ്രസ്

(10-ാം പേജിൽനിന്നും)

ചെലവഴിച്ചതിൽ കേരളത്തിൽ ഒന്നാമതെത്താൻ കഴിഞ്ഞതിലുള്ള അംഗീകാരം തെരഞ്ഞെടുപ്പിൽ ജനം നൽകുമെന്നാണ് ഇടതുക്യാമ്പ് വിലയിരുത്തുന്നത്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെയുള്ള ജനരോഷം തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്നാണ് യുഡിഎഫിന്റെ പ്രതീക്ഷ. കഴിഞ്ഞതവണ യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച ആൾ ഇത്തവണ ഇടതുമുന്നണിക്കായി മത്സരിക്കുന്നതിനെതിരെ ജനരോഷം ഉണ്ടാകുമെന്നാണ് യുഡിഎഫിന്റെ കണക്കുകൂട്ടൽ. അതോടൊപ്പം കേരളാ കോൺഗ്രസ് സ്ഥാപക ചെയർമാൻ കെ.എം. ജോർജിന്റെ മകൻ ഫ്രാൻസിസ് ജോർജ് യുഡിഎഫിന് വേണ്ടി മത്സരിക്കുന്നത് ഗുണകരമാകുമെന്ന പ്രതീക്ഷയും യുഡിഎഫ് വെച്ചുപുലർത്തുന്നു.

ബിഡിജെഎസ് സംസ്ഥാന അധ്യക്ഷൻതന്നെ കോട്ടയത്ത് മത്സരിക്കുന്നത് ചരിത്രം സൃഷ്ടിക്കാനാണെന്നാണ് എൻഡിഎ നേതാക്കളുടെ അവകാശവാദം. കേന്ദ്രം ഭരിക്കാൻ സാധ്യതയുള്ള മുന്നണിയുടെ പ്രതിനിധി വിജയിക്കണമെന്ന് ജനം ചിന്തിക്കുന്ന സാഹചര്യമുണ്ടാകുമെന്നും അത് തങ്ങൾക്ക് അനുകൂലമാകുമെന്നുമാണ് എൻഡിഎ നേതാക്കൾ പറയുന്നത്. നരേന്ദ്ര മോദിക്ക് അനുകൂലമായ ഒരു തരംഗം നിലനിൽക്കുന്നുണ്ടെന്നും അത് വോട്ടായി മാറുമെന്നും എൻഡിഎ ക്യാമ്പ് വിലയിരുത്തുന്നു.

റബറിന്റെ നാടായ കോട്ടയത്ത് റബർ കർഷകരുടെ മനസായിരിക്കും വോട്ടർമാരെ സ്വാധീനിക്കുക എന്നതാണ് യാഥാർത്ഥ്യം. ഇത് മുന്നിൽ കണ്ട് റബർവില ചൂണ്ടിക്കാട്ടിയുള്ള പ്രചരണ തന്ത്രങ്ങളായിരിക്കും മൂന്നു മുന്നണികളും ആവിഷ്കരിക്കുക.

## വാർത്താപരിശോധന കോടതി തടഞ്ഞു

ന്യൂഡൽഹി: ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകളിലെ വാർത്തകളടക്കമുള്ള ഉള്ളടക്കത്തിന്റെ വസ്തുതാപരിശോധനയ്ക്കായി കേന്ദ്ര സർക്കാർ തിരക്കിട്ടിറക്കിയ വിവാദ വിജ്ഞാപനം 24 മണിക്കൂർ തികയുംമുൻപ് സുപ്രീം കോടതി സ്റ്റേ ചെയ്തു. തെരഞ്ഞെടുപ്പുകാലത്ത് ഡിജിറ്റൽ ഇടങ്ങളിൽ സർക്കാർ സെൻസർഷിപ്പിനു വഴിവെക്കുമായിരുന്ന കേന്ദ്ര നീക്കമാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് തടഞ്ഞത്. ബോംബെ ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസിൽ അന്തിമവിധിയുണ്ടാകുംവരെയാണ് സ്റ്റേ. ഏപ്രിൽ 15-ന് ആണ് ഹൈക്കോടതി ഇനി കേസ് പരിഗണിക്കുന്നത്. ഗൗരവമുള്ള ഭരണഘടനാപരമായ ചോദ്യങ്ങൾ ഹർജികളിലുണ്ടെന്നു സുപ്രീം കോടതി നിരീക്ഷിച്ചു. അഭിപ്രായ സ്വാതന്ത്ര്യത്തെ ഇതെങ്ങനെ സ്വാധീനിക്കുമെന്നു പരിശോധിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കി.

വസ്തുതാപരിശോധനയ്ക്കെതിരായ ഹർജികൾ സുപ്രീം കോടതി മാർച്ച് 21-ന് പരിഗണിക്കാനിരിക്കെയാണ്, ഇതിനുള്ള ചുമതല പ്രസ് ഇൻഫർമേഷൻ ബ്യൂറോയ്ക്ക് (പിഐബി) നൽകി കേന്ദ്ര ഐടി മന്ത്രാലയം തലേന്നു വൈകിട്ട് വിജ്ഞാപനമിറക്കിയത്. പിഐബി വ്യാജമെന്നു മുദ്രകുത്തുന്ന ഉള്ളടക്കം സമൂഹമാധ്യമങ്ങളടക്കം നീക്കം ചെയ്യേണ്ടി വരുന്ന തരത്തിലായിരുന്നു വിജ്ഞാപനം. വ്യക്തികളെഴുതുന്ന പോസ്റ്റുകൾ, വീഡിയോകൾ തുടങ്ങിയവയെല്ലാം പരിധിയിൽ വരുമായിരുന്നു. എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യയും സ്റ്റാൻഡപ് കൊമീഡിയൻ കുനാൽ കമ്രയുമാണ് ഹർജിക്കാർ.

## ഇഡിക്കെതിരെ സുപ്രീംകോടതി: അന്വേഷണം നീട്ടി കുറ്റാരോപിതരുടെ ജാമ്യം നിഷേധിക്കരുത്

ന്യൂഡൽഹി: കുറ്റാരോപിതനെ ജയിലിൽനിന്നു പുറത്തിറക്കാതിരിക്കാനായി അനുബന്ധ കുറ്റപത്രങ്ങൾ സമർപ്പിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) നടപടിക്കെതിരെ സുപ്രീംകോടതിയുടെ വിമർശനം. അന്വേഷണം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയി കുറ്റാരോപിതന് അർഹമായ ജാമ്യം നിഷേധിക്കുകയും വിചാരണ കൂടാതെ കസ്റ്റഡിയിൽ വെക്കുകയും ചെയ്യുന്ന ഇഡിയുടെ കീഴ്വഴക്കം ശരിയല്ലെന്നു കോടതി വ്യക്തമാക്കി.

ജാർഖണ്ഡിലെ അനധികൃത ഖനനത്തിനെതിരെയുള്ള കള്ളപ്പണം വെളുപ്പിക്കൽ കേസുകളിലെ പ്രതി പ്രേം പ്രകാശിന്റെ ജാമ്യാപേക്ഷ പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങുന്ന ബെഞ്ച് ഇഡിക്കെതിരെ കടുത്ത വിമർശനം നടത്തിയത്. വിചാരണ കൂടാതെ കസ്റ്റഡിയിൽ വെക്കുന്നത് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തടങ്കലിനു തുല്യമാണെന്ന് പരമോന്നത കോടതി ഇഡിയെ ഓർമിപ്പിച്ചു. ഇടക്കാല ജാമ്യം അനുവദിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ ഏപ്രിൽ 29-ന് കേസ് പരിഗണിക്കാൻ കോടതി മാറ്റി. വാദം കേൾക്കാൻ കഴിയുന്നില്ലെങ്കിൽ ഇടക്കാല ജാമ്യം നൽകണോയെന്ന് അന്നു തീരുമാനിക്കും. നിയമപരമായ വിഷയങ്ങളിൽ മറുപടി നൽകാൻ ഇഡിക്ക് സമയം അനുവദിച്ചിട്ടുണ്ടെന്ന് കോടതി വ്യക്തമാക്കി.

പ്രേം പ്രകാശിനെതിരെ കഴിഞ്ഞ ഒന്നിന് നാല് അനുബന്ധ കുറ്റപത്രങ്ങൾ ഇഡി സമർപ്പിച്ചതിൽ കോടതി അതൃപ്തി പ്രകടിപ്പിച്ചു. ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ കൂട്ടാളിയായ പ്രേം പ്രകാശിനെ 2022 ഓഗസ്റ്റിലാണ് അറസ്റ്റ് ചെയ്തു ജയിലിലടച്ചത്. റാഞ്ചിയിലെ പ്രകാശിന്റെ വസതിയിൽ നടത്തിയ റെയ്ഡിൽ രണ്ട് എകെ 47 തോക്കുകളും 60 റൗണ്ട് വെടിയുണ്ടകളും കണ്ടെടുത്തതിനെത്തുടർന്നാണ് കള്ളപ്പണം വെളുപ്പിക്കൽ, ആയുധനിയമം എന്നിവയനുസരിച്ച് ഇഡി കേസെടുത്ത് അറസ്റ്റ് ചെയ്തത്.

“കേസിൽ അന്വേഷണം പൂർത്തിയാകാതെ ഒരാളെ അറസ്റ്റ് ചെയ്യാൻ നിങ്ങൾക്കു കഴിയില്ല. വിചാരണ ആരംഭിക്കാതെ കസ്റ്റഡിയിൽ വെക്കാനാകില്ല. തടങ്കലിൽ വെക്കുന്നതിനു സമാനമാണിത്. ഇതൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നു. നിങ്ങൾക്കുള്ള മുന്നറിയിപ്പാണിത്” – ഇഡിക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജുവിനോട് കോടതി പറഞ്ഞു. അനധികൃത ഖനന ഇടപാടുകളിൽ പ്രേം പ്രകാശ് മുൻ മുഖ്യമന്ത്രി സോറനുവേണ്ടി കള്ളപ്പണം വെളുപ്പിച്ചെന്നാണു ഇഡി കേസ്. ജാർഖണ്ഡ് ഹൈക്കോടതി 2023 ജനുവരിയിൽ അദ്ദേഹത്തിന് ജാമ്യം നിഷേധിച്ചിരുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
| --- | --- | --- |
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______

☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**